www.malankaralibrary.com

# മൂന്നാം സഹസ്രാബ്ദി സ്വീകരണ കർമ്മപദ്ധതി



വി. കിളിച്ചിമല

www.malankaralibrary.com

# മൂന്നാം സഹസ്രാബ്ദി
# സ്വീകരണ കർമ്മപദ്ധതി

www.malankaralibrary.com

(Malayalam)

MOONNAM SAHASRABDI
SWEEKARANA KARMA PADHATHI

A Scheme for Evangelisation

By

**V. KILICHIMALA**

First Published
March 1996

Copies 1000

Price Rs. 20/—

Copyright
V. Kilichimala

Published by
V. Kilichimala

Distribution:
Santhinilayam, Tiruvalla-689101

Printed at
Padipurackal Printers, Tiruvalla.

Cover design:
Mathews Orathel
Beam Communication, Ktm.

www.malankaralibrary.com

# മൂന്നാം സഹസ്രാബ്ദി
# സ്വീകരണ കർമ്മപദ്ധതി

ഗ്രന്ഥകർത്താവ്
വി. കിളിച്ചിമല

വിതരണം
ശാന്തിനിലയം,
തിരുവല്ലാ—689101

വില Rs. 20/-

www.malankaralibrary.com

# വി. കിളിച്ചിമലയുടെ കൃതികൾ

മൂന്നാം സഹസ്രാബ്ദി, ഒരു സ്വീകരണപദ്ധതി
വിഹഗ വീക്ഷണം (ഒന്നാംഭാഗം)
ഓർമ്മയുടെ ചിത്രശാല (ഒന്നാംപുസ്തകം)
പുലരിപ്പൂക്കൾ (കവിതാസമാഹാരം)
അന്നം പാലേ കുടിച്ചിടൂ (സാഹിത്യലേഖനങ്ങൾ)
വി. ജോൺ വിയാനി (ജീവചരിത്രം)
മോൺ. തോമസ് വടശ്ശേരി ( ,, )
വി. ബർണദീത്താ ( ,, )
മാർ ഈവാനിയോസ്, ഒരു പഠനം
ആദർശ ദീപങ്ങൾ (ജീവിതചിത്രീകരണം)
രജതരശ്മികൾ ( ,, )
വിശ്രമവും വിചിന്തനവും (പ്രബന്ധങ്ങൾ)
എക്യുമെനിസം (പ്രബന്ധം)
ഐക്യത്തിന്റെ വിളി ( ,, )
അന്ത്യോക്യയോ റോമയോ? ( ,, )
കണ്ണുതുറപ്പിച്ച വട്ടിപ്പണം (കഥാപ്രസംഗം)
70 വർഷം പുസ്തകപ്രസാധനം (പ്രബന്ധം)
കേരളസഭാചരിത്രപ്രശ്നങ്ങളും
ഷെവ വി. സി. ജോർജിന്റെ ഗവേഷണനിഗമനങ്ങളും

www.malankaralibrary.com

# പ്രസ്താവന

ആഗോളതല ഒരുക്കങ്ങൾ മൂന്നാം സഹസ്രാബ്ദിയുടെ ഉദയത്തെ സ്വീകരിക്കാൻ ഉയർന്നു. കത്തോലിക്കാതലം സംരംഭമിട്ടതു് ''സുവിശേഷവല്ക്കരണദശക''ത്തിനത്രേ. 1989—ൽ അതിനു പ്രഖ്യാപനമുണ്ടായി. 1990 ക്രിസ്മസ് മുതൽ 2000 ക്രിസ്മസ്വരെയത്രേ ആ പ്രഖ്യാപിതദശകം. Luman 2000 എന്നൊരു പദ്ധതി രൂപം കൊണ്ടു; New Evangelisation 2000 എന്നൊരു പ്രസിദ്ധീകരണം വിവിധ ഭാഷകളിൽ പ്രസിദ്ധീകൃതമാകയും ചെയ്തു.

ഫാ. ജിനോ ഹെൻട്രിക്സ് സി. എസ്. എസ്. ആർ-ന്റെ ശ്രദ്ധ സുവിശേഷവല്ക്കരണദശകത്തിലേക്കായി. അഖിലേന്ത്യാകരിസ്മാററിക് പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുകയായിരുന്നു അദ്ദേഹം തൊട്ടുമുമ്പുള്ള ഏട്ടുവർഷം. സിംഗപ്പൂർ കേന്ദ്രമാക്കി സുവിശേഷവല്ക്കരണപ്രവർത്തനം തുടങ്ങുകയത്രേ അദ്ദേഹം തുടർന്നു ചെയ്തതു്; ന്യൂ ഇവാൻജലൈസേഷൻ 2000–ന്റെ പ്രസിദ്ധീകരണത്തിൽ ജാഗരൂകത കാട്ടുകയും ചെയ്തു.

സുവിശേഷവല്ക്കരണദശകസംരംഭത്തിനു കേരളത്തിൽ മുൻകൈ എടുത്തതു് ''പ്രേഷിതകേരള''മായിരുന്നു; നേതൃത്വം കൊടുത്തതു് ഈ ലേഖകനും. പ്രേഷിതകേരളം പത്രാധിപർ എന്ന നിലയിൽ അതിനു വഴിതെളിഞ്ഞു. പുതിയപദ്ധതികൾ ഊന്നൽകൊടുത്തുകൊണ്ടു മാസികയിൽ ലേഖനങ്ങൾ നിരന്നു. New Evangelisation 2000—നെ അവലംബമാക്കിയാണ് ആ ലേഖനങ്ങൾ ക്രമപ്പെടുത്തിയതു്. ''സുവിശേഷസാക്ഷ്യം'' എന്നൊരു കർമ്മപദ്ധതിയും ആസൂത്രിതമായി. പൊന്തിഫിക്കൽ സെമിനാരി റെക്ടർ വെരിറവ. ഡോക്ടർ ജോസഫ് തെക്കിനേടത്തും അന്നത്തെ സെമിനാരി കൗൺസിലും കർമ്മപദ്ധതി അംഗീകരിച്ചു. പ്രേഷിതകേരളത്തിലൂടെ പദ്ധതി പ്രാവർത്തികമാക്കിത്തുടങ്ങി.

''സുവിശേഷസാക്ഷ്യം'' കർമ്മപദ്ധതിയുടെ കരടുരൂപം അഭിവന്ദ്യപിതാക്കന്മാർക്കു അയച്ചുകൊടുത്തു. പിതാക്കന്മാരുടെ അനുഗ്രഹാശീർവാദങ്ങൾ പദ്ധതിയെ ഉത്തേജിപ്പിച്ചു. അത്യ.കർദ്ദിനാൾ മാർ ആന്റണി പടിയറ, മോസ്റ്റ് റവ. ബനഡിക്ട് മാർ ഗ്രീഗോറിയോസ്, മോസ്റ്റ് റവ. മാർ ജോസഫ് പൗവ്വത്തിൽ, റൈററ് റവ. ഡോ. കുരീത്തടം, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, ഗീവറുഗീസ് മാർ തീമോത്തിയോസ്, മാർ ജയിംസ് പഴയാററിൽ, മാർ പോൾ ചിററിലപ്പള്ളി, മാർ ജോസഫ് ഇരിമ്പൻ, മാർ മാത്യു വട്ടക്കുഴി എന്നീ

www.malankaralibrary.com



പിതാക്കന്മാർ അന്നു നല്കിയ ആശംസകൾ ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. വിലയേറിയ ഈ അനുഗ്രഹങ്ങൾ കേരളത്തിലെ സുവിശേഷവല്ക്കരണത്തെ ഉണർത്തട്ടെ.

പദ്ധതിക്ക നാടൊട്ടുക്കു സ്വാഗതം ലഭിച്ചു; പലരും അംഗങ്ങളായി ചേർന്നു. യൂണിററുകളിലൂടെ ഗ്രൂപ്പുപ്രവർത്തനം തുടങ്ങി. ഗ്രൂപ്പുപ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ മാസികയിൽ പ്രത്യക്ഷപ്പെട്ടു. കർമ്മപരിപാടിയുടെ വിശദീകരണങ്ങൾ തുടരെ നിരന്നു. സുവിശേഷവല്ക്കരണം സംബന്ധിച്ച ലേഖനങ്ങൾ അനേകരെ ആവേശം കൊള്ളിച്ചു. സുവിശേഷവളർച്ചയ്ക്കു കൊതിക്കുന്നവർ നാട്ടിൽ ധാരാളമുണ്ടായി. കത്തുകൾ തുടരെ വന്നു. ഒരെണ്ണം ഉദ്ധരിക്കുന്നു:

''Dear Rev. Father,

Duriug my holidays in Kerala, I came to know your wonderful scheme which you have launched for the decade leading to the next millennium. Kindly send me some literature connected with it except those you publish periodically in Preshitha keralam. Iam very much interested. Kindly favour me with the existing and available literature

Fr. A. Puthenkalam, Raichur, 584101, Karnataka

മാനുവലിനു ആവശ്യമുയർന്നു, എങ്കിലും രൂപപ്പെട്ടു കഴിഞ്ഞിരുന്നില്ല. വലിയ മാനുവലാണ് സങ്കല്പിച്ചതു്. ''സുവിശേഷസാക്ഷ്യം'' എന്തു്? എങ്ങിനെ? എന്നു വെളിപ്പെടുത്തണം. അതിൻെറ ലക്ഷ്യങ്ങൾ, അടിസ്ഥാനതത്വങ്ങൾ, അംഗങ്ങൾ, പ്രവത്തനരീതി, യൂണിററുകൾ, ഗ്രൂപ്പുപ്രവർത്തനം, യൂണിററുചർച്ച, പ്രതിമാസറിപ്പോർട്ട്, ഇടവകനവീകരണം, സുവിശേഷാധിഷ്ഠിതകുടുംബം, മാധ്യമവിനിയോഗം– എല്ലാം സമഗ്രമായി ഉൾപ്പെടുത്തണം. എല്ലാം സാധിക്കുന്നതിനു സാവകാശം കൂടിയേ തീരൂ. എന്നാലും അതിദ്രുതം മാനുവൽ പ്രസിദ്ധീകരണത്തിനു പ്ലാനിട്ടു.

വിഘ്നം കൂടാതെ ഒഴുക്ക സുവിശേഷസാക്ഷ്യത്തിനു ലഭിച്ചില്ല. 1992–ൽ ഈ ലേഖകനു പ്രേഷിതകേരളത്തോടു വിടപറയേണ്ടി വന്നു. ഈ കമ്മപദ്ധതി പ്രേഷിതകേരളം തുടന്നില്ല. മററു പ്രസിദ്ധീകരണങ്ങളും അതു തുടരാൻ അവസരംനല്കിയില്ല.

തുടക്കമിട്ട യൂണിററുകൾ കേന്ദ്രനിർദ്ദേശം ലഭിക്കാതെ മുരടിച്ചു. അവരുടെ മുറവിളി ഉയർന്നു. കർമ്മപദ്ധതിയുടെ പ്രസിദ്ധീകൃതമായ ഭാഗമെങ്കിലും സമാഹരിക്കുന്നതിനത്രേ

www.malankaralibrary.com



ആവശ്യമുയർന്നത്. "മൂന്നാം സഹസ്രാബ്ദി, സ്വീകരണകർമ്മ പദ്ധതി" പ്രസിദ്ധീകരിക്കാൻ തന്മൂലം നിർബന്ധിതമായി. ഇതിനോട് സഹകരിച്ചവർക്കെല്ലാം ലേഖകന്റെ ഹൃദയപൂർവ്വമായ നന്ദി.

1989, 90, 91, 92 എന്നീ വർഷങ്ങളിലാണ് കർമ്മപരിപാടി സംബന്ധിച്ച ഈ ലേഖനങ്ങൾ തയ്യാറാക്കിയത്. 1996–ൽ കേരളത്തിലെ അഭിവന്ദ്യ പിതാക്കന്മാരുടെ സംയുക്ത ഇടയലേഖനം മൂന്നാം സഹസ്രാബ്ദിയെക്കുറിച്ചുണ്ടായി. അതിൽ പറയുന്നു: "ചരിത്രത്തിൽ ഇന്നുവരെ ആഘോഷിച്ചിട്ടുള്ളതിനേക്കാൾ മഹത്തായ ജൂബിലിയാണ് രക്ഷകന്റെ പിറവിയുടെ 2000–ാം വർഷത്തിൽ സഭ ആഘോഷിക്കുന്നത്. അതിനാൽ സഭയെ സംബന്ധിച്ചിടത്തോളം വർദ്ധിതമായ ആഹ്ളാദത്തിനും ആന്തരികനവീകരണത്തിനും പരിവർത്തനത്തിനുമുള്ള അവസരമാണിത്"

ഇത്രയും കുറിച്ചുകഴിഞ്ഞപ്പോൾ പൂനയിലെ ജ്ഞാന–ദീപ വിദ്യാപീഠത്തിലെ പ്രൊഫ. ഫാ. പോൾ പാറത്താഴത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട സർവ്വേയും പഠന റിപ്പോർട്ടും ചേർത്ത സത്യദീപം (1996 മാർച്ച് 13) കിട്ടി. ഇക്കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി കത്തോലിക്കാസഭാ കൂട്ടായ്മയിൽനിന്നു വേലിപൊളിച്ചു പുറത്തുചാടിയ ഗണ്യമായ ഒരു കൂട്ടത്തെയാണു റിപ്പോർട്ട് പരാമർശിക്കുന്നത്. വിശ്വാസത്തകർച്ചയും സഭാവബോധത്തിന്റെ കുറവുമാണിതു കാണിക്കുന്നതെന്നതിനു തർക്കമില്ല. സുവിശേഷസാക്ഷ്യം പ്രതീക്ഷിച്ചതുപോലെയുള്ള ഏതാനും ഗ്രൂപ്പുകൾ ഓരോ ഇടവകയിലും പ്രവർത്തിച്ചിരുന്നെങ്കിൽ ഇത്തരം കെടുതി ഉണ്ടാകുമായിരുന്നില്ല. തുടക്കമിട്ട സാക്ഷ്യപദ്ധതി മുടങ്ങിപ്പോയിട്ടുണ്ടെങ്കിൽ ഇനിയും ഉണരട്ടെ.

തിരുവല്ലാ പടിപുരയ്ക്കൽ പ്രിന്റേഴ്സ് ആണ് ഇതിന്റെ മുദ്രണം നിർവ്വഹിച്ചിട്ടുള്ളത്; കവർ ഡിസൈനിംഗിന്റെ കലാഭംഗി കോട്ടയം ബീംകമ്യൂണിക്കേഷൻസിന്റേതും. മുദ്രണത്തിന്റെയും കലാവിരുതിന്റെയും സംതൃപ്തി അനുവാചകഹൃദയങ്ങളിൽ ഉയർത്തുന്ന ആ കലാകാരന്മാർക്കു നന്ദി പ്രകടിപ്പിക്കട്ടെ.

മൂന്നാം സഹസ്രവത്സരത്തിന്റെ ഉദയമേ, സ്വാഗതം. നിനക്കുവേണ്ടി തയ്യാറാക്കപ്പെട്ട പണിതീരാത്ത ഈ വീട് സദയം സ്വന്തമാക്കിയാലും.

ക്ലേർജിഹോം, പുഷ്പഗിരി,
തിരുവല്ല–689101; 25–3–1996 } ഗ്രന്ഥകർത്താവ്

www.malankaralibrary.com

# ഉള്ളടക്കം


| അദ്ധ്യായം | വിഷയം | പുറം |
|---|---|---|
| 1 | അംഗീകരിക്കപ്പെടുന്ന കർമ്മപദ്ധതി | 9 |
| 2 | സുവിശേഷസാക്ഷ്യം | 20 |
| 3 | സംശയങ്ങൾക്ക് മറുപടി | 23 |
| 4 | പദ്ധതിയുടെ ലഘു വിശദീകരണം, | |
| I | ലക്ഷ്യങ്ങൾ | 28 |
| II | മൂന്ന് അടിസ്ഥാന തത്വങ്ങൾ | 35 |
| III | ആർക്കൊക്കെ സഹകരിക്കാം | 37 |
| IV | പരിപാടി ആവശ്യപ്പെടുന്ന കാര്യങ്ങൾ | |
| (1) | സുവിശേഷ പരിചയം | 39 |
| (2) | സുവിശേഷാവബോധം | 41 |
| (3) | സുവിശേഷാവിഷ്കാരം | 46 |
| (4) | പ്രാർത്ഥന | 48 |
| (5) | ജീവിതത്തിൽ പകർത്തപ്പെടുന്ന സുവിശേഷം | 50 |
| (6) | സുവിശേഷ സാക്ഷ്യത്തിനു സഹായകമായ വായന | 53 |
| (7) | ആവിഷ്കാരം മാധ്യമങ്ങളിലൂടെ | 55 |
| (8) | യൂണിററ് പ്രവർത്തനം | 57 |
| 5 | ഇടവക നവീകരണം | |
| I | ഇടവകയെ ഉണർത്താമോ? | 64 |
| II | ഇടവകയും നിസ്സംഗതയും | 66 |
| III | ഇടവക ജനം മൂന്നുവിധം | 69 |
| IV | ഇടവക ലക്ഷ്യാധിഷ്ഠിതമാകണമെങ്കിൽ | 71 |
| V | ഇടവക ആത്മശോധന നടത്തുമെങ്കിൽ I | 74 |
| | ,, ,, II | 76 |
| | ,, ,, III | 78 |
| 6 | ഇടവകയും സാംസ്കാരിക തലവും | 84 |
| 1 | പാരീഷ് ലൈബ്രറി | 81 |
| 2 | പാരീഷ് റീഡിംഗ്റൂം | 83 |
| 7 | സുവിശേഷവൽക്കരണത്തിൽ മാധ്യമങ്ങൾക്കുള്ള പങ്ക് | |
| 1 | പ്രേഷിത മനസ്ഥിതിയും മാധ്യമങ്ങളും | 85 |
| 2 | പ്രേഷിതത്വം അകമേയും പുറമേയും | 91 |
| 8 | അനുബന്ധം: സഭയും സുവിശേഷവൽക്കരണവും | 95 |

www.malankaralibrary.com

# 1

# അംഗീകരിക്കപ്പെടുന്ന കർമ്മപരിപാടി

സുവിശേഷവൽകരണദശകത്തെക്കുറിച്ചുള്ള പ്രഖ്യാപനം 1989-ലുണ്ടായി. മൂന്നാം സഹസ്രാബ്ദിയെ സ്വാഗതം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 1990 ഡിസംബർ 25 മുതൽ 2000 ഡിസംബർ 25 വരെയുള്ള പത്തുവർഷമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ''സുവിശേഷസാക്ഷ്യം'' എന്നൊരുകർമ്മ പരിപാടി ഈ ലേഖകൻ ആസൂത്രണം ചെയ്തു, പ്രേഷിതകേരളത്തിൻെറ ആഭിമുഖ്യത്തിൽ പ്രായോഗികമാക്കുന്നതിന്. പ്രേഷിതകേരളം സമിതി അംഗങ്ങളും ആലുവാ സെമിനാരിയിലെ എൻെറ ശിഷ്യന്മാർ പലരും പിന്താങ്ങി സഹായിച്ചു. അന്നു പൊന്തിഫിക്കൽ സെമിനാരി റക്ടർ ആയിരുന്ന വെരി റവ. ഡോക്ടർ ജോസഫ് തെക്കിനേടത്തും സെമിനാരി കൗൺസിലും പ്രസ്തുത പരിപാടി അംഗീകരിച്ചു. കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാർ ഈ കാലോചിതനീക്കത്തെ അംഗീകരിക്കുകയും ആശീർവദിക്കുകയും ചെയ്തു.

### *1. അത്യുന്നത കർദ്ദിനാൾ മാർ ആൻറണി പടിയറ*

''പ്രേഷിതകേരളത്തിൻെറ ആഭിമുഖ്യത്തിൽ രൂപപ്പെടുന്ന ''സുവിശേഷസാക്ഷ്യം'' എന്ന കർമ്മപദ്ധതിയെക്കുറിച്ചറിയുന്നതിൽ സന്തോഷിക്കുന്നു. രണ്ടാംസഹസ്രാബ്ദിക്ക് ഒരുക്കമായുള്ള ഈ പദ്ധതി വ്യക്തികളിലും സമൂഹത്തിലും സുവിശേഷാവബോധം വളർത്തിയെടുക്കുന്നതിന് ഉപകരിക്കുമെന്നതിൽ സംശയമില്ല. എല്ലാ ജീവിതാവസ്ഥയിലുമുള്ള വിശ്വാസികൾക്ക് പങ്കുചേരാവുന്ന ഈ കർമ്മപരിപടി ഇന്നു പ്രകടമാകുന്ന മന്ദത നീക്കം ചെയ്യുന്നതിനും സുവിശേഷാരൂപിയിലുള്ള നവോത്ഥാനം കൈവരുത്തുന്നതിനും അനേകർക്ക് സഹായകമാകുമെന്ന് പ്രത്യാശിക്കാം. ഗ്രൂപ്പ് പ്രവർത്തനങ്ങളും

www.malankaralibrary.com



പ്രാത്ഥനാ സമ്മേളനങ്ങളും ബൈബിൾപഠനങ്ങളും ആ ലക്ഷ്യപ്രാപ്തിക്ക് ഉതകുന്നവയാണ്.

ഈ 'സുവിശേഷവത്ക്കരണ ദശക'ത്തിൽ പ്രാവർത്തികമാവുന്ന ഈ പദ്ധതി ധാരാളം സൽഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് പ്രാത്ഥനാപൂർവ്വം ആശംസിക്കുന്നു.

+കർദ്ദിനാൾ ആൻറണി പടിയറ
എറണാകുളം മെത്രാപ്പോലീത്ത

## 2. മോൺ്റാറ് റവ. ബനഡിക്ട് മാർ ഗ്രിഗോറിയോസ്

യേശുക്രിസ്തുവിൻെറ കാലത്തോടടുത്തുതന്നെ സുവിശേഷവെളിച്ചം ലഭിക്കുവാനുള്ള മഹാഭാഗ്യം നമുക്കുണ്ടായി. യൂറോപ്പിലെ അനേകരാജ്യങ്ങൾക്ക് ഈ അനുഗ്രഹം ലഭിച്ചതു് നൂററാണ്ടുകൾക്കു ശേഷമാണ്. യൂറോപ്പിൽ സുവിശേഷം പ്രചരിപ്പിക്കുകയും പാശ്ചാത്യലോകം മുഴുവൻ അതിൻെറ നന്മ അനുഭവിക്കുകയും ചെയ്തു. പാശ്ചാത്യസംസ്കാരത്തിന് എന്തെല്ലാം കുറവുകളുണ്ടെങ്കിലും അതിൻെറ അന്തസ്സത്ത ക്രിസ്തീയമൂല്യങ്ങളാണ്.

പാശ്ചാത്യരാജ്യങ്ങളെ അപേക്ഷിച്ച് ഭാരതത്തിൽ ആദ്ധ്യാത്മികആഭിമുഖ്യം കൂടുതൽ പ്രകടമാണെന്നുവരികിലും ഈ രാജ്യത്ത് സുവിശേഷവേല നാമമാത്രമായിട്ടേ നടന്നിട്ടുള്ളു. എന്തെല്ലാം ഒഴിവുകഴിവുകൾ നാം എടുത്തുകാട്ടിയാലും ഇതിനുള്ള യഥാത്ഥകാരണം നമ്മുടെ അലസതയും പ്രേഷിതചൈതന്യത്തിൻെറ കുറവുമാണെന്നുള്ളതിനു സംശയമില്ല.

രക്ഷകൻ അവതരിച്ചിട്ട് രണ്ടായിരം വർഷം തികയുവാൻ പോകുന്ന ഈ അവസരത്തിൽ കൂടുതൽ ഉത്സാഹത്തോടുകൂടി നമ്മുടെ മിഷനറിഉത്തരവാദിത്വം നാം നിർവ്വഹിക്കേണ്ടതുണ്ട്. ഭാരതത്തിലെ ഇന്നത്തെ സാഹചര്യത്തിൽ ഈ കർത്തവ്യം നാം നിറവേററേണ്ടതു് പ്രധാനമായും ക്രിസ്തീയസ്നേഹത്തിൻെറ അനുഭവത്തിലൂടെയാണ്. ക്രിസ്തുവിൽ എല്ലാവരേയും സഹോദരങ്ങളായി അംഗീകരിക്കുവാനും അങ്ങനെ എല്ലാ നന്മകളും മററുള്ളവരുമായി കലവറകൂടാതെ

www.malankaralibrary.com



പങ്കുവയ്ക്കാനും നാം തയ്യാറാകണം. ആദ്യമേ ഇത്തു സഭാമക്കളുടെ ഇടയിൽത്തന്നെ പ്രകടമാകണം. എല്ലാ വിവേചനകളും മാററിവച്ചുകൊണ്ട്, നിഷ്കളങ്കമായി സഹോദരതുല്യം എല്ലാവരോടും പ്രത്യേകിച്ച് അവശരും മർദ്ദനം അനുഭവിക്കുന്നവരുമായ സഭാമക്കളോട് നാം വർത്തിക്കാതെ നമ്മുടെ ക്രിസ്തീയജീവിതത്തിന് യാതൊരു അർത്ഥവുമില്ല.

സുവിശേഷപ്രചാരണത്തിന് ഹൃദയപരിവർത്തനമാണ് ഒന്നാമത്തെ വ്യവസ്ഥ. ''ദൈവരാജ്യം സമീപിച്ചിരിക്കുന്ന മാനസാന്തരപ്പെടുവിൻ'' എന്നായിരുന്നല്ലോ യോഹന്നാൻ മംദാനയുടേയും ദിവ്യരക്ഷകൻെറതന്നെയും പ്രാരംഭ ആഹ്വാനം. ഇന്നും ഇതുതന്നെയാണ് അടിയന്തിരമായി നാം അനുവർത്തിക്കേണ്ടതു്.

ഹൃദയപരിവർത്തനവും തീക്ഷ്ണമായ പ്രാർത്ഥനയും കഠിന അദ്ധ്വാനവും പൂർണ്ണമായ പരിത്യാഗവും വഴിയായി നമ്മുടെ കർത്താവിനു വഴിയൊരുക്കുവാനും അങ്ങനെ രക്ഷയുടെ മൂന്നാംസഹസ്രാബ്ദത്തിനു നാന്ദികുറിക്കവാനും നമുക്കിടയാകട്ടെ!

+ബനഡിക്ട് മാർ ഗ്രിഗോറിയോസ്
തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്താ.

### 3. മോസ്ററ് റവ. മാർ ജോസഫ് പൗവ്വത്തിൽ

പ്രേഷിതകേരളത്തിൻെറ ആഭിമുഖ്യത്തിൽ 'സുവിശേഷസാക്ഷ്യം' എന്ന പേരിൽ ഒരു പ്രേഷിതസംരംഭം ആരംഭിക്കുന്നതിൽ സന്തോഷമുണ്ട്. നമുക്കു നല്കപ്പെട്ടിരിക്കുന്ന സന്ദേശം മററുള്ളവക്ക് നല്കുന്നതിനുള്ള ഏതു ശ്രമവും ശ്ലാഘനീയമാണ്. പ്രത്യേകിച്ച് ക്രൈസ്തവരെത്തന്നെ ചിന്താക്കുഴപ്പത്തിലാക്കുന്ന തരത്തിലുള്ള പ്രചാരണങ്ങൾ നടക്കുന്ന ഇക്കാലത്ത് പ്രേഷിതചൈതന്യം ഏറെ പ്രസക്തമാണ്. രണ്ടായിരമാണ്ട ലക്ഷ്യമാക്കി ലോകത്തെ മുഴുവൻ ക്രിസ്തുവിനായി സജ്ജമാക്കാനുള്ള പ. പിതാവിൻെറ ആഹ്വാനത്തിൽ പങ്കുചേരുവാൻ നമുക്കെല്ലാവക്കും കടമയുണ്ട്.

+ജോസഫ് പൗവ്വത്തിൽ
ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത

www.malankaralibrary.com



## 4 റൈററ് റവ. ഗീവറുഗീസ് മാർ തിമോത്തിയോസ്

പ്രിയ കിളിച്ചിമലയച്ചാ,

പ്രേഷിതകേരളത്തിൻെറ ആഭിമുഖ്യത്തിൽ ക്രമീകരിച്ചിരിക്കുന്ന ''സുവിശേഷസാക്ഷ്യം'' എന്ന കർമ്മപദ്ധതി തികച്ചും കാലാനുസൃതവും ഉചിതവുമായിരിക്കുന്നു. ഒരു ക്രൈസ്തവൻ അടിസ്ഥാനപരമായി സുവിശേഷശുശ്രൂഷകനാണ്. ക്രിസ്തുവിൻെറ തിരുപ്പിറവിയിൽതന്നെ ദൈവദൂതൻ ആട്ടിടയന്മാരെ അറിയിച്ച ''വലിയ സന്തോഷത്തിൻെറ സദ്വാർത്തയാണ്''' യഥാർത്ഥ സുവിശേഷം (ലൂക്കാ 2:10) ഈ സുവിശേഷം ക്രിസ്തു എന്ന വ്യക്തിയാകുന്നു. ആദിയിലെ ഉണ്ടായിരുന്ന വചനത്തെ സ്വീകരിക്കുകയും അനുഭവിക്കുകയും വ്യക്തിജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നതിലാണ് സുവിശേഷവത്ക്കരണം അടങ്ങിയിരിക്കുന്നത്. ഈ അനുഭവത്തിൻെറ പ്രഘോഷകരായിട്ടാണ് നാം എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നതും.

2000—ാമാണ്ടോടുകൂടി ലോകത്തിൽ എല്ലായിടത്തും എല്ലാ മനുഷ്യരും സുവിശേഷം അറിയുവാനുള്ള ഒരു ആത്മീയ പദ്ധതിയാണല്ലോ ''സുവിശേഷവത്ക്കരണ ദശകം''. ഇതോടനുബന്ധിച്ച് ''സുവിശേഷസാക്ഷ്യം'' എന്ന കർമ്മപദ്ധതി വളരെ ശ്രദ്ധേയമായിരിക്കുന്നു. ഇത്രയും കാലമായിട്ടും, എന്തുകൊണ്ട് ഭാരതത്തിൽ, കേരളത്തിൽ, സുവിശേഷവേല പരിമിതപ്പെട്ടുപോയി എന്നതിനെപ്പററി തുറന്ന, ആത്മാർത്ഥമായ വിലയിരുത്തലും വിചിന്തനവുമാണ് ഇന്നാവശ്യം. സാക്ഷ്യത്തിൻെറ പ്രചോദനം വളരെ പ്രകടമായിത്തന്നെ നമുക്ക് കുറവാണ് എന്ന് സമ്മതിക്കുക. ''ആദിയിൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവൻെറ വചനത്തെപ്പററി ഞങ്ങൾ അറിയിക്കുന്നു'' (1 യോഹ. 1:1). വി. യോഹന്നാൻശ്ലീഹായുടെ ഈ വാക്കുകൾ സുവിശേഷവത്ക്കരണത്തിൻെറ അടിസ്ഥാനസ്വഭാവമാണ്. ഈ ദർശനം പ്രാപിക്കുന്നതിന് മാനസാന്തരപ്പെടുകയെന്ന കവാടം

www.malankaralibrary.com



തുറക്കപ്പെടണം. അതു ദൈവരാജ്യത്തിലേക്കുള്ള യഥാർത്ഥ വാതിലാകുന്നു.

സകല ജനതയോടും ഈ അനുഭവം സാക്ഷ്യപ്പെടുത്തുവാൻ നാമെല്ലാവരും നിയോഗിക്കപ്പെട്ടിരിക്കുകയാണ്. സകലജനത്തിനുമുള്ള "മഹാസന്തോഷമാണല്ലോ" ആട്ടിടയന്മാർക്ക് നല്കപ്പെട്ടത്. "ജെറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അപ്പ. പ്രവ 1:8). അതുകൊണ്ടു നമ്മുടെ കർത്താവിനെ വ്യക്തിപരമായി അറിഞ്ഞ് പങ്കുവയ്ക്കുകയാണു യഥാർത്ഥ സുവിശേഷ സാക്ഷ്യം. ഇത് ഒരു കല്പനയെന്നതിലുപരി ക്രൈസ്തവന്റെ ആനന്ദവും സന്തോഷവുമാണ്. യോഹന്നാൻശ്ലീഹ ഇതിനെക്കുറിച്ച് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. "ഞങ്ങൾ ഇതെഴുന്നത് ഞങ്ങളുടെ സന്തോഷം പൂർണ്ണമാകാനാണ്" (1 യോഹ. 1:4).

പ്രേഷിതകേരളത്തിന്റെ "സുവിശേഷസാക്ഷ്യ" പദ്ധതിയോടു സഹകരിക്കുന്ന ഏവരുടെയും സന്തോഷം പൂർണ്ണമായി ഭവിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. തന്റെ വചനത്തെ ലോകത്തിലേക്ക് അയയ്ക്കുകയും തന്റെ പരിശുദ്ധാത്മാവിനാൽ എല്ലാററിനേയും നവീകരിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്ന പിതാവായ ദൈവത്തിന് നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും മഹത്വം ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കാം.

+ഗീവറുഗീസ് മാർ തിമോത്തിയോസ്, തിരുവല്ലാ മെത്രാൻ

## 5. റൈററ് റവ. മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ

പ്രേഷിതകേരളം വിഭാവനം ചെയ്തിട്ടുള്ള സുവിശേഷസാക്ഷ്യം എന്ന കർമ്മപദ്ധതി തികച്ചും അഭിനന്ദനാർഹമാണ്. ഈ സുവിശേഷവത്ക്കരണദശകത്തിൽ ഉണർന്നു പ്രവർത്തിക്കുവാൻ ഓരോ ക്രൈസ്തവനും ഉള്ള കടമ അനുസ്മരിച്ചുകൊണ്ട് സ്വയം സുവിശേഷചൈതന്യത്തിൽ

www.malankaralibrary.com



വളരുവാനും ആ ചൈതന്യം കൂട്ടായ പ്രവർത്തനംവഴി അന്യരിലേക്കു പകരുവാനും ഈ സംരംഭം സഹായകമായിരിക്കും. അന്യരുടെ വിശുദ്ധീകരണം സ്വയം വിശുദ്ധീകരണത്തിലൂടെയാണല്ലോ ആരംഭിക്കേണ്ടത്.

പ്രേഷിതകേരളത്തിന്റെ ആഭിമുഖ്യത്തിലുള്ള ഈ കർമ്മപദ്ധതിക്ക് എല്ലാ വിജയവും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

+ ജോസഫ് പള്ളിക്കാപ്പറമ്പിൽ, പാലാരൂപതാ മെത്രാൻ

## *റൈററ് റവ. ഡോ. ജോസഫ് കുരീത്തറ*

പ്രിയ വർഗീസച്ചാ,

''സുവിശേഷസാക്ഷ്യം'' എന്ന പേരിൽ മൂന്നാം സഹസ്രാബ്ദിക്ക് ഒരുക്കമായി ഒരു കർമ്മപദ്ധതി പ്രേഷിതകേരളത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. കേരളത്തിലെ കത്തോലിക്കരായ നാം സ്വയം ആത്മശോധന ചെയ്യുന്നതിനുള്ള ഒരു നല്ല അവസരമാണിത്. അപ്പസ്തോലന്മാരായ വി. തോമസും വി. ബത്തലോമെയും നമ്മുടെ ഭാരതമണ്ണിൽ സുവിശേഷവെളിച്ചം കൊണ്ടുവന്നു. അനേകായിരം വിദേശമിഷനറിമാർ നമ്മുടെ നാട്ടിൽ വന്നു ക്രിസ്തുവിനുവേണ്ടി അക്ഷീണം പ്രയത്നിച്ചു. എന്നാൽ നാം എന്തു ചെയ്തു? സ്വീകരിച്ച സുവിശേഷവെളിച്ചം മററുള്ളവർക്കു പകർന്നുകൊടുക്കാതെ ഇക്കഴിഞ്ഞ 20 നൂററാണ്ടുകാലംതന്നെ ''കാത്തുസൂക്ഷിക്കുക'' മാത്രം ചെയ്തു. ഏകദേശം അരനൂററാണ്ടുകാലം മുമ്പു മാത്രമാണ് കേരളത്തിൽനിന്നു മിഷനറിമാർ വടക്കെ ഇന്ത്യയിലേക്കു പ്രയാണം ആരംഭിച്ചതു. കേരളത്തിൽത്തന്നെ എത്രയോ ജനങ്ങൾ യേശുവിന്റെ സ്നേഹം എന്തെന്നു് ഇനിയും ഗ്രഹിക്കുവാനാവാതെ ജീവിക്കുന്നു! വിദേശമിഷനറിമാർ വന്നില്ലായിരുന്നെങ്കിൽ ഇന്ത്യയിലെ കത്തോലിക്കരുടെ സംഖ്യ എത്ര നിസ്സാരമായിരുന്നേനെ!

സുവിശേഷവത്ക്കരണദശകമായി ആരംഭിക്കുന്ന ഈ പരിപാടി വിജയപ്രദമാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

www.malankaralibrary.com



മാതൃകാപരമായ ക്രിസ്തീയജീവിതം നയിച്ചുകൊണ്ട് മററുള്ളവരെ യേശുവിങ്കലേയ്ക്ക് ആനയിക്കുവാനുള്ള ഉത്തേജനം നല്കുവാൻ പ്രേഷിതകേരളത്തിൻെറ ''സുവിശേഷസാക്ഷ്യം'' എന്ന പദ്ധതിക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

+ ജോസഫ് കരീത്തറ, കൊച്ചിരൂപതാ മെത്രാൻ

## 7. മൈററ് റവ. മാർ പോൾ ചിററിലപ്പിള്ളി

മൂന്നാം സഹസ്രാബ്ദിക്ക് ഒരുക്കമായി 'സുവിശേഷസാക്ഷ്യത്തിനു'' പ്രേഷിതകേരളം ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. പ്രസ്തുത കർമ്മപദ്ധതി ക്രൈസ്തവ ജീവിതത്തിൻെറ അടിസ്ഥാനതത്വങ്ങളിൽ ഊന്നിയിട്ടുള്ളതാണെന്നും ദൈവവചനം അനുദിനജീവിതത്തിൽ സ്വാധീനം ചെലുത്തുവാൻ സാധിക്കത്തക്കതാണെന്നുള്ളതും ശ്രദ്ധേയമാണ്. ഈ പദ്ധതി കാര്യക്ഷമമായി നടക്കുന്നതിനു് സഹായകമായിട്ടുള്ള സംഘാടകസംവിധാനവും ഉണ്ടാക്കുന്നതു വിജയസാദ്ധ്യതയ്ക്കു കാരണമാകും. ഈ പ്രസ്ഥാനത്തിനു് എല്ലാവിധ വിജയങ്ങളും നേരുന്നു. പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച് വികലമായ ചില ധാരണകൾ നമ്മുടെ സമൂഹത്തിൽ പ്രചരിച്ചുവരുന്ന സാഹചര്യത്തിൽ പ്രേഷിതദൗത്യത്തിൻെറ ഉത്തരവാദിത്വത്തിലേക്ക് ക്രൈസ്തവസമൂഹത്തെ തിരിച്ചു വിടേണ്ടതു് ഇന്നത്തെ വലിയൊരാവശ്യമാണ്.

രണ്ടാംവത്തിക്കാൻ സൂനഹദോസിൻെറ പ്രമാണരേഖകൾ പ്രേഷിതപ്രവർത്തനത്തിൻെറ പ്രാധാന്യത്തെ ശരിക്കും ഊന്നിപ്പറഞ്ഞിട്ടുണ്ട്. മതസ്വാതന്ത്ര്യം അഥവാ മനസ്സാക്ഷിസ്വാതന്ത്ര്യം എന്ന സൂനഹദോസ് പ്രഖ്യാപനം പ്രേഷിതദൗത്യത്തിന് വിരുദ്ധമായി കണക്കാക്കുന്നവരുണ്ട്. സത്യത്തിൽ പ്രേഷിതദൗത്യം മനസ്സാക്ഷിസ്വാതന്ത്ര്യത്തിനു് വിരുദ്ധമായിട്ടുള്ളതല്ല. സത്യത്തെ സംബന്ധിച്ചുള്ള പ്രായോഗികബുദ്ധിയുടെ നിഗമനത്തെയാണ് മനസ്സാക്ഷി എന്നു പറയുന്നതു്. സത്യത്തെ സംബന്ധിച്ച് ലഭിക്കുന്ന പ്രകാശത്തിൻെറ അടിസ്ഥാനത്തിലാണ് ബുദ്ധിപരമായ നിഗമനത്തിൽ എത്തുവാൻ കഴിയുക. സത്യംതന്നെയായ ദൈവത്തെപ്പററിയുള്ള

www.malankaralibrary.com



സമ്പൂർണ്ണഅറിവ് ദൈവംതന്നെ നല്കേണ്ട ഒരു ദാനമാണ്. ബുദ്ധിക്കു് ബോധ്യം വരത്തക്കവിധത്തിൽ ലഭിക്കുന്ന പ്രകാശമാണ് വിശ്വാസം. വിശ്വാസമെന്ന ദൈവികദാനം സത്യാന്വേഷകർക്ക് ദൈവം നല്കുന്ന സമ്മാനവുമാണ്.

ദൈവം വെളിപ്പെടുത്തിയ സത്യത്തിന്റെ മാർഗ്ഗം മററുള്ളവർക്ക് കാണിച്ചുകൊടുക്കുക എന്നുള്ളതാണ് പ്രേഷിത ദൗത്യം. സത്യമാർഗ്ഗം കണ്ടെത്താൻ കഴിഞ്ഞ ഏവർക്കും അതു മററുള്ളവർക്ക് കാണിച്ചുകൊടുക്കുവാനുള്ള ഗൗരവമായ ചുമതലയുണ്ട്. ക്രിസ്തു ദൈവപുത്രനാണെന്നും ലോകത്തെ ദൈവവുമായി രമ്യതപ്പെടുത്താൻ അയയ്ക്കപ്പെട്ടവനാണെന്നും വിശുദ്ധഗ്രന്ഥം വ്യക്തമായി കാണിച്ചുതരുന്നുണ്ട്. അതുകൊണ്ടാണു ക്രിസ്തുസന്ദേശം സ്വീകരിച്ചവർ ആദിമനൂററാണ്ടുമുതല്ക്കു തന്നെ പ്രേഷിതപ്രവർത്തനത്തിന്റെ സജീവവക്താക്കളായിത്തീർന്നത്. അതുകൊണ്ടുതന്നെയാണ് സഭ പ്രകൃത്യാ തന്നെ മിഷനറിയാണ് എന്നു രണ്ടാംവത്തിക്കാൻ സൂനഹദോസ് പ്രേഷിതപ്രവർത്തനം എന്ന ഡിക്രിയിൽ ഊന്നിപ്പറയുന്നതു് (AG. No. 2).

പ്രേഷിതപ്രവർത്തനത്തിൽനിന്നു് മാറി ഒരു സഭാസമൂഹത്തിനും സ്വന്തം വ്യക്തിത്വം പ്രകടമാക്കാനാവില്ല. പ്രേഷിതപ്രവർത്തനത്തിന്റെ ലക്ഷ്യം കൂടുതൽ ആളുകളെ നാമമാത്രമായി ക്രൈസ്തവരാക്കിത്തീർക്കുകയല്ല, മറിച്ച് ക്രിസ്തുസന്ദേശം ജീവിതത്തിൽ സ്വീകരിച്ച് ക്രിസ്തു വിഭാവനം ചെയ്ത സാഹോദര്യത്തിൽ ജീവിക്കുന്നതിനു് പ്രേരണ നല്കുകയാണ്. ഈ വശത്തിനു് കൂടുതൽ ഊന്നൽ നല്കേണ്ടതു് ഇന്നത്തെ ആവശ്യമാണ്. അടുത്തകാലത്ത് ഊന്നിപ്പറയാറുള്ള "നേരിട്ടുള്ള പ്രേഷിതപ്രവർത്തനം" (Direct Evangelisation) "പരോക്ഷമായ പ്രേഷിതപ്രവർത്തനം" (Indirect Evangelisation) എന്നൊക്കെയുള്ള പരാമർശം തന്നെ ക്രൈസ്തവദർശനത്തിന് നിരക്കാത്തതാണെന്നാണ് എന്റെ അഭിപ്രായം.

ക്രൈസ്തവവ്യക്തിയുടെയും സഭാ സമൂഹത്തിന്റെയും ദൗത്യം ക്രിസ്തുസന്ദേശം എല്ലാ സാഹചര്യങ്ങളിലും

www.malankaralibrary.com



മററുള്ളവക്ക നല്ലകയാണ്. അതു മററുള്ളവക്ക സ്വീകാര്യമായിത്തീരുമ്പോഠം അവർ ആ വിശ്വാസം സ്വീകരിക്കണമോ വേണ്ടയോ എന്നതു് അവരവരുടെ മനസ്സാക്ഷിക്ക വിടേണ്ട കാര്യമാണ്. ഇത്തരത്തിലുള്ള ഒരു സമീപനമാണ് പ്രേഷിതപ്രവർത്തനത്തിൻെറ കാതൽ. ദൈവവചനം പ്രസംഗിക്കകയും അതനുസരിച്ചു ജീവിക്കകയും ചെയ്യുമ്പോഠംമാത്രമേ ഈ ദൗത്യം നിവ്വഹിക്കപ്പെടുകയുള്ള (റോമ. 10:14–15). മൂന്നാം സഹസ്രാബ്ദിയിലേക്ക കടക്കുന്നതിനു് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് ഈ ദൗത്യത്തിൻെറ വിവിധമാനങ്ങഠം കണ്ടുപിടിക്കുന്നതിനു ശ്രമിക്കാം. അതിനു് "പ്രേഷിത കേരളം" ആവിഷ്കരിക്കുന്ന പദ്ധതി സഹായകമാകട്ടെ!

+മാർ പോഠം ചിററിലപ്പിള്ളി, കല്യാൺരൂപതാ മെത്രാൻ

### 8. റൈററ് റവ. മാർ ജോസഫ് ഇരിമ്പൻ

പ്രിയ ബഹു. കിളിച്ചിമലയച്ചാ,

ആലുവാ സെൻറ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന "പ്രേഷിതകേരളം" മാസികയുടെ ആഭിമുഖ്യത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന "സുവിശേഷസാക്ഷ്യം" എന്ന പദ്ധതിയുടെ കരടുരൂപം കാണുവാനിടയായി. വ്യക്തിയിലും സമൂഹത്തിലുംസുവിശേഷാവബോധം ഉളവാക്കാനുദ്ദേശിച്ചുകൊണ്ടുള്ള ഈ സംരംഭവുമായി സഹകരിക്കുന്ന ഏവക്കും തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ച് കൂടുതൽ അവബോധവും ഉഠംക്കാഴ്ചയും ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. ധാരാളം ആളുകഠം ഈ പദ്ധതിയുമായി സഹകരിച്ച് സുവിശേഷചൈതന്യം ഉഠംക്കൊള്ളുവാനും സുവിശേഷമൂല്യങ്ങഠം പ്രചരിപ്പിക്കുവാനും ഇടയാകട്ടെ. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ

+ജോസഫ് ഇരിമ്പൻ, പാലക്കാട്ടു രൂപതയുടെ മെത്രാൻ

### 9. റൈററ് റവ. മാർ മാത്യു വട്ടക്കുഴി

പ്രിയ ബഹു. അച്ചാ,

പ്രേഷിതകേരളത്തിൻെറ ആഭിമുഖ്യത്തിൽ സുവിശേഷസാക്ഷ്യം എന്ന കർമ്മപരിപാടി ആസൂത്രണം ചെയ്തു

www.malankaralibrary.com



നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. സുവിശേഷവത്ക്കരണദശകമായി ആചരിക്കപ്പെടുന്ന ഈ കാലഘട്ടത്തിന് ഏററം പററിയ കർമ്മപരിപാടി എന്നാണ് ഇതിനെക്കുറിച്ച് എനിക്കു പറയുവാനുള്ളതു്. സഭയൊന്നാകെ സുവിശേഷവത്ക്കരണത്തിനായി യത്നിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ എല്ലാ ശ്രമങ്ങളും ഈ വഴിയേ തിരിയേണ്ടതാണ്. ഇക്കാര്യത്തിൽ പ്രേഷിതകേരളത്തിന് മെച്ചപ്പെട്ട സംഭാവന നല്കുവാൻ സാധിക്കുമെന്ന് ഇപ്പോഴം തെളിയിക്കപ്പെട്ടിരിക്കുന്നു.

ഈ സംരംഭത്തിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു. വ്യക്തികളുടെയും സമൂഹത്തിൻെറയും ജീവിതത്തിൽ സുവിശേഷാത്മകവീക്ഷണവും സാക്ഷ്യവും വളർന്നു വരുവാൻ ഇതുവഴി സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

+മാർ മാത്യു വട്ടക്കുഴി, കാഞ്ഞിരപ്പള്ളിരൂപതയുടെ മെത്രാൻ.

### *10. റൈററ് റവ. ജയിംസ് പഴയാററിൽ*

“പ്രേഷിതകേരളം” താല്പര്യപൂർവ്വം ആസൂത്രണം ചെയ്യുന്ന സുവിശേഷസാക്ഷ്യം അർത്ഥവത്താണ്; ഫലദായകമാകട്ടെയെന്ന് ആശംസിക്കുന്നു.

യേശുവിലൂടെ സംലബ്ധമാകേണ്ട സമാധാനവും രക്ഷയുടെ അനുഭവവും ലോകമെമ്പാടും ഉണ്ടായിക്കാണുവാൻ പരിശുദ്ധപിതാവ് ആഗ്രഹിക്കുന്നു; അയതിനായി പരിശ്രമിക്കുവാൻ ക്രൈസ്തവവിശ്വാസികളെ പ്രത്യേകം ആഹ്വാനം ചെയ്യുന്നു. യേശു പഠിപ്പിച്ച സത്യവും നീതിയും സ്നേഹവും പ്രാവർത്തികമാക്കുന്ന ജീവിതസാക്ഷ്യമാണ് ഇക്കാര്യത്തിന്നനുപേക്ഷണീയമായിട്ടുള്ളതും. ഭൂമിയുടെ ഉറയുള്ള ഉപ്പാകുക, ലോകത്തിൻെറ ജ്വലിക്കുന്ന ദീപമാകുക, പ്രവർത്തനമണ്ഡലത്തിലെ വീര്യമുള്ള പുളിമാവാവുക—അയതിനാൽ ഓരോ വ്യക്തിയും ആത്മസംയമനം നേടുകയും പ്രേഷിതാഭിമുഖ്യം സ്വായത്തമാക്കുകയും മാതൃകാജീവിതം നയിക്കുകയും വേണം.

ഇനിയും ഭാരതത്തിൽ രണ്ടരശതമാനംമാത്രമേ ക്രൈസ്തവരുള്ളുവെന്നറിയുമ്പോഴം, ഏകവും വിശുദ്ധവും

www.malankaralibrary.com



പൈശ്രഹികവും കത്തോലിക്കവുമായ സത്യസഭയിൽ 1.6% ആളുകളേ ഉള്ളവെന്നു ഗ്രഹിക്കുമ്പോൾ, ഉള്ള വിശ്വാസികൾ തന്നെയും വേണ്ടത്ര ചൈതന്യമുള്ളവരല്ലെന്നു മനസ്സിലാക്കുമ്പോൾ, എത്രയോ കാര്യമായ പ്രവർത്തനം ഉണ്ടായാലേ 2000–ാമാണ്ടിനേയും മൂന്നാംസഹസ്രാബ്ദത്തേയും മുന്നിൽ കണ്ടുകൊണ്ടുള്ള സുവിശേഷവൽക്കരണം ഫലദായകമാകുകയുള്ളു! സർവ്വരും ക്രിസ്ത്യാനികളാകണം; എല്ലാ ക്രിസ്ത്യാനികളും കത്തോലിക്കരാകണം; എല്ലാ കത്തോലിക്കരും പ്രേഷിതരാകണം'' എന്ന് വിൻസെൻറ് പല്ലോട്ടി പറയാറുണ്ട്. സഭ അതിനാൽത്തന്നെ പ്രേഷിതയാണെന്നും ഓരോ ക്രിസ്ത്യാനിയും മിഷനറിയാണെന്നുമുള്ള യാഥാർത്ഥ്യം ഇന്നും പ്രസക്തിയും പ്രാധാന്യവും അർഹിക്കുന്നു. ''ഭാരതമേ, നിൻെറ രക്ഷ നിൻെറ സന്താനങ്ങളിൽ'' എന്ന 13–ാം ലെയോ മാർപ്പാപ്പയുടെ ആശയവും ശ്രദ്ധേയമാണല്ലോ.

യേശുവിനെ അറിയുക, അനുകരിക്കുക, അനുഭവിക്കുക, ഈ അനുഭവം മററുള്ളവരുമായി പങ്കുവെയ്ക്കുക, ഇതിനാവശ്യമായ പഠനവും പ്രാർത്ഥനയും പ്രവർത്തനവും ''പ്രേഷിതകേരള''ത്തിൻെറ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതിൽ സന്തോഷിക്കുകയും സർവ്വവിജയവും ആശംസിക്കുകയും ചെയ്യുന്നു. വൈദികർക്കും സന്യസ്തർക്കും അല്മായപ്രേഷിതർക്കും പരിശുദ്ധപിതാവ് ആഗ്രഹിക്കുന്ന തീക്ഷ്ണതയും പ്രവർത്തന ചൈതന്യവും പകർന്നുകൊടുക്കുവാൻ ''പ്രേഷിതകേരള''ത്തിൻെറ കർമ്മപദ്ധതി കളമൊരുക്കട്ടെ.

✝മാർ ജെയിംസ് പഴയാററിൽ, ഇരിങ്ങാലക്കുട രൂപതാമെത്രാൻ

www.malankaralibrary.com

# 2

# സുവിശേഷ സാക്ഷ്യം

### ലക്ഷ്യങ്ങൾ

1. മൂന്നാം സഹസ്രാബ്ദിക്കൊരുക്കമായി സഭ നിർദ്ദേശിക്കുന്ന സുവിശേഷവത്ക്കരണദശകത്തോട് ആത്മാർത്ഥമായി സഹകരിക്കുക; 2. സുവിശേഷവത്ക്കരണത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള അവബോധം ക്രിസ്തീയവ്യക്തികളിലും സമൂഹത്തിലും വളർത്തുക; 3. ഇന്നത്തെ സുവിശേഷമാന്ദ്യം അകററുകയും ലക്ഷ്യബോധത്തിലൂടെ നവോത്ഥാനം വരുത്തുകയും ചെയ്യുക; 4. ലക്ഷ്യരാഹിത്യത്തിന്റെ ഫലമായുണ്ടാകുന്ന മത്സരങ്ങളും അപചയങ്ങളും സമൂഹത്തിൽനിന്നൊഴിവാക്കുക.

### മൂന്ന് അടിസ്ഥാനതത്ത്വങ്ങൾ

1. ദൈവം നമ്മെ സ്നേഹിക്കുന്നു, നമുക്ക് നവ്യജീവിതം നല്കുന്നു. 2. ദൈവികജീവിതം ആസ്വദിക്കുന്നതിന് ഒരു തടസ്സമുണ്ട്, അതു പാപമാണ്. 3. ദൈവികജീവിതം ലഭ്യമാക്കുന്ന ഏക ഉറവിടം ക്രിസ്തുവത്രേ; രക്ഷകനായ ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ഈ പുതിയജീവിതം നമുക്കു സ്വന്തമാക്കാം.

### ആർക്കൊക്കെ സഹകരിക്കാം?

1. ഏതു ജീവിതാവസ്ഥയിലോ സംഘടനയിലോ ഉള്ളവക്ക് ഇതുമായി പങ്കുചേരാം; 2. ബുദ്ധിമുട്ടു വരുത്തുന്ന വ്യവസ്ഥകളൊന്നും ഈ കർമ്മപരിപാടിയിലില്ല;

3. സുവിശേഷ അവബോധം വിശ്വാസികളുടെ ഇടയിൽ ഉളവാക്കുകയെന്നതാണു പ്രഥമത: ഊന്നംവയ്ക്കുന്നതു്; 4. എല്ലാ വിശ്വാസികളും വിശിഷ്യാ യുവജനങ്ങളും ഈ കർമ്മപരിപാടിയിൽ പങ്കുചേരുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

www.malankaralibrary.com



## കർമ്മപരിപാടി ആവശ്യപ്പെടുന്ന കാര്യങ്ങൾ

1. സുവിശേഷവത്ക്കരണത്തോടുള്ള ആത്മാർത്ഥതയാണ് പരിപാടിയുടെ ജീവൻ. ഓരോ അംഗവും ദിനംതോറും സുവിശേഷത്തിൽനിന്നു 5 വാക്യമെങ്കിലും വായിക്കുക; 2. അതിൽ ഹൃദയസ്പർശിയായി തോന്നുന്ന ഒരു വാക്യം ചിന്തയ്ക്കു കൂടുതൽ വിഷയീഭവിപ്പിക്കുക; 3. ആ വാക്യം ഉൾക്കൊള്ളുന്ന ആശയത്തെ ചുററുപാടും അനുഭവപ്പെടുന്ന പ്രശ്നങ്ങളുമായി തട്ടിച്ചുനോക്കുക; 4. ഉള്ളിൽ തട്ടിയ വാക്യവും ആശയവും കുറിച്ചുവയ്ക്കുക; 5. സൗകര്യപ്പെടുമെങ്കിൽ ആ ആശയം ഒരാളോടെങ്കിലും പറയുക; 6. ഈ ആശയത്തിൻെറ വ്യാപനത്തിനുവേണ്ടി പ്രാർത്ഥിക്കുക; 7. പ്രതിദിനം ചിന്തിക്കുകയും കുറിച്ചിടുകയും ചെയ്യുന്ന ആശയങ്ങൾക്ക് അനുസൃതമായി ജീവിതശൈലി രൂപപ്പെടുത്തുക. അതിനു വിരുദ്ധമായ കാര്യങ്ങൾ ആന്തരികമായാലും ബാഹ്യമായാലും ഒഴിവാക്കുക; 8. പ്രസംഗം; ലേഖനം, കലാരചനകൾ എന്നിവയിലൂടെ കഴിയുന്നവക്ക് സുവിശേഷാവബോധം ആവിഷ്കരിക്കാം; 9. ഏതാനും അംഗങ്ങൾ (എട്ടോ പത്തോ) ചേർന്നാൽ ഒരു ഗ്രൂപ്പു രൂപപ്പെടുത്താം.

## ഗ്രൂപ്പ് പ്രവർത്തനം

1. ഓരോ ഗ്രൂപ്പിനും ഓരോ പ്രമോട്ടർ വേണം; 2. വൈദികൻ, കന്യാസ്ത്രി, സണ്ടേസ്കൂൾ അദ്ധ്യാപകൻ, സുവിശേഷത്തെക്കുറിച്ച് സാമാന്യമായ കാര്യ വിവരമുള്ള ആൾ എന്നിവർക്കെല്ലാം പ്രൊമോട്ടർ ആകാവുന്നതാണ്; 3. മാസത്തിലൊരിക്കലെങ്കിലും ഗ്രൂപ്പുയോഗം കൂടണം; 4. പ്രാർത്ഥനായോഗം, വചനശുശ്രൂഷ എന്നിവ പോലെ സമ്മേളനം നടത്താം; 5. കർമ്മപരിപാടിയുടെ മൂന്നു തത്വങ്ങൾ അംഗങ്ങളിൽ ഉറപ്പിക്കാൻ സമ്മേളനം സഹായകമാകണം; 6. സമ്മേളനത്തിനു ചിന്താവിഷയവും പ്രവർത്തനപദ്ധതിയും മാസംതോറും നല്കുന്നതാണ്; 7. സ്ഥലത്തു് ഉണ്ടാകാവുന്ന സുവിശേഷവിരുദ്ധപ്രവണതകൾ ചർച്ചാവിഷയമാക്കണം; 8. കുടുംബങ്ങളുടെ സുവിശേഷാധിഷ്ഠിതവളർച്ചയിലും കുദാശാജീവിതത്തിലും ദത്തശ്രദ്ധമാകണം; ബൈബിൾ പഠനം,

www.malankaralibrary.com



ബൈബിൾ കൺവൻഷൻ എന്നിവയ്ക്കും ഭവനസന്ദർശനത്തിനും പ്രോത്സാഹനം നല്കണം; 10. ഇത്തരം കുറെ ഗ്രൂപ്പുകൾ പ്രവർത്തിക്കുമെങ്കിൽ ഇടവകയിൽ ആദ്ധ്യാത്മിക നവജീവൻ ഉയിരെടുക്കും; 11. മതവിരുദ്ധനീക്കങ്ങളെ ഇടവകാതിർത്തിയിൽനിന്ന് ഉന്മൂലനം ചെയ്യുന്നതിനും ഈ ഗ്രൂപ്പുകൾ സഹായകമാകും.

## *ഔദ്യോഗിക ബുള്ളറ്റിൻ*

1. ഗ്രൂപ്പുകളുടെ പ്രവർത്തനറിപ്പോർട്ട് പ്രസിദ്ധീകരിക്കുക; 2. അംഗത്വം സ്വീകരിക്കുന്നവരുടെ പേരുവിവരം ചേർക്കുന്നതിനു പംക്തി ഉണ്ടാകുക; 3. സുവിശേഷവത്ക്കരണദശകം സംബന്ധിച്ച കാലോചിത ലേഖനങ്ങൾക്കും അറിയിപ്പുകൾക്കും പ്രാമുഖ്യം നല്കുക; 4. ഗ്രൂപ്പുചർച്ചകൾക്ക് മാസംതോറും വിഷയം നല്കുക; 5. ഈ കർമ്മപരിപാടിയെക്കുറിച്ചുള്ള വിലയിരുത്തലിന് അവസരം ഉണ്ടാക്കുക; 6 അംഗങ്ങളുടെ നിർദ്ദേശമനുസരിച്ച് സുവിശേഷപരമായ പഠനങ്ങൾക്കു സ്ഥാനം കൊടുക്കുക— എന്നീ കാര്യങ്ങൾക്കു ഔദ്യോഗിക ബുള്ളറ്റിനിൽ പ്രാധാന്യം കൊടുക്കണം.

www.malankaralibrary.com

# 3

# സംശയങ്ങൾക്കു മറുപടി

''സുവിശേഷസാക്ഷ്യം'' കർമ്മപദ്ധതി കേരളത്തിന്റെ നാനാഭാഗത്തും പ്രതികരണമുണ്ടാക്കി. ഏതാനും സംശയങ്ങൾക്ക താഴെക്കാണും വിധം വിശദീകരണം കൊടുത്തു.

1. വിൻസെന്റ് തിരുവനന്തപുരം

ചോദ്യം: 'സുവിശേഷസാക്ഷ്യം' എന്താണ്?

ഉത്തരം: സാക്ഷ്യത്തിലൂടെ സുവിശേഷവത്ക്കരണം എന്ന് ഈ കർമ്മപദ്ധതിയെ സംക്ഷേപിക്കാം.

2. ജോസഫ് ഒല്ലൂർ

ചോ: മൂന്നാംസഹസ്രാബ്ദിയെ സ്വാഗതം ചെയ്യാൻ സഭ ആസൂത്രണം ചെയ്യുന്ന പരിപാടി എന്താണ്?

ഉത്ത: സുവിശേഷവത്ക്കരണദശകം.

3. വറുഗീസ് പൈങ്ങാട്ടൂർ

ചോ. ഒരു ഭക്തസംഘടനയിൽ പ്രവർത്തിക്കുന്ന എനിക്ക് ഈ കർമ്മപദ്ധതിയിൽ സഹകരിക്കാമോ?

ഉത്ത: തീർച്ചയായും, ഭക്തസംഘടനയിലെ പ്രവർത്തനം അപ്പോൾ കുറേക്കൂടി ഉത്തേജിതമാകും.

4. മേരി അടിമാലി

ചോ: ഭക്തസംഘടനകൾ ധാരാളമുള്ളപ്പോൾ 'സുവിശേഷ സാക്ഷ്യം' കൂടി വേണോ?

ഉത്ത: 'സുവിശേഷസാക്ഷ്യപദ്ധതി' ഒരു ഭക്തസംഘടനയല്ല. ഏതു ഭക്തസംഘടനയിലേയും പ്രവർത്തനത്തെ ഉന്മിഷിതമാക്കാൻ ഇതു സഹായകമായിരിക്കും.

5. സി. ലിസി, ചെങ്ങന്നൂർ

ചോ: ബുദ്ധിമുട്ടു വരുത്തുന്ന വ്യവസ്ഥകളില്ല എന്നതുകൊണ്ടു് എന്താണ് വിവക്ഷിക്കുന്നതു്?

www.malankaralibrary.com



ഉത്ത: ഏതു് ഉദ്യോഗത്തിലോ ഭക്തസംഘടനയിലോ പെട്ട വർക്ക് അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതോടൊപ്പം ബുദ്ധിമുട്ടുകൂടാതെ ചെയ്യാവുന്നതാണ് ഈ കർമ്മപരിപാടി നിർദ്ദേശിക്കുന്ന കാര്യങ്ങൾ.

6. വിജയൻ ആലുവ

ചോ: സുവിശേഷസാക്ഷ്യകർമ്മപദ്ധതിയെക്കുറിച്ചുകൂടുതൽ അറിയാൻ ആരുമായി ബന്ധപ്പെടണം?

ഉത്ത: ഓർഗനൈസർ, സുവിശേഷസാക്ഷ്യം, P. B. 604, കാർമ്മൽഗിരി, ആലുവാ—2.

7. എൻ. ജെ. തൊടുപുഴ

ചോ: ഈ കർമ്മപരിപാടിയെക്കുറിച്ചുള്ള അഭിപ്രായം അറിയിച്ചാൽ പ്രേഷിതകേരളത്തിൽ പ്രസിദ്ധീകരിക്കുമോ?

ഉത്ത: പ്രസിദ്ധീകരിക്കുന്നതാണ്.

8. ചാണ്ടി അതിരമ്പുഴ

ചോ: 'സുവിശേഷസാക്ഷ്യം കർമ്മപദ്ധതി'യുടെ ഉത്ഭവമെങ്ങനെ?

ഉത്ത: ആഗോളസഭയിലെ സുവിശേഷവത്ക്കരണ ദശകമാണ് ഇതിനു പ്രചോദനം നല്കുന്നതു്. ഈ പദ്ധതി കേരളത്തിൽ പ്രാവർത്തികമാക്കാനുള്ള എളിയശ്രമമാണ് 'സുവിശേഷസാക്ഷ്യത്തിലൂടെ ചെയ്യുന്നതു്.

9. ഷേർലി കൊടുങ്ങല്ലൂർ

ചോ: പ്രേഷിതകേരളവും ഈ പദ്ധതിയും തമ്മിലുള്ള ബന്ധമെന്തു്?

ഉത്ത: 'സുവിശേഷസാക്ഷ്യപ്രവർത്തനം' പ്രബുദ്ധമാകാൻ പ്രേഷിതകേരളം സഹകരിക്കും.

10. ലോറൻസ് അടൂർ

ചോ: സുവിശേഷാവബോധം കേരളസഭയിൽ ഉണർത്താൻ ഈ കർമ്മപദ്ധതിക്കു കഴിയുമെന്നു കരുതുന്നുണ്ടോ?

ഉത്ത: വിശ്വാസികളുടെ ആത്മാർത്ഥസഹകരണം ലഭിക്കുമെങ്കിൽ,

www.malankaralibrary.com



11. മത്തായി മൂക്കന്നൂർ

ചോ: സഭാധികാരികളുടെ സഹകരണം ഈ പദ്ധതിക്കുണ്ടോ?

ഉത്ത: അഭിവന്ദ്യ തിരുമേനിമാരുടെ ആശംസകൾ പ്രേഷിത കേരളത്തിൽ ഉണ്ടായിരുന്നതു് ഇതിനകം വായിച്ചിരിക്കുമല്ലോ

12. കെ. കോരുതു്, തൃശൂർ

ചോ: ഒരു കുടുംബനാഥനായ എനിക്കു് ഇതിൽ എങ്ങനെ സഹകരിക്കാം?

ഉത്ത: ഒരു ഉത്തമ കുടുംബനായകനാകാൻ 'സുവിശേഷസാക്ഷ്യം' സഹായിക്കും.

13. പി. എം. തോമസ് പുത്തൂർ, പൂഞ്ഞാർ

ചോ: എൻെറ ഒരു മകൻ ഇടവക വികാരി, രണ്ടു മക്കൾ കന്യാസ്ത്രീകൾ....സഭയിലെ മൂല്യത്തകർച്ച കണ്ടിട്ടു ദുഃഖമുണ്ടു്....ഇവിടെയുള്ള ദൈവമക്കൾക്കു് സുവിശേഷം പറഞ്ഞുകൊടുക്കാൻ ആളില്ല........സുവിശേഷവത്ക്കരണത്തിൻെറ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള അവബോധം ഉളവാക്കാൻ ഇടയലേഖനങ്ങളും പള്ളിപ്രസംഗങ്ങളും വേണം. ഇത്രമാത്രം മെത്രാന്മാരും വൈദികരും രൂപതകളും ഇടവകപ്പള്ളികളും ഉള്ള നമ്മുടെ നാട്ടിൽ പ്രേഷിത കേരളംപോലുള്ള ഒരു കൊച്ചുമാസികയ്ക്കു എന്തു ചെയ്യാൻ കഴിയും?

ഉത്ത: ഉപരിതലത്തിൽനിന്നുള്ള ആഹ്വാനം വേണ്ട സമയത്തു് ഉണ്ടായിക്കൊള്ളും. തൃണതലത്തിൽനിന്നുള്ള നീക്കവും ആവശ്യമാണല്ലോ. ''അണ്ണാൻകുഞ്ഞും തന്നാലായതു്'' എന്ന വിധത്തിലുള്ള പ്രവർത്തനം നിരാശതയുടെ കരച്ചിലിനേക്കാൾ മെച്ചമല്ലേ? ക്രിസ്തുവിനെ സമീപിച്ചവരിൽ ''നസ്രത്തിൽനിന്നും നന്മയുണ്ടാകുമോ?'' എന്നു ചോദിച്ച പുച്ഛഭാവക്കാരുമുണ്ടായിരുന്നല്ലോ?

14. പി. എം. തോമസ് പുത്തൂർ, ചേന്നാട്ടു്, പൂഞ്ഞാർ

ചോ: സുവിശേഷദൗത്യത്തിൻെറ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധ്യം വ്യക്തികളിൽ ഉണ്ടാകണമെങ്കിൽ

www.malankaralibrary.com



ഇടവകയിൽ ആരംഭിക്കണം; പാപത്തിൽ നിന്ന് അകലുവാനുള്ള പ്രേരണയും എല്ലാ വിശ്വാസികൾക്കും കൊടുക്കണം; മൂന്നാംക്ലാസിൽ പഠിക്കുന്ന കുട്ടിയെക്കൊണ്ടാണ് പല വീട്ടിലും വേദപുസ്തകം വായിപ്പിക്കുന്നത്, കാരണവന്മാർ വായിച്ചു കുട്ടികൾക്ക വിശദമായി പറഞ്ഞു കൊടുക്കുന്ന രീതി ഉണ്ടാകണം; സുവിശേഷസാക്ഷ്യപരിപാടി ആവശ്യപ്പെടുന്ന കാര്യങ്ങളെല്ലാം നല്ലതാണ്. അതു പ്രവൃത്തിയിൽ കൊണ്ടുവരണം. എല്ലാ വീട്ടിലും ചലനം ഉണ്ടാകണം. ഇതെല്ലാം എങ്ങനെ സാധിക്കും?

ഉ: ഇതെല്ലാം സാധിതമാകണം. ഇത്തരം പ്രശ്നങ്ങളിൽ വേദനിക്കുന്ന കുറെ സുവിശേഷസഹൃദയന്മാർ ഓരോ നാട്ടിലും ഉണ്ടാകട്ടെ. ക്രിസ്തുവിന്റെ പ്രകാശം അവരിലൂടെ തെളിയട്ടെ. നിലവിലുള്ള അന്ധത താനേ മറയും. സുവിശേഷസാക്ഷ്യം അതാണു സ്വപ്നം കാണുന്നത്. അങ്ങയുടെ സ്ഥലത്തു സാക്ഷ്യത്തിന്റെ ഒരു യൂണിററിനെങ്കിലും ആരംഭമിടാൻ ശ്രമിക്കുക.

15. സെബാസ്റ്റ്യൻ ജോസഫ് കല്ലുക്കാരൻ, ആനപ്പാറ, മഞ്ഞപ്ര

ചോ: സി. എൽ. സി. പ്രവർത്തകനായ എനിക്ക് സുവിശേഷകർമ്മപദ്ധതിയുമായി സഹകരിക്കാമോ?

ഉ: സുവിശേഷാവബോധം നല്ല പ്രവർത്തനത്തിനു ഒന്നിനും എതിരല്ല. ഏതു നന്മയ്ക്കും പ്രേരകമാകയും ചെയ്യും, സുവിശേഷസാക്ഷ്യപദ്ധതിയിലൂടെ സെബാസ്റ്റ്യന് ലഭിക്കുന്ന ആന്തരികചൈതന്യം സി. എൽ. സി. പ്രവർത്തനത്തെ അനേകമടങ്ങു വിജയശ്രീലാളിതമാക്കാതിരിക്കയില്ല.

16. ഗ്രേസിക്കുട്ടി കെ. തോമസ്, കുടിമാലിൽ

ചോദ്യം: കരിസ്മാററിക് നവീകരണ പ്രസ്ഥാനത്തിൽപെട്ടവർ സുവിശേഷവത്ക്കരണ ദശകത്തിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നുണ്ടോ?

ഉ: ഉണ്ട്. ഫാ. ജിനോ ഹെൻഡ്രിക്സ് സി.എസ്.എസ്.ആർ.

www.malankaralibrary.com



തന്നെ ഉദാഹരണം. അഖിലേന്ത്യാ തലത്തിൽ കരിസ്മാററിക് പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നല്കിയിരുന്നു, കഴിഞ്ഞ എട്ടുവർഷക്കാലം. ആ അനുഗൃഹീത വചനപ്രഘോഷകൻ ''സുവിശേഷവത്ക്കരണം രണ്ടായിരാമാണ്ടിലേക്ക്'' എന്ന സഭയുടെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനുള്ള ശ്രമത്തിലാണ് ഇപ്പോൾ. സിംഗപ്പൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു.

17. ബ്ര. പ്രകാശ്, സെൻറ് ജോൺസ് ഹോസ്പിററൽ, കട്ടപ്പന

ചോ: ''ന്യൂ ഇവാൻജലൈസേഷൻ 2000'' എന്നൊരു പ്രസിദ്ധീകരണത്തെക്കുറിച്ചു പറഞ്ഞല്ലോ. ഏതെല്ലാം ഭാഷകളിൽ ലഭിക്കും?

ഉ: മലയാളത്തിലില്ല. അതിലെ പ്രധാന കാര്യങ്ങൾ പലതും ഇപ്പോൾ പ്രേഷിതകേരളത്തിൽ പ്രകാശിതമാകുന്നു. ഇംഗ്ലീഷ് പതിപ്പുണ്ട്. പൗരസ്ത്യ രാജ്യങ്ങൾക്കു വേണ്ടിയുള്ള കേന്ദ്രം സിംഗപ്പൂരാണ്. ഫാ. ജിനോ ഹെൻട്രിക്സ് സി,എസ്.എസ്.ആർ. നേതൃത്വം വഹിക്കുന്നു. കൂടുതൽ വിവരത്തിനു ഫാ. ജിനോയുമായി ബന്ധപ്പെട്ടാൽ മതി.

18. ആൻഡ്രൂസ് തെക്കേക്കുന്നത്ത്

ചോ: ഞങ്ങളുടെ രൂപതയിൽ സുവിശേഷവത്ക്കരണദശകം സംബന്ധിച്ച പ്രവർത്തനങ്ങളുണ്ട്. അപ്പോൾ സുവിശേഷസാക്ഷ്യകർമ്മപദ്ധതിയുമായി ഞങ്ങൾ ബന്ധപ്പെടുന്നതു പ്രയോജനപ്രദമാണോ?

ഉ: തീച്ചയായും പ്രയോജനം ചെയ്യും. സുവിശേഷാവബോധം ഉണർത്തുന്നതിനുള്ളതാണീ കർമ്മപരിപാടി. ഇതിൻെറ കുറെ യൂണിററുകൾ കാര്യക്ഷമമായി പ്രവർത്തിക്കുമെങ്കിൽ രൂപതാ തലത്തിലുള്ള സുവിശേഷവത്ക്കരണദശകപരിപാടി പതിന്മടങ്ങു ഫലമുണ്ടാക്കും.

www.malankaralibrary.com

# 4

# പദ്ധതിയുടെ ലഘു വിശദീകരണം

## I. ലക്ഷ്യങ്ങൾ

*1. മൂന്നാം സഹസ്രാബ്ദിയെ സ്വാഗതം ചെയ്യാൻ സഭ നിർദ്ദേശിക്കുന്ന സുവിശേഷവത്ക്കരണദശകത്തോട് ആത്മാർത്ഥമായി സഹകരിക്കുക.*

രണ്ടാം സഹസ്രാബ്ദിയുടെ അസ്തമയവും മൂന്നാം സഹസ്രാബ്ദിയുടെ ഉദയവും സന്ധിക്കുന്ന സമയമടുത്തു. ആ സുവർണ്ണമുഹൂർത്തത്തെ സ്വാഗതം ചെയ്യുന്നതിനുള്ള ഒരുമ്പാടാണെല്ലായിടത്തും. 'സുവിശേഷവത്ക്കരണ ദശക' മത്രേ ആഗോള കത്തോലിക്കാ തലത്തിൽ ആസൂത്രിതമായിരിക്കുന്നതു്. 1990 ഡിസംബർ 25 മുതൽ 2000 ഡിസംബർ 25 വരെയാണ് ഈ പത്തുവർഷം.

''ന്യൂ ഇവാൻജലൈസേഷൻ 2000'' എന്നൊരു പ്രസിദ്ധീകരണം തുടങ്ങിയിട്ടുണ്ടു്. വിവിധ ഭാഷകളിൽ അതിന്റെ കോപ്പികൾ ലഭിക്കും. എട്ടു ലക്ഷം ഇതിനകം ഇറങ്ങിക്കഴിഞ്ഞു. സുവിശേഷവത്ക്കരണദശകത്തിന്റെ ആദ്ധ്യാത്മികനവോത്ഥാനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും സമാരബ്ധമായിട്ടുണ്ടു്, 7000 വൈദികരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ധ്യാനം 1990—ൽ; 4000 ദൈവശാസ്ത്ര പണ്ഡിതന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ധ്യാനം 1991—ലും. 'ലൂമൺ 2000' എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്. എല്ലാ മുക്കിലും മൂലയിലും സുവിശേഷസന്ദേശമെത്തിക്കുക എന്ന ലക്ഷ്യമാണിതിനുള്ളതു്. റേഡിയോ, ടെലിവിഷൻ, വീഡിയോ എന്നീ മാദ്ധ്യമങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനം.

സുവിശേഷപ്രബുദ്ധതയോടുകൂടി മൂന്നാം സഹസ്രാബ്ദിയെ സ്വാഗതം ചെയ്യാൻ കേരള ക്രിസ്തീയതയെ

www.malankaralibrary.com



കഴിവുററതാക്കണമെന്ന എളിയ ആഗ്രഹമാണ് "സുവിശേഷസാക്ഷ്യ" കർമ്മ പരിപാടിക്കുള്ളത്.

*2. സുവിശേഷവത്ക്കരണത്തിൻെറ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള അവബോധം ക്രിസ്തീയവ്യക്തികളിലും സമൂഹത്തിലും വളർത്തുക.*

അടയാളവാക്യം മറന്ന ദൗത്യവാഹകൻെറ ദയനീയതയാണ് ഇന്നത്തെ ക്രിസ്ത്യാനിയുടേത്. ക്രിസ്ത്യാനി അയയ്ക്കപ്പെട്ടവനാണ്. അയയ്ക്കപ്പെട്ടവനു ദൗത്യമുണ്ട്. ദൗത്യം സൗകര്യപൂർവ്വം മറന്നുപോകുന്നു. എത്ര ദയനീയം! ഉത്തരവാദിത്വം അറിയാതെപലരും ക്രിസ്തീയ നാമം പേറുകയാണ്, ഗന്ധമറിയാതെ കഴുത കുങ്കുമം ചുമക്കുന്നതുപോലെ.

"ഭൂവിലശേഷം—
    ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ്
ജാതികളിടയിൽ—
    ഭൂതലസീമയതോളം
നല്ലേവൻ—ഗേലിയോൻ
കൈക്കൊാംവോക്കൊക്കെയെഴും
ഭാഗ്യമിതെ—ന്നറിയിച്ചു
സ്വർഗ്ഗമഹാരാജ്യം"

ഇതാണു ശ്ലീഹാന്മാർ ചെയ്തത്. അവരുടെ പിൻമുറക്കാർ ചെയ്യേണ്ടതും ഇതുതന്നെ. "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" (മത്താ. 4:19) എന്നാണല്ലൊ കർത്താവിൻെറ ആഹ്വാനം. കൊടുക്കുന്നവനും വാങ്ങുന്നവനും ഇതു പ്രബുദ്ധത നല്ലും. ഈശോ ഒരുവനോട് ആവശ്യപ്പെട്ടു: "കർത്താവു നിനക്കുവേണ്ടി എന്തെല്ലാം പ്രവർത്തിച്ചെന്നും എങ്ങനെ നിന്നോടു കരുണ കാണിച്ചെന്നും അവരോടു പറയുക. അവൻ പോയി യേശു തനിക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ പത്തു പട്ടണങ്ങളിലൂടെ നടന്നു പ്രഘോഷിക്കുവാൻ തുടങ്ങി. ഇതു കണ്ടു ജനങ്ങൾ ആശ്ചര്യഭരിതരായി" (മർക്കോ. 5:18—20). ദൗത്യവാഹകനും ദൗത്യശ്രോതാക്കളും ഒന്നുപോലെ പ്രഫുല്ലിതരായി.

www.malankaralibrary.com



സ്നാപകയോഹന്നാൻ, യോഹന്നാൻശ്ളീഹാ, പൗലൂസ് അപ്പസ്തോലൻ തുടങ്ങിയവരിൽ മുന്നിട്ടുനിന്നതു് ദൗത്യത്തെക്കുറിച്ചുള്ള ഈ ഉത്തരവാദിത്വബോധമത്രേ. സ്നാപകൻ സാക്ഷ്യപ്പെടുത്തി: ''അവന്റെ പൂർണ്ണതയിൽനിന്നു നാമെല്ലാവരും കൃപയ്ക്കുമേൽ കൃപ സ്വീകരിക്കുന്നു'' (യോഹ. 1:6, 7, 16). യോഹന്നാൻ ശ്ളീഹാ അറിയിച്ചു: ''ഞങ്ങൾ കേട്ടതും കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പററി ഞങ്ങൾ അറിയിക്കുന്നു'' (1 യോഹ. 1:1–3, വെളി. 1:2). ''സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം'' (1 കോറി. 9:16) എന്നു് ഉറക്കെപ്പറയാൻ വി. പൗലൂസ് മടിക്കുന്നില്ല, ''ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു'' (ഗലാ. 2:20) എന്നു് ഉദ്ഘോഷിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ സാക്ഷ്യം.

ഉത്തരവാദിത്വത്തെപ്പററിയുള്ള അവബോധം ഇന്നു ക്രിസ്ത്യാനിക്കു പൂർവ്വാധികം വേണ്ടതാണ്. കാലഘട്ടം അതാവശ്യപ്പെടുന്നു. കെടുതി നിറഞ്ഞ ലോകത്തിനു സുവിശേഷസാക്ഷ്യത്തിന്റെ ദാഹനീരു മാത്രമാണ് ആശ്വാസം നല്കുന്നതു്. മദർ തെരേസാ ഒരു അനുഭവകഥ രേഖപ്പെടുത്തുന്നുണ്ടു്: ''പുണ്ണുകളുടെ ചലം വാർന്നു് ദുർഗ്ഗന്ധം വമി''ക്കുന്ന ഒരു രോഗിയുടെ മുറിവുകൾ മദർ കഴുകിക്കെട്ടി. ആ അമ്മയുടെ നേരെ കണ്ണുകളുയർത്തി അയാൾ ചോദിച്ചു:

''നിങ്ങൾ എന്തിനിതു ചെയ്യുന്നു? എല്ലാവരും എന്നെ ഉപേക്ഷിച്ചല്ലോ. പിന്നെ, നിങ്ങൾമാത്രം എന്തിന് ഇതിനു മുതിരുന്നു?''

''ഞാൻ താങ്കളെ സ്നേഹിക്കുന്നു'' മദർ പറഞ്ഞു: ''കാരണം ഈശോ തന്റെ പീഡാനുഭവം താങ്കളോടൊത്തു പങ്കുവയ്ക്കുകയാണ്. ഈശോയാണു താങ്കൾ എനിക്ക്. തീവ്രദുഃഖം കടിച്ചമർത്തി വേഷപ്രച്ഛന്നനായി വരുന്ന ഈശോ''.

നൊമ്പരപീഡിതൻ സൂക്ഷിച്ചുനോക്കിക്കൊണ്ടു വീണ്ടും ചോദിച്ചു: ''എന്റെ അടുത്തുവന്നു് എന്നെ ശുശ്രൂഷിക്കുന്ന

www.malankaralibrary.com



തിലൂടെ നിങ്ങളും ഈശോയുടെ പീഡാനുഭവം പങ്കുവയ്ക്കുകയാണോ?''

''അല്ല'' മദറിന്റെ വ്യക്തമായ ഉത്തരം: ''ഞാൻ താങ്കളെ സ്നേഹിക്കുന്നതിലുള്ള ആനന്ദം പങ്കുവയ്ക്കുകയാണ്. താങ്കളിലൂടെ യേശുവിനെ സ്നേഹിക്കുകയാണ്''.

ക്രിസ്ത്യാനിയല്ലാത്ത ആ മാന്യൻ ആശ്ചര്യപൂർവ്വം വിളിച്ചു പറഞ്ഞു: ''ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.''

ഉത്തരവാദിത്വത്തെക്കുറിച്ച് അവബോധമുള്ള ക്രിസ്ത്യാനിക്കു മുമ്പിൽ ഇത്തരം സന്ദർഭം എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കും. ഈ അവബോധം വ്യക്തിയിലും സമൂഹത്തിലും ഉണരേണ്ടിയിരിക്കുന്നു. സുവിശേഷസാക്ഷ്യപരിപാടി ഉന്നംവയ്ക്കുന്നത് അതാണ്.

*3. ഇന്നത്തെ സുവിശേഷമാന്ദ്യം അകററുകയും ലക്ഷ്യബോധത്തിലൂടെ നവോത്ഥാനം വരുത്തുകയും ചെയ്യുക.*

മടുപ്പിക്കുന്ന ദുഃഖസത്യങ്ങളും ഇന്നുണ്ട്. ക്രിസ്തീയ കേന്ദ്രങ്ങളിൽ സുവിശേഷമാന്ദ്യം അനുഭവപ്പെടുകയാണ്. ആഫ്രിക്ക, ലാററിൻ അമേരിക്ക, തെക്കുകിഴക്കൻ ഏഷ്യാ എന്നീ മിഷൻപ്രദേശങ്ങളിലെ സുവിശേഷചൈതന്യംപോലും ക്രിസ്തീയരാജ്യങ്ങളിൽ ഇന്നില്ല. 1900—നും 1985—നുമിടയ്ക്കു ആഫ്രിക്കൻ ക്രിസ്ത്യാനികളുടെ സംഖ്യ 10 മില്യനിൽ നിന്നു 236 മില്യനായി ഉയർന്നു: ലാററിൻഅമേരിക്കയിൽ ഉയർച്ച 63 മില്യനിൽനിന്നു 392 മില്യനിലേക്കായി; തെക്കുകിഴക്കൻ ഏഷ്യയിൽ 19 മില്യനിൽനിന്നു 148 മില്യനിലേക്കും. എന്നാൽ, പടിഞ്ഞാറൻ യൂറോപ്പിൽ ഒരു ശതമാനംപോലും വർദ്ധനവ് ഈ കാലയളവിലുണ്ടായിട്ടില്ല. ഇററലി, ഫ്രാൻസ് അമേരിക്ക എന്നിവിടങ്ങളിൽ പ്രായോഗിക വിശ്വാസികളുടെ എണ്ണം കുറയുകയാണ്.

വിശ്വാസത്തിനുവേണ്ടി പീഡനങ്ങളും തീവെയിലും സഹിക്കേണ്ട സാഹചര്യം പലേടത്തും ഏറിവരുന്നു. 1980—നും 85—നും ഇടയ്ക്കു വിശ്വാസസംരക്ഷണത്തിനു വേണ്ടി 70

www.malankaralibrary.com



പേർ കൊല്ലപ്പെട്ടിട്ടുണ്ട്. 1984–ൽ ഒരു കപ്പൂച്ചിൻ മിഷനറിയും 1986–ൽ 7 ഇററാല്യൻ മിഷനറിമാരും കൊല്ലപ്പെട്ടു. ആഫ്രിക്കയിലെ ഒരു തീവ്രവാദിഗ്രൂപ്പ് 16 ക്രിസ്ത്യാനികളെ വധിച്ചതു് 1988 മാർച്ചിലാണ്. മൂന്നു ദിവസങ്ങൾക്കുള്ളിൽ ആക്രമണം വീണ്ടും തുടർന്നു. ക്രിസ്ത്യാനികളുടെ പള്ളികൾ കൊള്ളചെയ്തു; വീടുകളും പൊതുസ്ഥാപനങ്ങളും അഗ്നിക്കിരയാക്കി; ഒരു വൈദികവിദ്യാലയം ചുട്ടുകരിച്ചു.

വി. പൗലോസ് ശ്ലീഹായുടെ കാലംമുതൽ വിശ്വാസം തഴച്ചുവളർന്ന അൽബേനിയായിൽ ഇന്നു നിരീശ്വരത്വം കൊടികുത്തി വാഴുകയാണ്. മക്കൾക്കു ക്രിസ്തീയ നാമധേയങ്ങൾ നല്കിയതിനു പീഡിപ്പിക്കപ്പെടുന്ന മാതാപിതാക്കന്മാർ അവിടെയുണ്ട്.

ഉയിർത്തെഴുന്നേററ കർത്താവ് അനുയായികൾക്കു നല്കുന്ന നിർദ്ദേശം ഇന്നും മുഴങ്ങുന്നു. ''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അരുളിച്ചെയ്തു: പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ'' (യോഹ. 20:20–22).

മനുഷ്യാവതാരത്തിന്റെ തുടർച്ചയായ സഭയുടെ പ്രവർത്തനം നിർവ്വഹിതമാകുന്നതിനു കർത്താവിന് അനുയായികളുടെ സഹകരണം കൂടിയേ കഴിയൂ; ക്രിസ്തുവിന്റെ ദൗത്യത്തിൽനിന്നു വ്യതിചലിതമാകുവാൻ സഭയ്ക്കു സാധിക്കുന്നതല്ല; പിതാവും പുത്രനും തമ്മിലുള്ള പരസ്പരവിധേയത്വം ഇക്കാര്യത്തിൽ ക്രിസ്തുവിനും സഭയ്ക്കും തമ്മിലുണ്ട്.

സുവിശേഷവത്ക്കരണ ഉജ്ജീവനം ആവശ്യമായിരിക്കുന്നു. ക്രിസ്തീയകേന്ദ്രങ്ങളിലെ വിശ്വാസമാന്ദ്യം മാറിയേ തീരൂ. ഇന്നത്തെ മൂല്യത്തകർച്ചയും വിശ്വാസരാഹിത്യവും കാണാതെ വയ്യാ. എല്ലാം കണ്ണുതുറന്നു കണ്ടുകൊണ്ടുതന്നെയാണ് സുവിശേഷവത്ക്കരണ ദശകത്തിന്റെ നീക്കം. സുവിശേഷസാക്ഷ്യ കർമ്മപദ്ധതി ഒരു ഉജ്ജീവന പരിപാടിയാണ്.

www.malankaralibrary.com



*4. ലക്ഷ്യരാഹിത്യത്തിൻെറ ഫലമായുണ്ടാകുന്ന മത്സരങ്ങളും അപചയങ്ങളും സമൂഹത്തിൽനിന്നകററുക*

സാമുവൽ ബക്കററിൻെറ ഒരു നാടകത്തിൽ രണ്ടു തെണ്ടികളുടെ കഥയുണ്ട്. നീണ്ട കാത്തിരിപ്പിലാണവർ. നിഷ്ഫലമായ കാത്തിരുപ്പ്! ജീവിതത്തിൻെറ അർത്ഥശൂന്യതയെ ചിത്രീകരിച്ചിരിക്കുകയാണ്. നിഷ്ഫലമായ കാത്തിരിപ്പിനിടയിൽ ശൂന്യതയുടെ മുഷിച്ചിൽ ഉണ്ടാകുമല്ലോ. ആ തെണ്ടികൾക്ക ശൂന്യമായ നിമിഷങ്ങളില്ല. ഷൂസിൻെ ചരടുകെട്ടൽ, വഴക്കടിക്കൽ, ഇടതടവില്ലാതെ സംസാരിക്കൽ എന്നിവയിലൂടെ ഏകാന്തതയിൽനിന്നു അവർ രക്ഷപ്പെടുന്നു. കുപ്പിമുറിയും തകരക്കഷണവും കണ്ണാടിച്ചില്ലും ഭാണ്ഡത്തിലാക്കി സംതൃപ്തികൊള്ളുന്ന ഭിക്ഷുക്കരം ഉണ്ടല്ലോ, അവരെപ്പോലെ.

ഇത്തരം വേറെ സന്ദർഭങ്ങളും എഴുത്തുകാരൻ കാട്ടിത്തരുന്നുണ്ട്. അര വരെ വാതം പിടിച്ച ഒരു സ്ത്രീയാണു വിന്നി. അവർ മുടികെട്ടുന്നു, അഴിക്കുന്നു, വീണ്ടും കെട്ടുന്നു, പൗഡറിടുന്നു, വീണ്ടും ഇടുന്നു, തുരുതുരാ സംസാരിക്കുന്നു. എപ്പോഴും ജോലി തന്നെ. ഇതുപോലെ വേറൊരു സ്ത്രീയാണു മാഡിറൂണി. ട്രെയിനിൽ വന്നിറങ്ങുന്ന ഭർത്താവിനെ വിളിച്ചുകൊണ്ടുവരാൻ അവർ പോകുന്നു. വഴിമധ്യേ ഇടതടവില്ലാത്ത സംസാരം. അർത്ഥശൂന്യസ്ഥിതിയും അതുളവാക്കുന്ന അസ്വസ്ഥത മാററാൻ ചെയ്യുന്ന അന്തമില്ലാത്ത വ്യാപാരവും—ഇതാണ് ആധുനിക മനുഷ്യൻെറ സ്ഥിതി.

രണ്ടു വളർത്തുനായ്ക്കളെക്കൊണ്ടു പരീക്ഷണം നടത്തിയ ഇംഗ്ലണ്ടിലെ മനശ്ശാസ്ത്രജ്ഞൻ അസ്വസ്ഥതയുടെ കാരണം ലക്ഷ്യമില്ലായ്മയിലാണ് കണ്ടെത്തിയത്. രണ്ടു പട്ടികളെ ഓരോ കൂടുകളിൽ വളർത്തി. ഒരു കൂട്ടിൽ പറന്നു പൊങ്ങുകയും താഴുകയും ചെയ്യുന്ന ഏതാനും പൂച്ചികളുണ്ടായിരുന്നു. പറക്കുന്ന ജീവികളെ പിടിക്കാൻ ആ കൂട്ടിലെ പട്ടി സദാ ജാഗരൂകമായി. മറേറ കൂട്ടിലെ പട്ടിയ്ക്കു ഇത്തരം ലക്ഷ്യമുണ്ടായിരുന്നില്ല. അതു വൃഥാ ചുററിക്കറങ്ങുകയും മോങ്ങുകയും അസ്വസ്ഥത പ്രകടിപ്പിക്കയും ചെയ്തു.

www.malankaralibrary.com



അയയ്ക്കപ്പെട്ടവനാണ് ക്രിസ്ത്യാനി. അവനു ലക്ഷ്യമുണ്ട്. ലക്ഷ്യബോധമുള്ളപ്പോൾ അവൻ അതീവ ശ്രേഷ്ഠകാന്തിയുള്ളവനാണ്, അല്ലാത്തപ്പോൾ അസ്വസ്ഥനും. ക്രിസ്ത്യാനികളുടെ ഇടയിലെ മാന്ദ്യത്തിനു വേറെ കാരണം തിരയേണ്ടതില്ല.

പള്ളികളിൽ വഴക്കു തലപൊക്കുന്നു, വിശ്വാസികളുടെ സമൂഹത്തിൽ ചേരിപ്പോരിനു മുൻതൂക്കം കൂടുന്നു, വിതണ്ഡാവാദകോലാഹലങ്ങൾ അൾത്താരയുടെ സന്നിധാനത്തെപ്പോലും വികൃതമാക്കുന്നു. വഴക്കും ബാഹ്യമോടികളും ലക്ഷ്യരാഹിത്യത്തിന്റെ അഴക്കചാലിൽനിന്നുയരുന്ന അസ്വസ്ഥത മറച്ചുപിടിക്കുന്നതിനുള്ള മറകളായി മാറുന്നു. നമ്മുടെ ആർഭാടങ്ങളുടെയും പുറംപൂച്ചുകളുടെയും ഹേതു അന്തസ്സാരവിഹീനത്വമല്ലാതെ മറെറന്താണ്?

"തങ്ങളുടെ ദൈവവിളിയെപ്പററി ക്രിസ്ത്യാനികളെ ബോധവാന്മാരാക്കേണ്ടതു ആവശ്യമാണെ"ന്നത്രേ ക്രിസ്തീയവിദ്യാഭ്യാസത്തെപ്പററി പറയുമ്പോൾ വത്തിക്കാൻകൗൺസിൽ ആവശ്യപ്പെടുന്നതു്. ആദർശനിഷ്ഠന്മാരെ വാർത്തെടുക്കുവാൻ നമ്മുടെ വിദ്യാലയങ്ങൾക്കു കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ, കാരണമെന്താണ്? നിഷ്ക്രിയത്വം ഈ സ്ഥാപനങ്ങളുടെമേൽ ആരോപിക്കാവതല്ലല്ലൊ. പ്രവർത്തനനിരതമാണവ. നൂറുശതമാനം വിജയം കൊയ്യാനും കായിക–കലാമത്സരങ്ങളിൽ മുൻപന്തിയിലെത്താനും അല്ലെങ്കിൽ കഴിയുമോ? ഈ സാമർത്ഥ്യപ്രകടനം ആവശ്യമല്ലേ? ആവശ്യമെങ്കിൽ എവിടെയാണു തകരാറ്? ലക്ഷ്യം മറന്നുവെന്നതാണു കെടുതി. ലക്ഷ്യം മറന്നതിനെ മറച്ചുപിടിക്കാനുള്ള അടവാണ് മത്സരത്തിനുവേണ്ടിയുള്ള പരക്കം പാച്ചിലിലുള്ളതു്.

പള്ളിക്കൂടങ്ങൾക്കു മാത്രമല്ല വീഴ്ച പററിയിട്ടുള്ളതു്. ഇടവകയുടെ സ്ഥിതിയും ഭേദപ്പെട്ടതല്ല. സഭയുടെ എല്ലാ തലങ്ങളിലും ലക്ഷ്യദാരിദ്ര്യംമൂലമുള്ള അസ്വസ്ഥത നടമാടുന്നുണ്ട്. ഇതിൽ നിന്നും സമൂഹത്തെ ഉണർത്തി ഉദ്ധരിക്കുക എന്നതത്രേ "സുവിശേഷസാക്ഷ്യം" ലക്ഷ്യം വെക്കുന്നകാര്യം. സുവിശേഷമനോഭാവം ഉളവാക്കുന്നതിലൂടെ മുമ്പിലെത്തുന്ന "സ്വർഗ്ഗരാജ്യം" കണ്ണു കണ്ടിട്ടില്ലാത്തതാണ്,

www.malankaralibrary.com



## II മൂന്ന് അടിസ്ഥാനതത്വങ്ങൾ

*1) ദൈവം നമ്മെ സ്നേഹിക്കുന്നു, നമുക്കു നവ്യജീവിതം നല്കുന്നു; 2) ദൈവികജീവിതം ആസ്വദിക്കുന്നതിന് ഒരു തടസ്സമുണ്ട്, അതു പാപമാണ്; 3) ദൈവികജീവിതം ലഭ്യമാക്കുന്ന ഏക ഉറവിടം ക്രിസ്തുവത്രെ; രക്ഷകനായ ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ഈ പുതിയ ജീവിതം നമുക്കു സ്വന്തമാക്കാം.*

സുവിശേഷസാക്ഷ്യപദ്ധതി കേവലം വൈകാരികമല്ല; ഭാഗികസത്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതുമല്ല. അതിനു ക്രിസ്തീയതയോളം പരപ്പും ആഴവുമുണ്ട്. ഉപരിപ്ലവമായ അനുഷ്ഠാനങ്ങൾകൊണ്ടു അതു തൃപ്തിപ്പെടുകയില്ല. യാന്ത്രികമായ അനുകരണം വെടിഞ്ഞു് ക്രിസ്തുവിനെ ജീവിതകേന്ദ്രമാക്കുവാൻ അതു പ്രേരിപ്പിക്കുന്നു.

സുവിശേഷവൽക്കരണത്തിന്റെ പുനഃപ്രവത്തനം ക്രിസ്തീയ കേന്ദ്രങ്ങളിൽ ആവശ്യമായിത്തീന്നിരിക്കുന്നു. ഡോൺ കാർലോ എന്ന വൈദികൻ ഇററലിയിൽ ചില പുതിയ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി; അതു വിജയിക്കുകയും ചെയ്തു. ''സുവിശേഷവൽക്കരണം ആധുനിക യുഗത്തിൽ'' എന്ന പോൾ ആറാമൻ മാർപ്പാപ്പായുടെ ചാക്രികലേഖനമാണ് അദ്ദേഹം അടിസ്ഥാനമായി സ്വീകരിച്ചതു്. ക്രിസ്തീയ സ്നേഹത്തിന്റെ സ്വഭാവത്തെപ്പററി ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായിരുന്നു ശ്രമം: ഭവനസന്ദർശനം, ക്ലാസ്സുകൾ, കുടാശകളുടെ പരികർമ്മം എന്നിവയാണ് മാർഗ്ഗങ്ങളായി സ്വീകരിച്ചതു്. ഇവയിലൂടെ ക്രിസ്തീയസ്നേഹത്തിന്റെ അടിസ്ഥാനം ജനങ്ങൾക്ക് അനുഭവവേദ്യമാക്കി. ഡോൺ കാർലോ പരീക്ഷിച്ച വിജയം വരിച്ച അടിസ്ഥാനതത്വങ്ങളാണ് സുവിശേഷസാക്ഷ്യത്തിന്റെ മൂന്നു അടിസ്ഥാനപ്രമാണങ്ങളായി മുകളിൽ ചേർത്തിട്ടുള്ളതു്.

ഈ സ്നേഹസന്ദേശം ക്രിസ്തുവിന്റെ സദ്വാത്തയുടെ ലളിതരൂപമാണ്. കുട്ടികൾ തൊട്ടു വൃദ്ധന്മാർ വരെ എല്ലാവരെയും ഇതു സ്വാധീനിച്ചു; അവക്കു പുതിയ ഉണ

www.malankaralibrary.com



വ്വുണ്ടായി; ജീവിതത്തിൽ മുന്നേറുവാൻ തന്മൂലം അവർക്ക് ശക്തി ലഭിച്ചു.

അടിസ്ഥാനതത്ത്വങ്ങളാൽ വശീകൃതരായവർക്ക് യേശുവിനെക്കുറിച്ചു കൂടുതൽ അറിയാൻ താല്പര്യമുണ്ടായി. അവർ ഒന്നിച്ചുകൂടി; ചെറിയ ഗ്രൂപ്പുകളായി അനുഭവങ്ങൾ പങ്കുവെച്ചു. ക്രിസ്തുവിൽ വളരുവാൻ അതു സഹായകരമായി. അനുഭവങ്ങൾ പങ്കു വെക്കുന്നതിലൂടെ തങ്ങളെക്കുറിച്ചുതന്നെ അവബോധമുണ്ടായി; വിശ്വാസം എങ്ങനെയാണു പ്രാവർത്തികമാക്കേണ്ടതെന്ന് ബോധ്യം വന്നു; നന്നായി പ്രാർത്ഥിക്കുവാൻ പഠിച്ചു; തിരുവചനങ്ങളുടെ രുചി അനുഭവിച്ചറിഞ്ഞു; പൂർവ്വാധികം ഉണർവ്വോടെ വിശുദ്ധ ബലിയിലും കൂദാശകളിലും പങ്കുചേരുന്നതിനുള്ള പ്രചോദനം ലഭ്യമായി; ദൈവത്തിൻെറ കരുണയിലുള്ള അവഗാഹത കൂടുതൽ കൂടുതൽ ദൈവസാമീപ്യത്തിനു പ്രേരണയായി—ഡോൺ കാർലോയുടെ ഈ വിജയപ്രാപ്തിയാണ് സുവിശേഷ സാക്ഷ്യത്തിൻെറ മാതൃകയാക്കിയിട്ടുള്ളതു്.

യേശുക്രിസ്തു രക്ഷകനാണ്. പാപത്തിൽനിന്നും വിടുതൽ നല്കുന്നവൻ. ഈ വിമോചനത്തിൻെറ സന്ദേശമത്രേ സുവിശേഷസാക്ഷ്യം നിർവ്വഹിക്കുന്നതു്. കർത്താവിൻെറ ആത്മാവ് എൻെറമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും'' (ലൂക്കാ. 4:18–19) എന്നും ''വഴിയും സത്യവും ജീവനും ഞാനാകുന്നു'' (യോഹ. 14;6) എന്നും ''ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല'' (യോഹ. 8:12) എന്നും ''പുനരുത്ഥാനവും ജീവനും ഞാനാകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'' (യോഹ. 15:25) എന്നും ഉള്ള വാക്യങ്ങൾ കാട്ടിത്തരുന്ന പ്രകാശമാനതയും രക്ഷയും അനുഭവിക്കയും അനുഭവിപ്പിക്കുകയുമത്രേ സുവിശേഷ സാക്ഷ്യപദ്ധതിയിലൂടെ.

www.malankaralibrary.com



## III ആർക്കൊക്കെ സഹകരിക്കാം?

*1) ഏതു ജീവിതാവസ്ഥയിലോ സംഘടനയിലോ ഉള്ളവർക്കും ഇതുമായി പങ്കുചേരാം; 2) ബുദ്ധിമുട്ടുവരുത്തുന്ന വ്യവസ്ഥകളൊന്നും ഈ കർമ്മപദ്ധതിയിലില്ല; 3) സുവിശേഷ അവബോധം വിശ്വാസികളിൽ ഉളവാക്കുകയെന്നതാണ് പ്രഥമത: ഉന്നം വെക്കുന്നത്; 4) എല്ലാ വിശ്വാസികളും വിശിഷ്യ യുവജനങ്ങളും ഈ കർമ്മപരിപാടിയിൽ പങ്കുചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്.*

ഉപ്പു ചേരാതെ കഷായമില്ല, സുവിശേഷാരൂപി കൂടാതെ ക്രിസ്തീയജീവിതവുമില്ല; പ്രത്യേകജീവിതാവസ്ഥയിലോ ഭക്തസംഘടനയിലോ ഉൾപ്പെട്ടവർ കാണും. എല്ലാ തലത്തിലുമുള്ളവർക്കും സുവിശേഷാവബോധം ഉണ്ടായേ മതിയാവൂ. അതിനുവേണ്ടിയാണ് സുവിശേഷസാക്ഷ്യകർമ്മപരിപാടി. സമർപ്പിതർ, വൈദികർ, പണ്ഡിതർ. പാമരർ, സ്ത്രീകൾ, പുരുഷന്മാർ, സാഹിത്യകാരന്മാർ, നിയമവിദഗ്ദ്ധന്മാർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ തുടങ്ങി എല്ലാവരും ഉത്തേജിതരാകണമെന്നാണ് ഇതുമൂലം ഉദ്ദേശിക്കുന്നത്.

സമർപ്പിതജീവിതത്തിലോ ഭക്തസംഘടനയിലോ പ്രവർത്തിക്കുന്നവർക്ക് സുവിശേഷസാക്ഷ്യകർമ്മപരിപാടി പ്രയോജനം ചെയ്യുമോ? തീർച്ചയായും. സുവിശേഷാവബോധം അവരെ ഉപരി ഉത്തേജിതരാക്കും. ക്രിസ്തീയപൂർണ്ണതയാണു ഏതു സന്ന്യാസാന്തസും ഭക്തസംഘടനയും ഉദ്ദേശിക്കുന്നത്: സുവിശേഷാരൂപി ഉണ്ടെങ്കിലേ അതു സാധിക്കൂ. ആ അരൂപിയുടെ അഭാവം കുറവു വരുത്തും. സുവിശേഷചൈതന്യം ഒരിക്കലും കൂടിപ്പോയെന്നുവരില്ല. നെയ്യേറിയതുകൊണ്ടു അപ്പത്തിനുദോഷമില്ലല്ലോ. ലക്ഷക്കണക്കിനുള്ള സമർപ്പിതർക്കും ഭക്തസംഘടനാംഗങ്ങൾക്കും അല്പംകൂടി പ്രേഷിതതീക്ഷ്ണതയുണ്ടായിരുന്നെങ്കിൽ ലോകത്തിനു എന്തു മാററം വരുമായിരുന്നു! ഏതു രംഗത്താണു സുവിശേഷതീക്ഷ്ണതയുടെ അഭാവം ഇന്നു അനുഭവപ്പെടാത്തതു? സുവിശേഷവൽക്കരണ ദശകത്തിന്റെ ആഹ്വാനം വൈദികരേയും സമർപ്പിതരേയും ഉണർത്തട്ടെ.

www.malankaralibrary.com



ഒരു ഭക്തസംഘടനയായല്ല, പിന്നെയോ കർമ്മപദ്ധതിയായത്രേ സുവിശേഷസാക്ഷ്യം നിലകൊള്ളുന്നതു്. ലീജിയൻ ഓഫ് മേരി, ഫ്രാൻസിസ്സൻ മൂന്നാംസഭ, സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി, K. C. S. L., കരിസ്മാററിക്കപ്രസ്ഥാനം തുടങ്ങിയവയിൽ പ്രവർത്തിക്കുന്നവർക്കും സുവിശേഷസാക്ഷ്യകർമ്മപരിപാടി പൂരകമാകും. അപ്പോൾ സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ വി. തോമസ് മൂറിൻെറ നേതൃത്വവും മാതൃകയും സ്വീകരിക്കും; വിദ്യാർത്ഥികൾ വി. തർഷീസിയസ്, വി. അലോഷ്യസ്, വി. ബക്കുമാൻസ്; വി. മരിയഗൊരേത്തി, വി. ഡോമിനിക്കസാവ്യോ തുടങ്ങിയവരുടെ പാതയിൽ നിരക്കും. സുവിശേഷചൈതന്യം സാഹിത്യകാരനെ ''ദൈവരാജ്യ'' നിർമ്മിതിക്ക പ്രേരിപ്പിക്കും, അഭിഭാഷകനെ ''ദൈവനീതി''യിലേക്കു നടത്തും. വിദ്യാർത്ഥിയെ ദൈവികവളർച്ചയിലേക്കു നയിക്കും; എല്ലാവരേയും സമാധാനത്തിൻെറ മേച്ചിൽപ്പുറത്തേക്കു നടത്തും.

ഏതു സംഘടനയോടോ പദ്ധതിയോടോ ഒത്തുപോകുന്നതിനു സുവിശേഷസാക്ഷ്യപരിപാടിക്കു പ്രയാസമില്ല. ബദ്ധമുട്ടു വരുത്തുന്ന വ്യവസ്ഥകളൊന്നും ഈ പരിപാടിയിലില്ലെന്നു പറയുന്നതിൻെറ സാരം അതാണ്.

സുവിശേഷത്തെപ്പററി അറിവുകാണും. പക്ഷേ അവബോധം ചുരുങ്ങും. അതാണു ദീനത. സുവിശേഷ അവബോധം ഉളവാക്കുകയെന്നത്രേ സാക്ഷ്യപദ്ധതി ലക്ഷ്യം വെക്കുന്നതു്. ഇതു സാധിച്ചാൽ ഏതു മണ്ഡലത്തിലുള്ളവൻെറയും പ്രവർത്തനം നൂറുമേനി സൽഫലം വിളയിക്കും.

എല്ലാവരും ഈ ലക്ഷ്യത്തിലേക്കുവരേണ്ടതുണ്ട്. യുവജനങ്ങൾക്കുള്ള ഉത്തരവാദിത്വം എടുത്തുപറയേണ്ടതാണ്. ആദർശനിഷ്ഠമായ ''നാളെ''ക്കുവേണ്ടി കൊടി ഉയർത്തേണ്ടതു് അവരാണ്. ''നിൻെറ രാജ്യം വരണമേ'' എന്ന പ്രാർത്ഥനയുമായി നീങ്ങട്ടെ, അവർ യഥാർത്ഥ ക്രിസ്ത്വനുഗാമികളാകും.

www.malankaralibrary.com



# IV കർമ്മപരിപാടി ആവശ്യപ്പെടുന്ന കാര്യങ്ങൾ

## 1. സുവിശേഷ പരിചയം

*സുവിശേഷവത്ക്കരണത്തോടുള്ള ആത്മാർത്ഥത യാണ് പരിപാടിയുടെ ജീവൻ. ഓരോ അംഗവും ദിനം തോറും സുവിശേഷത്തിൽനിന്നു അഞ്ചുവാക്യമെങ്കിലും വായിക്കുക.*

"യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം." (2 തിമോ. 2.8). ക്രിസ്തുതന്നെ യാകുന്നു സുവിശേഷം. അപ്പസ്തോലന്റെ ബോധ്യമാണത്. ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കലിൽ അതു് അട ങ്ങിയിരിക്കുന്നു. പാപത്തിൽനിന്നുള്ള രക്ഷയാണ് അവിടു ന്നു് നല്കുന്നതു്. "ദരിദ്രരോടു സുവിശേഷം പ്രസംഗിക്കു വാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധി തർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ട വർക്കു സ്വാതന്ത്ര്യവും" (ലൂക്കാ. 4. 18—19) പ്രഖ്യാപിക്കണം; ക്രിസ്തു പ്രകാശമാകുന്നു, വഴിയും സത്യവും ജീവനുമാകു ന്നു, പുനരുത്ഥാനമാകുന്നു എന്നീ വിശ്വാസത്തിലൂടെ നിത്യ ജീവന്റെ ഓഹരിക്കു എല്ലാവരേയും പങ്കുകാരാക്കണം — ഇതി ലത്രേ സുവിശേഷവത്ക്കരണം അടങ്ങിയിരിക്കുന്നതു്.

മിശിഹായുടെ സാന്നിദ്ധ്യവും ശബ്ദവും നമുക്കു മുമ്പിലുണ്ട്. വി. കുർബാനയിലൂടെയും സഭയിലൂടെയും സാന്നിധ്യം, തിരുവചനത്തിലൂടെ ശബ്ദം. രണ്ടും ഒന്നു പോലെ സ്വീകരിക്കണം. വി. കൂദാശകളേയും സഭയേയും വിട്ടു വേദപുസ്തകത്തോടോ വേദപുസ്തകത്തെ ഉപേക്ഷിച്ചു കൊണ്ടുസഭയോടോ നീതിപുലർത്തുക വഹിയാ. സർക്കാരും ഖജനാവും തമ്മിലുള്ള ബന്ധമാണ് രണ്ടിനുംതമ്മിലുള്ളതു്. സർക്കാരു കൂടാതെയുള്ള ഖജനാവോ ഖജനാവുകൂടാതെയുള്ള സർക്കാരോ ശക്തമായിരിക്കയില്ലല്ലോ. അതുപോലെ സഭ കൂടാതെയുള്ള വേദപുസ്തകവും വേദപുസ്തകം കൂടാതെ യുള്ള സഭയും ചൈതന്യരഹിതമാണ്. സഭയുടെയും വേദ പുസ്തകത്തിന്റെയും അന്തസ്സത്ത ഉൾക്കൊണ്ടവനു മാത്രമേ

www.malankaralibrary.com



സുവിശേഷവൽക്കരണത്തോടു ആത്മാർത്ഥത പുലർത്താൻ സാധിക്കൂ.

കർത്താവിൻെറ ജീവനുള്ള വചനങ്ങളാണ് വേദപുസ്തകത്തിൽ മുഴങ്ങുന്നത്. അതു മററു പുസ്തകങ്ങൾ പോലെയല്ല. ആദരപൂർവ്വം വേണം അതു ശ്രവിക്കാൻ. അതു വായിക്കയും ആസ്വദിക്കയും അയവിറക്കുകയും വേണം. നമ്മെ നയിക്കുന്ന ഘടകമായി വി. ലിഖിതത്തെ സ്വീകരിക്കണം. ബൈബിളിൻെറ ധാരാളം കോപ്പികൾ അടുത്തകാലത്തു പ്രചരിച്ചിട്ടുണ്ട്. പലരും അതു ഭദ്രമായി പെട്ടിയിൽ സൂക്ഷിച്ചുവെച്ചിരിക്കയാണ്. കൈകാര്യം ചെയ്യാത്ത സമ്പത്തുകൊണ്ടു എന്തു പ്രയോജനം? പ്രായോഗിക്കപ്പെടാത്ത ഔഷധം കൊണ്ടു എന്തു രോഗശമനം? ദൈവവചനം രുചിച്ചു നോക്കുന്നതിനാണ് സുവിശേഷസാക്ഷ്യപരിപാടി ശ്രമിക്കുന്നത്.

ബൈബിൾ വായന ദൈനംദിന പരിപാടിയാക്കണം. ഓരോ ദിവസവും അഞ്ചുവാക്യമെങ്കിലും വായിക്കണമെന്നത്രേ ഈ പദ്ധതി വ്യവസ്ഥ ചെയ്യുന്നത്. കൂടുതൽ വായിക്കരുതെന്നില്ല. ചുരുങ്ങിയപക്ഷം അഞ്ചുവാക്യമെന്നാണു നിർദ്ദേശം. ബൈബിൾവായന പതിവാക്കിയിട്ടുള്ളവർ കാണും. അവർ ആ പതിവു തുടർന്നാൽ മതി. സെമിനാരികളിലും സന്ന്യാസഭവനങ്ങളിലും വീടുകളിലെ കുടുംബപ്രാർത്ഥനയോടു ബന്ധപ്പെടുത്തിയും പ്രതിദിനം ബൈബിൾ വായനയുണ്ട്. സുവിശേഷസാക്ഷ്യകർമ്മപരിപാടിയുടെ വ്യവസ്ഥ തികയ്ക്കാൻ ആ വായനതന്നെ മതിയാവും.

പ്രത്യേകഭാഗം വായിക്കണമെന്നു നിർബ്ബന്ധമില്ല. ഏതുഭാഗവും ആകാം, വായിക്കുന്നതു സാംശീകരിക്കണമെന്നും അതിലൂടെ വർത്തനവ്യതിയാനം ഉണ്ടാകണമെന്നും പ്രതീക്ഷയുണ്ട്. അതിനുള്ള നിർദ്ദേശങ്ങളാണ് കർമ്മപരിപാടിയിൽ തുടർന്നു നല്കുന്നത്.

www.malankaralibrary.com



## 2. സുവിശേഷാവബോധം

*1 വായിച്ച സുവിശേഷഭാഗത്തിൽ ഹൃദയസ്പർശിയായി തോന്നുന്ന ഒരു വാക്യം ചിന്തയ്ക്കു കൂടുതൽ വിഷയീഭവിപ്പിക്കുക.*

സുവിശേഷസാക്ഷ്യം ഒരു കർമ്മപരിപാടിയാണ്. മനസ്സുണ്ടെങ്കിൽ ആർക്കും ചെയ്യാവുന്ന പരിപാടി. സുവിശേഷവൽക്കരണത്തോട് ആത്മാർത്ഥത വേണമെന്നും ദിനംതോറും അഞ്ചു സുവിശേഷവാക്യമെങ്കിലും വായിക്കണമെന്നും ഈ പദ്ധതി നിർദ്ദേശിക്കുന്നു. സുവിശേഷവാക്യങ്ങൾക്കു ജീവനുണ്ട്. അതിൻെറ ആദരപൂർവ്വകമായ വായന മനസ്സിനെ സ്പർശിക്കും. വി. ഫ്രാൻസിസ് സേവ്യറിനു മനഃപരിവർത്തനം വരുത്തിയതു സുവിശേഷവാക്യമാണല്ലൊ. ആഗസ്റ്റിനോസിനെ ലൗകായതിക ചളിക്കുണ്ടിൽനിന്നു പിന്തിരിപ്പിച്ചതും വേദപുസ്തകവാക്യം തന്നെ. മാററംവരുത്താൻ പോരുന്നതത്രേ സുവിശേഷവിചിന്തനം.

അഞ്ചുവാക്യം യാന്ത്രികമായി വായിച്ചുതീർക്കുന്നതുകൊണ്ട് കർമ്മപരിപാടിയുടെ ഉദ്ദേശ്യം സാധിതമാകുന്നില്ല. വായിക്കുന്ന ഭാഗം ഏതുമാകട്ടെ, ഹൃദയസ്പർശിയായി തോന്നുന്ന ഒരു വാക്യം ചിന്തയ്ക്കു കൂടുതൽ വിഷയമാക്കണം. ഹൃദയത്തിൽ ചുഴിഞ്ഞിറങ്ങുന്ന വാക്യം വേദപുസ്തകത്തിൽ ഏതു ഭാഗത്തുമുണ്ടായിരിക്കും. ചില വാക്യങ്ങൾ കാണുക.

"മുന്നമേ ദൈവരാജ്യവും അവൻെറ നീതിയും അന്വേഷിക്കുക".

"ലോകം മുഴുവൻ നേടിയാലും ആത്മാവ് നശിച്ചാൽ എന്തു പ്രയോജനം?"

"മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല ജീവിക്കുന്നത്".

"ഞങ്ങളുടെ കടക്കാരോടു ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കേണമേ".

"വയലിലെ പൂക്കളെ ദൈവം അലങ്കരിക്കുന്നെങ്കിൽ നിങ്ങളെ എത്രയധികം അലങ്കരിക്കയില്ല?".

www.malankaralibrary.com



ഹൃദയത്തിൽ തട്ടുന്നില്ലേ ഈ വാക്യങ്ങൾ? നിങ്ങൾ വായിച്ചിടത്തു ഇത്തരം വാക്യങ്ങൾ തീർച്ചയായും കണ്ടുമുട്ടും. ഇങ്ങനെയുള്ള ഒരു വാക്യത്തെക്കുറിച്ചു കഴിവതും കൂടുതൽ ചിന്തിച്ചുനോക്കുക. ''നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും'' എന്ന വാക്യ മാണെന്നിരിക്കട്ടെ. സ്വാഭാവികമായും ചിന്തയുയരും: നിക് ഷേപം സ്വർഗ്ഗത്തിലാകാം, ഭൂമിയിലാകാം. ഭൂമിയിലാണ് നിക്ഷേപമെങ്കിൽ ഹൃദയവും ഭൂമിയിലായിരിക്കും, നിക് ഷേപം സ്വർഗ്ഗത്തിലെങ്കിലോ ഹൃദയവും അവിടെത്തന്നെ. ഭൂമിയിലെ നിക്ഷേപം നശ്വരമാണ്, സ്വർഗ്ഗത്തിലേതു അന ശ്വരവും. അനശ്വരനിക്ഷേപം നേടുന്നതാണു ബുദ്ധി. ഇന്നത്തെ മനുഷ്യന്റേതു ബുദ്ധിശൂന്യതയാണ്. നശിച്ചു പോകുന്ന ഭൗമിക കാര്യങ്ങളിൽ അവൻ ഹൃദയം വെക്കുന്നല്ലോ.

ഇങ്ങനെ ഒരു വാക്യമെങ്കിലും ഓരോ ദിവസവും ചിന്തയ്ക്കു വിഷയമാക്കണമെന്നാണ് സുവിശേഷസാക്ഷ്യം കർമ്മപരിപാടി ആവശ്യപ്പെടുന്നതു്.

സാക്ഷ്യപദ്ധതിയുടെ അംഗങ്ങളേ, ഈ ക്രിസ്മസ് * മുതൽ സുവിശേഷവത്ക്കരണദശകം ആരംഭിച്ചിരിക്കുന്നു. ഇതിനുവേണ്ടിയുള്ള ഒരുക്കത്തിലായിരുന്നു കഴിഞ്ഞ ഒരു വർ ഷം. കർമ്മപരിപാടിയിൽ ആത്മാർത്ഥമായി സഹകരിച്ച് ഈ ദശകം വിജയപ്രദമാക്കാൻ നമുക്കു പരിശ്രമിക്കാം.

*2 ചിന്താവിഷയമാക്കിയ വാക്യം ഉൾക്കൊള്ളുന്ന ആശ യത്തെ ചുറ്റുപാടും അനുഭവപ്പെടുന്ന പ്രശ്നങ്ങളു മായി തട്ടിച്ചുനോക്കുക*

വിശുദ്ധഗ്രന്ഥമില്ലാത്ത ക്രിസ്തീയഭവനം കാണു കയില്ല. ബൈബിൾ കൺവെൻഷനുകൾ വളരെ. ബൈബിൾ സെമിനാറുകളുടെ എണ്ണവും കുറവല്ല. വേദപുസ്തകം വായി ക്കാത്തവർ കാണുകയില്ലെന്നു സാരം.

അഞ്ചുവാക്യമെങ്കിലും ഓരോ ദിവസവും വായിക്കണ മെന്നേ സുവിശേഷസാക്ഷ്യകർമ്മപരിപാടി ആവശ്യപ്പെടു ന്നുള്ളു. ലളിതമായ കാര്യം. പക്ഷേ, കേവലം ക്രിയപോ

* 1990—ലെ ക്രിസ്മസ് ആണു സൂചിപ്പിക്കുന്നതു്.

www.malankaralibrary.com



ക്കൽ വായനയാകരുതെന്നുണ്ട്. ഹൃദയസ്പർശിയായ ഒരു വാക്യത്തെക്കുറിച്ച് ആവുംവിധ ചിന്തിക്കണം.

സാധാരണ ചിന്തമാത്രം പോരാ. താരതമ്യപ്പെടുത്തുകയും വേണം. ഒരു കൈയിൽ വേദപുസ്തകവും മറുകൈയിൽ വർത്തമാനപ്പത്രവും എന്നാണു കാറംബാർത്തിന്റെ നിർദ്ദേശം. ഉള്ളിൽത്തട്ടിയ ബൈബിൾ ആശയത്തെ ചുററുപാടും അനുഭവപ്പെടുന്ന പ്രശ്നങ്ങളുമായി തട്ടിച്ചുനോക്കണമെന്ന സുവിശേഷസാക്ഷ്യം കർമ്മപരിപാടി ആവശ്യപ്പെടുന്നു. നമ്മെ നയിക്കുന്നതു വേദപുസ്തകമാണ്, നാം ജീവിക്കുന്നതു ലോകത്തിലും. വ്യക്തി പരിതോവസ്ഥയോടും പരിതോവസ്ഥ വ്യക്തിയോടും അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു.

''കൊല്ലരുതു്.'' വേദപുസ്തകം പറയുന്നു. ലോകത്തിലോ? കൊലയും കൊള്ളിവെപ്പും നിർബാധം തുടരുന്നു. ''സമാധാനസംസ്ഥാപകർ ഭാഗ്യവാന്മാർ'' എന്നതാണ് ബൈബിളിന്റെ ഉദീരണം. ജാതിയുടെയും വർഗ്ഗത്തിന്റെയും രാജ്യത്തിന്റെയും സ്ഥിതിയോ? വിദ്വേഷത്തിന്റെ ഉമിത്തീ വമിച്ചുകൊണ്ടുള്ളതും. ''കാമാസക്തിയോടു പരസ്ത്രീയെ നോക്കരു''തെന്നു പ്രമാണം. ലോകത്തിലേക്കു തിരിഞ്ഞാലോ? സെക്സിന്റെ കുത്തഴിഞ്ഞ വിളയാട്ടം. ''വിധിക്കരുതു്'' എന്നു തിരുവാക്യം. എല്ലാവരുടെയും വെമ്പലോ? മററുള്ളവരെ വിധിക്കുന്നതിൽ. ''നാശത്തിലേക്കുള്ള കവാടം വീതിയുള്ളതും വഴി വിശാലവുമായിരിക്കും'' എന്നു വേദോപദേശം, ജനങ്ങളുടെ നെട്ടോട്ടമോ? വീതിയുള്ള കവാടത്തിലൂടെയും വിശാലമായ വഴിയിലൂടെയുംതന്നെ.

വ്യത്യസ്തദിശകളിലേക്കുള്ള രണ്ടു ഒഴുക്കുകളാണിവ. ഒന്ന്, ദൈവിക ആവേശം, മററതു് ലൗകിക ആവേശം; ഒന്നു ശ്രേഷ്ഠതയുടെ പോക്കു്, മററതു ലൗകായതികതയുടെ നീക്കം. രണ്ടിനേയും ഒന്നുപോലെ പുല്ലവാൻ വഹിയാ. ദൈവത്തെയും മാമോനെയും ഒരുമിച്ചു സേവിക്കുക ഒരുത്തനും സാധ്യമല്ല'' (മത്താ. 6. 24.)

ധിഷണാവ്യപാരത്തിന്റെ തലം മാനസികതീരുമാനത്തിന്റെ ഗരിമയിലേക്കുയരുന്നു. തിരഞ്ഞെടുപ്പു നടത്താതെ

www.malankaralibrary.com



വയ്യെന്ന സ്ഥിതിയിൽ മനസ്സ് എത്തിച്ചേരുന്നു. ദൈവത്ത്വവും ചെകുത്താനുമായുള്ള സംഘർഷത്തിൽ പക്ഷംചേരാതെ പററില്ലെന്നു വരുന്നു. ഒന്നുകിൽ വേദപുസ്തകപ്രേരണയ്ക്കു കീഴ്വഴങ്ങണം, ലോകപ്രവണതയ്ക്കു കടിഞ്ഞാണിടണം; അല്ലെങ്കിൽ ഉദാത്തത വെടിയണം, ലൗകായതികതയെ പുല്കണം.

ഈ തിരഞ്ഞെടുപ്പു ഗൗരവമേറിയ ഒരു കാര്യമായി മാറുന്നു. സ്വതന്ത്രമനസ്സോടുകൂടിയ മനുഷ്യന്റെ അതിശ്രേഷ്ഠമായ പെരുമാററം. മനുഷ്യൻ ഉത്കൃഷ്ടനായോ അധമനായോ തീരുന്നതു് ഈ തിരഞ്ഞെടുപ്പിലൂടെയാണ്. ദൈവത്തിന്റെ സുവിശേഷത്തിനു നമ്മുടെ തലകുനിക്കുന്നു, മാനസാന്തരമുണ്ടാകുന്നു.

മാനസികശക്തി ഈ തിരഞ്ഞെടുപ്പിലൂടെ വിജയശ്രീലാളിതമാകുന്നു. ഇതിനേക്കാൾ ഉപരിയായ ഒരു വിജയം മനുഷ്യനു വേറെയില്ല. ഇത്തരം വിജിഗീഷുക്കൾക്കു ചുററുപാടിന്റെ ലൗകായതികനീക്കങ്ങളെ സമർത്ഥമായി നിയന്ത്രിക്കാൻ കഴിയും.

*3. ഉള്ളിൽ തട്ടിയ വാക്യവും ആശയവും കുറിച്ചുവെക്കുക.*

സുവിശേഷസാക്ഷ്യാംഗത്തിനു ഒരു ഡയറി വേണം. നോട്ടുബുക്കു ആയാലും മതി. പ്രതിദിനവേദപുസ്തകവായന നിർദ്ദിഷ്ടമാണല്ലൊ. ഹൃദയസ്പർശകമായ ഒരു വാക്യം ഓരോ ദിവസവും ചിന്താവിഷയമാക്കിയിട്ടുമുണ്ട്. അതു ഡയറിയിൽ രേഖപ്പെടുത്തണം.

സുവിശേഷാവബോധം ഉളവാക്കുന്നതിനത്രേ ശ്രമം. കേവലമായ വായനയോ ശ്രവണമോകൊണ്ടു മാത്രം അതു സാധിതമാകയില്ല. പാടുന്നവൻ രണ്ടു തവണ പ്രാർത്ഥിക്കുകയാണെന്നു ചൊല്ലുണ്ട്. അതുപോലെ, എഴുതുന്നവൻ ഒരു പടി കൂടി ആശയം ദൃഢമൂലമാക്കുകയാണ്.

സാക്ഷ്യാംഗത്തിന്റെ വായനയിൽ മൂന്നു കാര്യം നിഷ്കൃഷ്ടമായിരിക്കുന്നു. അഞ്ചു വാക്യമാണ് സാധാരണ വായന.

www.malankaralibrary.com



ഉള്ളിൽ തട്ടിയ ഒരു വാക്യം ആഴമായ ചിന്തയ്ക്ക വിഷയമാക്കണം; ചുററുപാടും അനുഭവപ്പെടുന്ന പ്രശ്നങ്ങളുമായി പ്രസ്തുതവാക്യത്തെ തട്ടിച്ചുനോക്കണം; അതിൻെറ ഫലമായി ഒരു തീരുമാനത്തിലെത്തുകയെന്ന ഗൗരവകാര്യവും നടക്കണം. മൂന്നു സംഗതിയും അക്രമിട്ടു ചേർക്കുന്നു.

a) ചിന്താവിഷയമാക്കിയ സുവിശേഷവാക്യം;

b) ചുററുപാടും അനുഭവപ്പെടുന്ന പ്രശ്നം;

c) തീരുമാനം

വായിക്കുന്നവരുണ്ട്. മന:പാഠമാക്കുന്നവരും കണ്ടേക്കാം. രണ്ടായാലും വേദപുസ്തകവാക്യത്തിൻെറ കേവലമായ അറിവു മാത്രമേ ആകുന്നുള്ളു. ചുററുപാടുമുള്ള പ്രശ്നങ്ങളുമായി അതു തട്ടിച്ചു നോക്കുമ്പോഠ കേവലമായ അറിവു ദൃഢതരമായ ഗ്രഹണമോ അവധാരണമോ ആയി മാറുന്നു. തുടർന്നെടുക്കുന്ന തീരുമാനം മാനസികശക്തി വളർത്തുകയും ഭാവം മാററത്തിനു പ്രേരിപ്പിക്കയും ചെയ്യുന്നു. ഈ ഓരോ ഘട്ടത്തിലും വ്യക്തിയുടെ ഉദാത്തീകരണം സംഭവിക്കുന്നുണ്ട്. ഓരോ വാക്യത്തേയും കുറിച്ചുള്ള മൂന്നു കാര്യങ്ങഠ മുഴുവനായോ ഏററം പ്രധാനപ്പെട്ട ഒരു കാര്യം എങ്കിലുമോ ഓരോ ദിവസവും രേഖപ്പെടുത്തി വെക്കണം. ഇതാ ഉദാഹരണം:

1. a) വാക്യം: ''നീതിക്കുവേണ്ടി ദാഹിക്കുന്നവർ ഭാഗ്യവാന്മാർ'' (മത്താ. 5, 6).

   b) പ്രശ്നം: കൈയൂക്കുകാരൻെറ തേർവാഴ്ചയാണ് എല്ലായിടത്തും.

   c) തീരുമാനം: അനുഭവപ്പെടുന്ന ചെറുതോ വലുതോ ആയ കാര്യങ്ങളിൽ നഷ്ടമുണ്ടായാൽപോലും നീതിയുടെ പക്ഷം പിടിക്കും.

2. a) വാക്യം: ''നിങ്ങഠ ലോകത്തിൻെറ വെളിച്ചമാകുന്നു (മത്താ. 5,19).

   b) പ്രശ്നം: അന്ധകാരത്തിൻെറ വിജയാട്ടഹാസമാണ് ലോകത്തെമ്പാടുമുയരുന്നത്.

www.malankaralibrary.com



c) തീരുമാനം: സുവിശേഷത്തിന്റെ കൈത്തിരി ഉയിർത്താൻ എനിക്കു കടമയുണ്ട്.

3. a) വാക്യം: സഹോദരനെ വിഡ്ഢി എന്നു വിളിക്കുന്നവൻ ശിക്ഷ അനുഭവിക്കേണ്ടി വരും'' (മത്താ.5,23)

b) പ്രശ്നം: മററുള്ളവരെ തരം താഴ്ത്തുകയും അവഹേളിക്കയും ചെയ്യുന്ന രംഗങ്ങൾ ചുററുപാടും എത്രയെത്ര!

c) തീരുമാനം: ഏതു വ്യക്തിയോടും ഞാൻ ബഹുമാനപൂർവ്വം പെരുമാറും.

4. a) വാക്യം: മുന്നമേ സഹോദരനോടു രമ്യതപ്പെടുക. പിന്നെ വന്നു വഴിപാടു അർപ്പിക്കുക. (മത്താ. 5,24)

b) പ്രശ്നം: സഹോദരനോടുള്ള കടമ നിറവേററാതെ ദൈവപ്രസാദം നേടിയെടുക്കാമെന്നു കരുതുന്നവരുടെ സംഖ്യ എത്രയേറെ!

c) തീരുമാനം: സഹോദരനോടു രഞ്ജിപ്പിലാകാതെ ഒരു ദിവസവും ഞാൻ കിടക്കുകയില്ല.

സുവിശേഷസാക്ഷ്യാംഗത്തിനു അവധി ദിവസങ്ങളില്ല. ഓരോ ദിവസവും ഇങ്ങനെ കുറിച്ചു വെക്കേണ്ടതാണ്. തീയതിക്രമവും രേഖപ്പെടുത്തണം. ഓരോ രേഖപ്പെടുത്തലിനോടും ഒപ്പിച്ചു വ്യക്തിയുടെ വർത്തനവ്യതിയാനവും മനഃപരിവർത്തനവും സംഭവിക്കും. ഡയറിയിൽ രേഖപ്പെടുത്തുന്ന ഓരോ ആശയവും മനോതലത്തിലും മുദ്രിതമാകും.

### 3 സുവിശേഷാവിഷ്കാരം

*സൗകര്യപ്പെടുമെങ്കിൽ ആ ആശയം ഒരാളോടെങ്കിലും പറയുക*

ആശയമുണ്ടോ? അതു പ്രകാശനം തേടും. ഉള്ളിലിരുപ്പിന്റെ കവിഞ്ഞൊഴുകൽ! ഇംപ്രഷനും (Impression) എക്സ്പ്രഷനും (Expression) തമ്മിൽ അഭേദ്യബന്ധമാണ്. മനസ്സിൻ പതിയൽ നടന്നു കഴിഞ്ഞാൽ സമ്മർദ്ദം ആവശ്യമില്ല, അഭിവ്യഞ്ജനം (ബാഹ്യപ്രകാശനം) ഉണ്ടായിക്കൊള്ളും.

www.malankaralibrary.com



പ്രകാശനത്തിനും പ്രവർത്തനത്തിനും ആശയം പ്രേരണ നല്കും. Ideomotor Theory യുണ്ട്. ആശയം പ്രവർത്തനത്തിന് പ്രേരിപ്പിക്കുമെന്നാണ് സിദ്ധാന്തം. നല്ലൊരുഫുട്ബോൾ മത്സരം വീക്ഷിക്കുന്ന കാഴ്ചക്കാരനെ ഒരു കളിക്കാരൻെറ പ്രകടനം ആകർഷിച്ചു; ഗോൾവലയം ലക്ഷ്യമാക്കിയുള്ള ഒരു കൂററൻ അടിക്കു വ്യഗ്രതകൊള്ളൽ. കാണി കളിക്കളത്തിലായിരുന്നില്ല. അയാളുടെ മുമ്പിൽ പന്തുമുണ്ടായിരിന്നില്ല. എങ്കിലും കളിക്കാരൻ അടിക്കുന്നതിനുമുമ്പു കാണി കാലുയർത്തി അടിച്ചുകഴിഞ്ഞു. അടികൊണ്ടതു പന്തിനായിരുന്നില്ല, മുമ്പിലിരുന്ന ആളിൻെറ മുതുകിനായിരുന്നു. എന്താണ് സംഭവിച്ചത്? കളിക്കളത്തിലാണെന്നും കളിക്കുന്നുവെന്നും ഉണ്ടായ അവബോധം അയാളെ പന്തടിക്കാൻ പ്രേരിപ്പിച്ചു.

വേദപുസ്തകവാക്യം ഉള്ളിൽ തട്ടട്ടെ. അതു വിചാരം മാത്രമായി ഉറങ്ങിക്കഴിയുകയില്ല. വാഗ്രൂപേണയും പ്രവൃത്തിരൂപേണയും പുറത്തേക്കു ഒഴുകും. ഇതാണു സുവിശേഷഘോഷണം. ക്രിസ്തുവിൻെറ ദൗത്യവാഹകർ അവശ്യം അനുഷ്ഠിക്കേണ്ട ഈ ഉത്തരവാദിത്വം ഇന്നു നടക്കുന്നുണ്ടോ? വല്ലതും ഉണ്ടെങ്കിൽ തന്നെ ഫലപ്രദമാകുന്നില്ല. കൊട്ടും പാട്ടും പ്രസംഗവും തിമിർപ്പും കണ്ടെന്നിരിക്കും. വക്താവിൻെറ ഹൃദയത്തെ സുവിശേഷം സ്പർശിക്കുന്നില്ല. ശ്രോതാവിൻെറ കാര്യം പറയാനുമില്ല. സുവിശേഷസാക്ഷികൾ ചുരുങ്ങുന്നു. തന്മൂലം, ഭാവഗംഭീരമായ സുവിശേഷസത്യം നമ്മുടെ ഹൃദയത്തെ ഇളക്കുന്നില്ല. കുരിശിലെ ക്രിസ്തുവിനു കാവൽനിന്ന റോമൻ ഭടന്മാരുടെ പെരുമാററത്തെ "കാൽവരിയിലെ കുരിശിൻ ചോട്ടിൽ പടയാളികളുടെ പകിടകളി" എന്നു ബിഷപ്പ് ഷീൻ വിശേഷിപ്പിച്ചിട്ടുണ്ട്. കുരിശിന്മേൽ കിടക്കുന്ന ആദ്ധ്യാത്മികതയുടെ ഭീകര യാഥാർത്ഥ്യം കാണാൻ ആ ലൗകായതികർക്കു കണ്ണുണ്ടായില്ല; അതുകൊണ്ടു ജഡികതൃപ്തി നല്കുന്ന മററു വ്യാപാരങ്ങളിൽ മുഴുകി. സുവിശേഷത്തിൻെറ യാഥാർത്ഥ്യം ഉൾക്കൊള്ളാൻ ഇന്നുള്ളവർക്കു സാധിക്കുന്നില്ല; ഫലമോ? സുവിശേഷത്തെക്കുറിച്ചു ശബ്ദിക്കാൻ നാവനങ്ങുന്നില്ല; ലൗകായതികയുടെ നൂറുകൂട്ടം പ്രശ്ന

www.malankaralibrary.com



ങ്ങളെക്കുറിച്ചു നാക്കിട്ടടിക്കുകയും ചെയ്യുന്നു. ഇന്നത്തെ ബഹളം കൂട്ടാൻ മറെറന്താണ് വെളിപ്പെടുന്നതു്?

ഉള്ളിൽ തട്ടിയ സുവിശേഷാശയം ഒരാളോടെങ്കിലും പറയുന്നതിനേ സാക്ഷ്യംഗത്തോടു ആവശ്യപ്പെടുന്നുള്ളു. എന്നാൽ, ഉള്ളിൽ തട്ടിയിട്ടുണ്ടെങ്കിൽ സ്ഥിതി വ്യത്യസ്തമായിരിക്കും. ഉള്ളിലിരിപ്പ് എന്തോ അതു തന്നെ പുറത്തേക്കു വരുന്നതും.

സന്ദർഭാനുസരണമായിട്ടത്രേ സുവിശേഷാശയം അവതരിപ്പിക്കേണ്ടതു്. പകകൊണ്ടു കലികൊള്ളുന്ന ഒരുവനോടാണു സംസാരിക്കുന്നതു എന്നിരിക്കട്ടെ. ''സഹോദരനോടു ഏഴു പ്രാവശ്യമല്ല ക്ഷമിക്കേണ്ടതു്, ഏഴ് ഏഴുപത്തു പ്രാവശ്യം'' എന്ന വാക്യം ഉദ്ധരിക്കാം. വാക്യം ഉദ്ധരിക്കണമെന്നു നിർബന്ധമില്ല. ക്ഷമിക്കുന്നതാണല്ലോ ശക്തിയും പ്രയോജനപ്രദവും എന്നു ബോദ്ധ്യപ്പെടുത്തിയാൽ മതി. സുവിശേഷത്തിന്റെ സാന്ത്വനവും കരുത്തും ശ്രോതാവിനു ലഭ്യമാകണമെന്നതാണാവശ്യം. കൊടുംവറുതിയിൽ ശീതളിമ പകരുന്ന മഴയായി അതു രൂപാന്തരപ്പെടും.

പരിശുദ്ധാത്മാവിന്റെ ''ഇരട്ടമൂനവാളി''ന്റെ കരുത്തു് തിരുവചനം പകരലിലൂടെ വെളിപ്പെടുന്നതു് സുവിശേഷസാക്ഷ്യാംഗം അനുഭവിച്ചറിയും.

## *4 പ്രാർത്ഥന*

*ഈ ആശയത്തിന്റെ വ്യാപനത്തിനുവേണ്ടി പ്രാർത്ഥിക്കുക*

കർതൃപ്രാർത്ഥനയെക്കാൾ ഉപരിയായ ഒരു പ്രാർത്ഥന ക്രിസ്തു പഠിപ്പിച്ചിട്ടില്ല. ''നിന്റെ രാജ്യം വരണമേ'' എന്നാണ് അതിൽ ഉരുവിടുന്നതു്. പിതാവിന്റെ രാജ്യവും അതിന്റെ സംവിധാനവുമാണ്, സുവിശേഷത്തിന്റെ ആവിഷ്കരണത്തിലൂടെ ക്രിസ്തു അവതരിപ്പിച്ചതു്. സുവിശേഷപ്രചാരണത്തിൽ ക്രിസ്തു നല്കുന്നതിനേക്കാൾ ശ്രേഷ്ഠമായ മാതൃക വേറെയില്ല.

www.malankaralibrary.com



ജനം തടിച്ചുകൂടിയ പല സന്ദർഭങ്ങളിലും ക്രിസ്തു ചെയ്തതെന്താണ്? ''അവിടുന്നു വിജനപ്രദേശത്തേക്കു പിൻവാങ്ങി പ്രാർത്ഥനയിൽ മുഴുകിയിരുന്നു.'' (ലൂക്കാ. 5,16) ഇന്നു പ്രസംഗം ധാരാളം, മാനസാന്തരം ചുരുക്കം; യത്നമൊഴുപ്പു വളരെ, ഉല്പന്നം വിരളം: നെട്ടോട്ടവും ഒച്ചപ്പാടുമേറെ, കർത്താവിലേക്കു തിരിയുന്നവരുടെ സംഖ്യ പരിമിതം. എന്താണു കാരണം? രഹസ്യപ്രാർത്ഥനയുടെ കുറവുതന്നെ. കർത്താവിന്റെ വേല ആവശ്യപ്പെടുന്നതു് പ്രവർത്തനം മാത്രമല്ല. മുട്ടിപ്പായ പ്രാർത്ഥനയും കൂടിയാണു്. മുട്ടിന്മേൽ നിലകൊള്ളുന്നവനാണ് മുന്തിരിത്തോട്ടത്തിലെ നല്ല ജോലിക്കാരൻ.

ഉള്ളിൽ തട്ടിയ വേദപുസ്തകവാക്യം മറ്റുള്ളവരെ അറിയിക്കാൻ സുവിശേഷ സാക്ഷ്യാംഗം തത്രപ്പെടുന്നുണ്ട്. ആ ആശയത്തിന്റെ വ്യാപനത്തിനുവേണ്ടിയുള്ള പ്രാർത്ഥന അവന്റെ പ്രവർത്തനത്തെ ഫലമണിയിക്കും.

പ്രാർത്ഥന മാറ്റിനിർത്തിക്കൊണ്ടുള്ള പ്രവർത്തനമാകാം. അതു സുവിശേഷസാക്ഷ്യത്തിൽ വിലപ്പോകയില്ല. ഉറക്കംതൂങ്ങിയ പത്രോസിനു കിട്ടിയ നിർദ്ദേശം ''ഉണർന്നിരുന്നു പ്രാർത്ഥിക്കു''ന്നതിനത്രേ. വാളെടുത്തു എതിരാളികളോടു എതിരിടുവാനുള്ള ആ ശിഷ്യാഗ്രണിയുടെ ഗുരുഭക്തി പ്രകടനവും ആവേശവും ക്രിസ്തു അംഗീകരിക്കുന്നില്ല. ''വാൾ ഉറയിലിടുക'' എന്ന താക്കീതാണ് അപ്പോൾ ഏററു വാങ്ങേണ്ടിവന്നതു്. പ്രാർത്ഥനവെടിയൽ, പ്രാർത്ഥനയ്ക്കു പകരം പ്രവൃത്തി സ്വീകരിക്കൽ, മന്ദോഷ്ണസ്ഥിതിയിലേക്കു താഴൽ, ലോകസുഖത്തിന്റെ ചൂടുകൊള്ളൽ–എല്ലാം ക്രിസ്തുവിനെ തള്ളിപ്പറയുകയെന്ന ദൗർഭാഗ്യത്തിലേക്കു വീഴുന്ന കഥയാണ് വേദപുസ്തകം കാട്ടുന്നതു്.

ദൈവരാജ്യം പരത്താൻ യത്നിച്ചവരാണ് വിശുദ്ധന്മാരെല്ലാം. ഒരുവനും പ്രാർത്ഥന ഒഴിവാക്കിയില്ല. വി. ഫ്രാൻസിസ് സേവ്യർ നാടുനീളെ ഓടിനടന്നു. വി. കൊച്ചുത്രേസ്യാ കന്യകാലയത്തിന്റെ ആവൃതിക്കുള്ളിൽ പ്രാർത്ഥനനിമ

www.malankaralibrary.com



ഗ്നയായി.പ്രാർത്ഥനക്കാരിയായ ചെറുപുഷ്പത്തിന്റെ കുറുക്കുവഴി വിശുദ്ധയെ പ്രേഷിത മദ്ധ്യസ്ഥയായുയർത്തി.

ക്രിസ്തു ജറുസലേമിനെ നോക്കിക്കരഞ്ഞു. ഇന്നത്തെ നാഗരികതയും പുഴക്കുത്തു പിടിച്ചതുതന്നെ. സുവിശേഷത്തിന്റെ ഇരുമുനവാളാണ് പ്രതിവിധി.പരിഹാരബലിയർപ്പിച്ചും പ്രാർത്ഥിച്ചും സുവിശേഷസാക്ഷ്യാംഗം ഇന്നത്തെ തിന്മകളെ ഉന്മൂലനം ചെയ്യണം. മാനസാന്തരം വേണോ? നാക്കിട്ടടിപോരാ, ഉള്ളുരുകി പ്രാർത്ഥിക്കണം. മാതാപിതാക്കന്മാർ മക്കൾക്കുവേണ്ടി; അദ്ധ്യാപകർ ശിഷ്യന്മാർക്കുവേണ്ടി; ഇടയൻ ആടുകൾക്കുവേണ്ടി. സുവിശേഷത്തിന്റെ ദൌത്യം മനുഷ്യഹൃദയങ്ങളിൽ ആഴ്ന്നിറങ്ങണമെങ്കിൽ പ്രാർത്ഥന കൂടിയേ കഴിയൂ.

കർത്താവിന്റെ പ്രവർത്തനമാണ് ദൈവരാജ്യസംസ്ഥാപനം. കർത്താവിനോടൊത്തുവേണം അതിനു നീങ്ങാൻ. ''എന്നെക്കൂടാതെ നിങ്ങൾക്കൊന്നും സാധിക്കുകയില്ല'' എന്നാണല്ലൊ അവിടുത്തെ അറിയിപ്പ്.

## 5. ജീവിതത്തിൽ പകർത്തപ്പെടുന്ന സുവിശേഷം

*പ്രതിദിനം ചിന്തിക്കുകയും കുറിച്ചിടുകയും ചെയ്യുന്ന ആശയങ്ങൾക്ക് അനുസൃതമായി ജീവിതശൈലി രൂപപ്പെടുത്തുക. അതിനു വിരുദ്ധമായ കാര്യങ്ങൾ ആന്തരികമായാലും ബാഹ്യമായാലും ഒഴിവാക്കുക.*

കരുത്തുററതാണ് ദൈവവചനം. വി. പൗലോസ് പറയുന്നു: ''ദൈവത്തിന്റെ വചനം സജീവവും പ്രവർത്തനനിരതവുമാകുന്നു. അതു ഇരുമുനവാളിനേക്കാൾ മൂർച്ചയുള്ളതും പ്രാണനും ആത്മാവും സന്ധിബന്ധങ്ങളും മജ്ജയും തുളച്ചു കയറുന്നതും ഹൃദയവിചാരങ്ങളേയും ഉദ്ദേശ്യങ്ങളേയും വിവേചിച്ചറിയുന്നതുമാണ്'' (എബ്രാ. 4:12) മനുഷ്യവ്യക്തിത്വത്തെ ആസകലം ഇളക്കിമറിക്കാൻ കരുത്തുള്ളതാണു വചനം. അതു ഉള്ളിൽക്കൊണ്ടാൽ മാത്രം പോരാ; പുസ്തകത്തിൽ എഴുതിയിട്ടതുകൊണ്ടുമാകുന്നില്ല;അതിനെക്കുറിച്ചു വാചാ

www.malankaralibrary.com



ലത കാട്ടുന്നതുകൊണ്ടും തൃപ്തിപ്പെട്ടുകൂടാ; ബാഹ്യവും ആഭ്യന്തരവുമായ എല്ലാ പെരുമാററങ്ങളിലും അതിന്റെ ശക്തി പ്രതിഫലിക്കണം.

''സന്ധിബന്ധങ്ങളും മജ്ജയും തുളച്ചുകയറാൻ'' പോരുന്നതാണല്ലോ വചനം. അതു മനോമാററം വരുത്തണം; പ്രവൃത്തി അതിനു അനുസൃതമാകണം. പ്രവൃത്തിയിലൂടെ പുറത്തു വരുന്നില്ലെങ്കിൽ ദൈവവചനം ഉള്ളിൽ തട്ടിയില്ലെന്നാണർത്ഥം.

ഉള്ളിലിരുപ്പ് ഒന്നും ബാഹ്യവൃത്തി മറെറാന്നും ആകാം. അകത്തു കത്തിയും പുറത്തു ഭക്തിയും. കാപട്യമാണതു്. സുവിശേഷപ്രകടനങ്ങളിൽ രണ്ടു വിധത്തിലുള്ള കപടമുഖങ്ങൾക്കു സ്ഥാനമുണ്ട്. ഒന്നു, ദൈവവചനം ഹൃദയത്തിലില്ല, പ്രവൃത്തിയിലുമില്ല, എങ്കിലും ശബ്ദമുഖരിതമായ സുവിശേഷ പ്രഘോഷണം നടത്തുന്നു. ചെകുത്താന്റെ വേദമോതൽ എന്നോ വേശ്യയുടെ ചാരിത്ര്യപ്രസംഗം എന്നോ ഇതിനെ വിശേഷിപ്പിക്കാം; രണ്ടു്, വചനം ഗ്രഹിച്ചിട്ടുണ്ട്, പ്രായോഗികമാക്കുന്നില്ല, പ്രഘോഷണത്തിനു താല്പര്യം കാണിക്കുകയും ചെയ്യുന്നു. ഇതു പ്രവൃത്തിയില്ലാത്ത വിശ്വാസമാണ്, ആത്മാവില്ലാത്ത ശരീരമാണ്. ഈ രണ്ടു തരത്തിലുള്ള സുവിശേഷഘോഷണങ്ങളും ഫലം തരികയില്ല. ഇന്നത്തെ സുവിശേഷ പ്രവർത്തനങ്ങളുടെ പരാജയത്തിനുള്ള ഹേതു വേറെങ്ങും തിരയേണ്ടതില്ല.

കപടമുഖത്തെ ലോകം മതിച്ചെന്നിരിക്കും. നല്ലപിള്ള ചമയാൻ ആർക്കും കഴിയുമല്ലോ. സുവിശേഷവക്താവിനു മുഖംമൂടി ഗുണം ചെയ്യുകയില്ല. അവന്റെ കണക്കുപുസ്തകം തുറക്കേണ്ടതു ദൈവത്തിന്റെ മുമ്പിലാണ്. അവിടെ മൂടിവെക്കലിനു സ്ഥാനമില്ല. ''ദൈവത്തിന്റെ ദൃഷ്ടിയിൽ നിന്നു ഒരു സൃഷ്ടിയും മറഞ്ഞിരിക്കുന്നില്ല; അവിടുത്തെ കൺമുമ്പിൽ സർവ്വതും അനാവൃതവും സ്പഷ്ടവുമാണ്. അവിടത്തെക്കാണു നാം കണക്കുകൊടുക്കേണ്ടതു്'' (എബ്ര. 4:13).

ലൗകായതികനാണ് മുഖാവരണത്തിനു തത്രപ്പെടുന്നതു്. അക്കാര്യത്തിൽ ലോകം മുൻപന്തിയിൽതന്നെ. ലോകത്തിന്റെ

www.malankaralibrary.com



മൂടുപടത്തെ വെല്ലാൻ സുവിശേഷക്കാരൻെറ കപടമുഖത്തിനു കഴിയുകയില്ല. യൂദാസിൻെറ സ്നേഹചുംബനവും ധൃതരാഷ്ട്രരുടെ ഗാഢാലിംഗനവും തോക്കുനിറയൊഴിച്ചുകൊണ്ടുള്ള സെക്യൂരിററി ഗാർഡിൻെറ നേതൃവന്ദനവും ബോംബു വിസ്ഫോടനം കരുതിക്കൊണ്ടുള്ള മഹിളയുടെ ഹാരാർപ്പണവും കാട്ടുന്നതെന്താണ്? എല്ലാം പൊയ്മുഖങ്ങളാണെന്നെ. പേടിപ്പെടുത്തുന്ന മുഖംമൂടികൾ. മധുരച്ചിരിയും ചക്കരവാക്കും വിഷം നിറച്ച ഹൃദയവും.

''നീയൊരുധന്യ
നിലയമെന്നു്
നീയൊരു വിജ്ഞാന
ബന്ധുവെന്നു്
നീയൊരു യോഗ്യനാം
യോഗിയെന്നു്
ഹന്ത! ഞാനയ്യോ!
നിനച്ചു പോയി''

എന്നാൽ അടുത്തറിഞ്ഞപ്പോഴോ

''ഒട്ടൊട്ടടുത്തപ്പോളങ്ങു കാണായ്
മോട്ടിട്ടുനില്ക്കുന്ന കാളകൂടം
പട്ടാംബരം ചുററിനിന്നിടുന്നോ
ദുഷ്ടതമാനുഷവേഷമേന്തി?
പട്ടിൽ പൊതിഞ്ഞൊരു തീക്കനലേ
കഷ്ടമിതാരുനിനച്ചിരുന്നു''

ഉപ്പിനേക്കാൾ പുളി ഉപ്പിലിട്ടതിനുണ്ടു്. തനി ചെകുത്താനേക്കാൾ ദോഷകാരി ദൈവദൂതൻെറ വേഷം കെട്ടിയ ചെകുത്താനത്രേ. ലോകത്തിൻെറ കാപട്യത്തേക്കാൾ ഭീകരമാണ് സുവിശേഷക്കാരൻെറ കാപട്യം. ലോകത്തെ നേരെയാക്കാൻ അവനു സാധിക്കയില്ല.

ലോകകപടതയുടെ മുഖംമൂടി മാററുക സുവിശേഷസാക്ഷ്യകാരൻെറ ലക്ഷ്യമാണ്. ദൈവവചനത്തിനനു

www.malankaralibrary.com



സ്വതമായി ജീവിതശൈലി രൂപപ്പെടുത്തിയെങ്കിലേ അതു സാധിക്കൂ. ചിന്തയും പെരുമാററവും സുവിശേഷവിഹിതമായിരിക്കണം. കേവലവായനയിലല്ല സുവിശേഷസാക്ഷ്യം, അതിനു മാനസാന്തരം കൂടിയേ കഴിയൂ.

## 6. സുവിശേഷസാക്ഷ്യത്തിനു സഹായകമായ വായന

*സുവിശേഷവത്ക്കരണം സംബന്ധിച്ചു ലേഖനങ്ങളും ഗ്രന്ഥങ്ങളും ക്രമമായി വായിക്കയും വായിപ്പിക്കുകയും ചെയ്യുക.*

കർമ്മപരിപാടിയുടെ ലക്ഷ്യം സുവിശേഷാവബോധം ഉളവാക്കലത്രേ. ക്രിസ്തീയസാരസർവ്വസ്വം ഉൾക്കൊള്ളൽ! ദൈവസ്നേഹത്തിൽ മുഴുകുക; അതുൾക്കൊള്ളുന്ന നവ്യജീവിതത്തിൽ വളരുക; ദൈവികമായ ആരോഗ്യചേതനയെ നിർജ്ജീവമാക്കുന്ന പാപത്തിന്റെ കൊടിയ വിഷം നിർമ്മാജ്ജനം ചെയ്യുക; ഏകരക്ഷാകേന്ദ്രമായി ക്രിസ്തുവിനെ സ്വീകരിക്കുക; പരിശുദ്ധാത്മസാന്ത്വനത്തിൽ ശരണംഗമിക്കുക—എല്ലാം സുവിശേഷാവബോധം ഉൾക്കൊള്ളുന്നു. അനുനിമിഷം ഈ വളച്ച് സാധ്യമാകണം; വളർച്ചയെ കെടുത്തുന്ന കീടങ്ങളെ സർവ്വദാ അകററണം. അവ ആണ്ടിലൊരിക്കലോ വല്ലപ്പോഴുമോ മാത്രം പോരാ. ശ്വാസോച്ഛ്വാസം ആണ്ടിലൊരിക്കൽ മതിയാവില്ലല്ലോ.

അനുക്രമമായ ഈ വളർച്ച ഇന്നു നടക്കുന്നില്ല. ഇന്നത്തെ സുവിശേഷമാന്ദ്യത്തിന്റെ ഹേതുവും അതുതന്നെ. സുവിശേഷത്തിന്റെ ചേരിയിലാണ്. എന്നാൽ, സുവിശേഷതീക്ഷ്ണതയില്ല; അവബോധം വളരുന്നില്ല; പ്രവർത്തനമായി രൂപാന്തരപ്പെടുന്നില്ല. ''ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും'' എന്ന ദയനീയതയിലേക്കു ക്രിസ്തീയവ്യക്തിയും സമൂഹവും താഴുന്നു.

സുവിശേഷസാക്ഷ്യകർമ്മപരിപാടി ആഗ്രഹിക്കുന്നതു് ഈ കെട്ടതിക്ക് ഉടനടി വിരാമമിടണമെന്നാണ്; ആന്തരിക ഉദ്ബോധനം അനുനിമിഷം നിർവ്വഹിക്കുന്ന സദുപദേഷ്ടാവാ

www.malankaralibrary.com



യി വർത്തിക്കണം; ഇടതടവില്ലാതെ ആഞ്ഞുവീശിക്കൊണ്ടിരിക്കുന്ന ലൗകായതികഭീഷണികളെ നേരിടണം. സ്വന്തമായ ഒരു ബുള്ളററിൻ എങ്കിലും അതിനു കൂടിയേ കഴിയൂ. നിസ്വമായ ഈ കർമ്മപരിപാടിക്ക് ഒരു ബുള്ളററിൻ നടത്തുവാൻ ഇന്നത്തെ നിലയിൽ കഴിവില്ല. തന്മൂലം മററു പ്രസിദ്ധീകരണങ്ങളുടെ കൈത്താങ്ങ് ആശ്രയിക്കാൻ നിർബന്ധിതമായിരിക്കുന്നു. ഇപ്പോൾ ആ സഹകരണം 'പ്രേഷിതകേരള'മാണു നല്കിക്കൊണ്ടിരിക്കുന്നതു്. പ്രേഷിത കേരളത്തിൻെറ ഇതര ലക്ഷ്യങ്ങൾ സുവിശേഷസാക്ഷ്യകർമ്മപരിപാടിക്ക് അനുയോജ്യവുമാണ്.

സുവിശേഷസാക്ഷ്യ കർമ്മപദ്ധതിയെക്കുറിച്ച് അറിയിപ്പും വിശദീകരണവും നല്കുക; ഗ്രൂപ്പുകളുടെ പ്രവർത്തന റിപ്പോർട്ട് പ്രസിദ്ധീകരിക്കുക; അംഗത്വം സ്വീകരിക്കുന്നവരുടെ പേരുവിവരം നല്കുക; സുവിശേഷവത്ക്കരണദശകം സംബന്ധിച്ച കാലോചിതലേഖനങ്ങൾക്കും അറിയിപ്പുകൾക്കും പ്രാമുഖ്യം നല്കുക; ഗ്രൂപ്പുചർച്ചകൾക്ക മാസംതോറും വിഷയം നിർണ്ണയിക്കുക; കർമ്മപരിപാടിയെക്കുറിച്ചുള്ള വിലയിരുത്തലിനു് അവസരം ഉണ്ടാക്കുക; അംഗങ്ങളുടെ നിർദ്ദേശമനുസരിച്ച് സുവിശേഷപരമായ പഠനങ്ങൾക്ക സ്ഥാനംകൊടുക്കുക—എല്ലാം ഈ മാസികയിലൂടെ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവവിളി വളർത്തൽ, മിഷനറിമാരുടെ പ്രവർത്തന വിവരണം, ലൈബ്രറിപ്രസ്ഥാനത്തിലൂടെയുംമററുംഇടവക നവോത്ഥാനംഎന്നിവ സുവിശേഷവത്ക്കരണത്തെ ഉജ്ജീവിപ്പിക്കുന്നതാണ്.

പ്രതിമാസ ഗ്രൂപ്പുചർച്ച സുവിശേഷസാക്ഷ്യം യൂണിററുകൾക്കുണ്ട്. സുവിശേഷാവബോധം വളർത്താൻ കരുത്തുററ പരിപാടി. ചർച്ചയുടെ റിപ്പോർട്ട് ഓഫീസിൽ കിട്ടിക്കൊണ്ടിരിക്കുന്നു. ഒരു യൂണിററിൽനിന്നും എഴുതുന്നു: ''ഞങ്ങളുടെ ഗ്രൂപ്പിൽ ഒരു മാസിക മാത്രമേയുള്ളു; തന്മൂലം, എല്ലാ അംഗങ്ങൾക്കും ചർച്ചാവിഷയം ഒരുങ്ങിവരാൻ സാധിക്കുന്നില്ല. അതിൻെറ10 കോപ്പിക്കുവേണ്ടി ഞങ്ങൾ എഴുതിയിട്ടുണ്ട്. അതു കിട്ടിക്കഴിയുമ്പോൾ ഗ്രൂപ്പുചർച്ച കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കുന്നതാണ്.'' ഇതുപോലെയുള്ള കത്തു

www.malankaralibrary.com



വേറെയുമുണ്ട്. സുവിശേഷസാക്ഷ്യം പ്രവർത്തനങ്ങൾക്കു പ്രേഷിതകേരളം നല്കുന്ന ഫലസിദ്ധി ഇതു വെളിപ്പെടുത്തുന്നുണ്ടല്ലോ.

സുവിശേഷവത്ക്കരണദശകം പ്രമാണിച്ച് ആസൂത്രിതമായിരിക്കുന്ന ഈ കർമ്മപദ്ധതിയുടെ പ്രവർത്തനരീതി വെളിപ്പെടുത്തുന്ന പ്രബന്ധങ്ങളൊന്നും ഇനിയും രൂപപ്പെട്ടു കഴിഞ്ഞിട്ടില്ല. കർമ്മപരിപാടിയെക്കുറിച്ചുള്ള ഒരു ലഘു വിശദീകരണപരമ്പര പ്രേഷിതകേരളത്തിന്റെ ലക്കങ്ങളിലൂടെ തുടർച്ചയായി നല്കിക്കൊണ്ടിരിക്കുന്നു. ഈ പുതിയപദ്ധതിയെപ്പററി ഗ്രഹിക്കാൻ ഇപ്പോൾ ഇതുമാത്രമാണവലംബം. ആ പരമ്പര ഒന്നു പിന്തുടരട്ടെ. വ്യക്തിയുടെയും സമൂഹത്തിന്റെയും ഊർജ്ജകേന്ദ്രമായി പ്രവർത്തിക്കാൻ ഈ എളിയപദ്ധിക്കുള്ള ത്രാണി അപ്പോഴേ മനസ്സിലാകൂ.

'പ്രേഷിതകേരള'ത്തിന്റെ ലക്ഷ്യാധിഷ്ഠിതപ്രകൃതിയാണ് സുവിശേഷബോധവത്ക്കരണം. തുടരെയുള്ള വായനയിലൂടെ സുവിശേഷാവബോധം അനുവാചകനിൽ സംജാതമാക്കാമെന്നാണ് ഈ പ്രേഷിതപ്രസിദ്ധീകരണത്തിന്റെ പ്രത്യാശ. അതു വായിപ്പിക്കുന്നതിലൂടെ അപരനിലും ഈ മനോഭാവം ഉളവാക്കാൻ സാധിക്കും. സുവിശേഷസാക്ഷ്യാംഗം ഇക്കാര്യത്തിൽ മനസ്സിരുത്തട്ടെ*

## 7 ആവിഷ്കാരം മാധ്യമങ്ങളിലൂടെ

*പ്രസംഗം, ലേഖനം, കലാരചനകൾ എന്നിവയിലൂടെ കഴിയുന്നവർക്ക് സുവിശേഷാവബോധം ആവിഷ്കരിക്കാം*

സുവിശേഷചൈതന്യത്തിന്റെ ബോധവത്ക്കരണത്തിനാണ് സാക്ഷ്യപദ്ധതി ശ്രമിക്കുന്നത്. ആന്തരികമായ നിറയൽ ബാഹ്യമായ കവിഞ്ഞൊഴുകലിനു ഇടവരുത്തും; സുവിശേഷചൈതന്യത്തിന്റെ നല്ല ഫലങ്ങൾ ഉണ്ടാകും. നല്ല വൃക്ഷം സത്ഫലം പുറപ്പെടുത്തുന്നതുപോലെ.

*ഇപ്പോൾ ഈ ലക്ഷ്യത്തോടുകൂടി നീങ്ങുന്ന പ്രസിദ്ധീകരണം ഒന്നും തന്നെയില്ല.

www.malankaralibrary.com



''സകലജാതികളോടും പ്രസംഗിക്കു''ന്നതിനുള്ള നിർദ്ദേശം സുവിശേഷസാക്ഷ്യകാരനുണ്ട്. ഓരോവിധം പ്രകൃതിയാണ് ഓരോ വ്യക്തിക്കും. വാക്കോ വരയോ കഥയോ കവിതയോ മറെറന്തെങ്കിലുമോ ഓരോരുത്തനും സ്വായത്തമായിക്കാണും. ആന്തരികസുവിശേഷചോദന അവരുടെ സംഭാഷണത്തിലൂടെ, പ്രഭാഷണത്തിലൂടെ, ചിത്രീകരണത്തിലൂടെ, കവിതയിലൂടെ ആവിഷ്കൃതമാകും. ഇത്തരം ആവിഷ്കാരം ഉളവാകുന്നില്ലെങ്കിൽ ആന്തരികചോദനയുടെ അഭാവമെന്നു കരുതിയാൽ മതി.

കലാത്മകത തകർത്തുകളയുമെന്നു സുവിശേഷചൈതന്യത്തെക്കുറിച്ചു പറയുന്നതു ശരിയല്ല. ഉത്തമസാഹിത്യരചനയ്ക്കു ടോംസ്റേറായി എടുത്തുകാണിക്കുന്നതു് ഡോസ്റ്റോവിസ്കിയുടെ കൃതികളും വിക്ടർയൂഗോയുടെ ''പാവങ്ങ''ളും ചാൾസ്ഡിക്കൻസിൻെറ കഥകളും ജോർജ്ജ് എലിയററിൻെറ ''ആഡംബീഡ്'' തുടങ്ങിയ കൃതികളുമാണ്. ഈ ശ്രേഷ്ഠ കൃതികളെല്ലാം ക്രിസ്തുവിൻെറ ഉപമകളെ മാതൃകയാക്കുന്നവെന്നത്രേ ടോംസ്റേറായിയുടെ അഭിപ്രായം. സുവിശേഷത്തിൻെറ ആഴത്തിലും പരപ്പിലും മുഴുകുന്നവർക്ക് എങ്ങനെ കലാത്മകത്വം നഷ്ടമാകും!

സുവിശേഷദർശനം, അതുളവാക്കുന്ന വൈകാരികസാന്ദ്രത, ആ വികാരാവിഷ്കാരത്തിനുള്ള ഭാഷാസ്വാധീനം, അനുയായികളെ നിലനിർത്താനുള്ള കഴിവ് എന്നിവയെല്ലാം ഈ രംഗത്തെ നേതൃത്വത്തിനുള്ള ഉപാധികളാണ്.

സുവിശേഷദർശനചക്രവാളം വികസ്വരമാകുന്നതിനനുസരിച്ച് ഇവിടെ നേതൃത്വത്രാണിയേറും. ദർശനം കേവലം ശുഷ്കമായാൽ പോരാ; അതു ചലനാത്മകമാകണം, വികാരതീവ്രമാകണം. സുവിശേഷദർശനത്തിനു ചേർന്ന വൈകാരികസാന്ദ്രത, തീക്ഷ്ണത ഒരുവനെ പ്രവർത്തനത്തിനു പ്രേരിപ്പിക്കും, ചൂടുപിടിച്ചു തിളയ്ക്കുന്ന വെള്ളമുയർത്തുന്ന ആവി വണ്ടിച്ചക്രങ്ങൾ തിരിക്കുന്നതുപോലെ. വികാരാവിഷ്കാരത്തിന് ഉപാധി വേണം—വാക്കോ വർണ്ണമോ. പൗലോസ്ശ്ലീഹാ പ്രകടിപ്പിച്ചതു് വാഗ്വൈഭവമാണ്. ശുദ്ധവും

www.malankaralibrary.com



സ്വച്ഛവുമായ ഭാഷ. സുവിശേഷത്തിൻെറ വിശാലദർശനവും അത്യുയർന്ന തീക്ഷ്ണതയും അതാവിഷ്കരിക്കാൻ പോരുന്ന ശുദ്ധഭാഷാസ്വാധീനവുമുള്ളവൻ പ്രശംസനീയനാണ്. അതു അംഗീകരിക്കാൻ അനുയായികൾ ചുററുംകൂട്ടും. അനുഗാമികളെ കർമ്മപഥത്തിൽ സുസ്ഥിരരാക്കുന്നതിനുള്ള മികവ് ഇനിയും വേണം. നേതൃത്വാധന്യതയുള്ള ഇത്തരം വ്യക്തികളെ ഉയർത്തണമെന്നത്രേ സുവിശേഷസാക്ഷ്യം ലക്ഷ്യം വെക്കുന്നത്.

വാക്കും വർണ്ണവുംകൊണ്ട് ആവിഷ്കരിക്കാം. അതുകൊണ്ടുമാത്രം സുവിശേഷം തൃപ്തിപ്പെടുന്നില്ല. സാധാരണ ഭാഷയല്ല ഇവിടത്തെ ആവിഷ്കാരഭാഷ. തെക്കൻഭാഷയും വടക്കൻഭാഷയും ഇംഗ്ലീഷുഭാഷയും മലയാളഭാഷയും ചങ്ങമ്പുഴയുടെ ഭാഷയും സി. വി. രാമൻപിള്ളയുടെ ഭാഷയുമെല്ലാമുണ്ട്. പൗലോസ്ശ്ലീഹായുടെ വാക്കുകളിൽ മനുഷ്യൻെറ ഭാഷയും മാലാഖയുടെ ഭാഷയുമുണ്ട്. ഇവയിലൊന്നും ഒതുങ്ങുന്നതല്ല സുവിശേഷത്തിൻെറ ആവിഷ്കാരഭാഷ. അതു ലോകസാധാരണഭാഷയല്ല; സ്നേഹത്തിൻെറയും വിശുദ്ധിയുടെയും ഭാഷയാണ്. സ്നേഹത്തിൻെറയും വിശുദ്ധിയുടെയും ഭാഷയിലൂടെ, സാക്ഷ്യത്തിലൂടെ മാത്രമേ ആ ആവിഷ്കാരം പൂർണ്ണമാകൂ!

## 5 യൂണിററുപ്രവർത്തനം

### *1. ഏതാനും അംഗങ്ങൾ (എട്ടോ പത്തോ) ചേർന്നാൽ ഒരു യൂണിററ് രൂപപ്പെടുത്താം*

"പരമാത്മാവിൽ മുഴുകിയവനാണത്രേ. എന്നാൽ, ഭാര്യയുടെയോ മക്കളുടെയോ ഞെരിപിരികൊള്ളലിൻേറയും വയറെരിയലിൻേറയും കാര്യം തെല്ലും അറിയുന്നില്ല". ഒരു ഭക്തനെക്കുറിച്ചുള്ള പരാതിയാണിത്. വ്യക്തിഗതം മാത്രമാകുന്ന ഈശ്വരഭക്തി സമൂഹത്തിലേക്കു കണ്ണുതിരിക്കുകയില്ല. താനും ഈശ്വരനും എന്നു മാത്രമേ ചിന്തിക്കൂ. ഈ ഭാവം ക്രിസ്തീയതയ്ക്കു ചേർന്നതല്ല. ദൈവോന്മുഖതയോടൊപ്പം സഹോദരോന്മുഖതയും ക്രിസ്തീയതയിൽ കൂടിയേ കഴിയൂ. സഹോദരനെ സ്നേഹിക്കാത്തവനു ദൈവത്തെ സ്നേഹിക്കാൻ ആവില്ല.

www.malankaralibrary.com


നിന്നെപ്പോലെ അയൽക്കാരനേയും സ്നേഹിക്കണമെന്നതു ഇവിടെ പ്രധാനപ്രമാണമത്രേ. സമൂഹത്തിന്റെ പുളിമാവാ യിരിക്കേണ്ട സുവിശേഷസാക്ഷ്യാംഗം കൂട്ടായ്മയോടെ നീങ്ങേ ണ്ടതാണ്.

വേദപുസ്തകത്തിൽ ആദ്യന്തം കൂട്ടായ്മയുടെ കഥ യുണ്ട്. തിരഞ്ഞെടുത്ത ഒരു സമൂഹത്തിലൂടെ ദൈവം ലോക ത്തെ അനുഗ്രഹിക്കൽ; ആ സമൂഹത്തെ നിർദ്ദിഷ്ടനേതാവു നയിക്കൽ—ബൈബിളിന്റെ ശൈലിയാണിതു്. മൂന്നാളുക ളുടെ നാമധേയം ദൈവം മനസ്സറിഞ്ഞു തിരുത്തുന്നുണ്ട്; ആ മൂന്നുപേരും തിരഞ്ഞെടുത്ത സമൂഹത്തിന്റെ നേതാക്കന്മാ രായിരുന്നു. വിശ്വാസികളുടെ പിതാവായ ഏബ്രഹാമും ഇസ്രാ യേൽവംശനേതാവും ദൈവത്താൽ പേരുമാററപ്പെട്ട അനുഗൃ ഹീതരാണ്. പുതിയ ഇസ്രായേലിന്റെ അടിസ്ഥാനശില യായി ഉയർത്തപ്പെട്ടവനത്രേ ദൈവത്താൽ പേരുമാററപ്പെട്ട പുതിയനിയമത്തിലെ വ്യക്തി. യോനായുടെ പുത്രനായ ശിമയോനത്രേ പത്രോസായി മാററപ്പെട്ടതു്. മനുഷ്യരിലൂടെ ദൈവാനുഗ്രഹം ഒഴുക്കിയ തിരഞ്ഞെടുക്കപ്പെട്ട സമൂഹത്തിന്റെ കഥ പുതിയ ഇസ്രായേലിലൂടെ—സഭയിലൂടെ—തുടരുന്നു.

സഭാചൈതന്യത്തിന്റെ ത്രസിക്കുന്ന സെല്ലായിത്തീ രണം സുവിശേഷസാക്ഷ്യം. സമൂഹബന്ധിയാണല്ലോ സു വിശേഷം. സുവിശേഷസാക്ഷ്യപദ്ധതിയും കൂട്ടായ്മയ്ക്കു പ്രാ മുഖ്യം കൊടുത്തേ മതിയാവൂ; ഏട്ടോ പത്തോ അംഗങ്ങൾ ഒത്തു ചേർന്നാൽ സുവിശേഷസാക്ഷ്യത്തിന്റെ ഒരു സെല്ലിനു രൂപം കൊടുക്കാം.

സുവിശേഷവൽക്കരണത്തിനു ശിഷ്യസമൂഹമാണ് പ്രഥമത: നിയോഗിതമായതു്. ഇന്നത്തെ പ്രവർത്തനത്തിനും ഇതുതന്നെ മാതൃക. ഒററയ്ക്കുള്ള നീക്കത്തേക്കാൾ കൂട്ടായ യത്നം കൂടുതൽ ഫലം നല്കും.

അപ്പസ്തോലന്മാർ ഭീരുതയിൽ മുഴുകിയ ഘട്ടമുണ്ടാ യല്ലോ. അവർ ഒന്നിച്ചുകൂടി പ്രാർത്ഥിച്ചു; പരിശുദ്ധാത്മാ വിനെ സ്വീകരിക്കാനും ശക്തി സംഭരിക്കാനും ധീരതയോടെ പ്രസംഗിക്കാനും അതു് അവസരമായി. ''എന്റെ നാമത്തിൽ

www.malankaralibrary.com



രണ്ടോ മൂന്നോ പേർ കൂടുന്നിടത്തു ഞാനുമുണ്ടെ''ന്നത്രേ ഗുരുവിൻെറ വാഗ്ദാനം.

പ്രായമോ ഉദ്യോഗമോ സുവിശേഷസാക്ഷ്യഗ്രൂപ്പു രൂപീകരണത്തിനു ബാധകമല്ല. വിദ്യാർത്ഥികൾ, വിദ്യാർത്ഥിനികൾ, അധ്യാപകർ, തൊഴിലാളികൾ, ഇടവകാംഗങ്ങൾ എന്നിവർക്കെല്ലാം ഒന്നിച്ചുചേർന്നു പ്രവർത്തിക്കാം. ഒരു യൂണിററിൽ അംഗസംഖ്യ 10—ൽ കവിയാതിരിക്കുന്നതാണു നല്ലതു്. പള്ളിക്കൂടം, പള്ളി എന്നിവിടങ്ങളിൽ അംഗങ്ങൾ കൂടുതലുണ്ടായെന്നു വരും. അപ്പോൾ യൂണിററുകളുടെ എണ്ണം വർദ്ധിപ്പിക്കാമല്ലോ. ഒരു ക്ലാസിൽതന്നെ പല യൂണിററുകൾ ആകാം. പള്ളിക്കൂടത്തിലാണെങ്കിലോ? ഇഷ്ടമുള്ളത്ര ഗ്രൂപ്പുകൾ. അധികസ്യ അധികംഫലം എന്നുണ്ടല്ലൊ.

സുവിശേഷവൽക്കരണത്തിൻെറ ഉത്തേജകശക്തിയാവുകയത്രേ യൂണിററുകൾ ചെയ്യുന്നതു്. ഏതാനും യൂണിററുകൾ ഒരു സ്ഥാപനത്തിലുണ്ടായാൽ സുവിശേഷചൈതന്യത്തിൻെറ ആരോഗ്യത്തിളപ്പുകൊണ്ടു അവിടം ഓളംവെട്ടാതിരിക്കയില്ല.

സുവിശേഷാവബോധം വർദ്ധമാനമാക്കുന്ന ഉത്തരവാദിത്വത്തിൽനിന്നും ഒരു ക്രിസ്തീയമേഖലയും ഒഴിവാക്കപ്പെടുന്നില്ല. ഇക്കാര്യത്തിൽ തികവിലെത്തിയെന്നു് ആരും അഹങ്കരിക്കാതിരിക്കട്ടെ. വൈദികർ, സന്ന്യാസികൾ, സന്ന്യാസിനികൾ, സെമിനാരിക്കാർ തുടങ്ങിയവരെല്ലാം സുവിശേഷസാക്ഷ്യവുമായി ബന്ധപ്പെടേണ്ടതാണ്. സുവിശേഷതീക്ഷ്ണത ഒരു പടികൂടി ഉജ്ജ്വലിതമാക്കാൻ ഈ കർമ്മപദ്ധതി സഹായകമായിത്തീരും; ചൈതന്യം മററുള്ളവരുമായി പങ്കുവെക്കയും ചെയ്യാമല്ലോ. ആശ്രമങ്ങൾ, മഠങ്ങൾ, സെമിനാരികൾ, വൈദികമന്ദിരങ്ങൾ എന്നിവിടെയെല്ലാം സുവിശേഷസാക്ഷ്യയൂണിററുകൾ ആരംഭിക്കട്ടെ. ഇന്നത്തെ നിശ്ചലത മാററാനും സുവിശേഷാവേശം പൂർവ്വാധികം ഉണർത്താനും ഇതിലൂടെ കഴിയും.

യൂണിററുപ്രവർത്തനത്തിൻെറ ലഘുവിശദീകരണം തുടർന്നു നല്കുന്നതാണ്.

www.malankaralibrary.com



### 2. ഓരോ യൂണിററിനും പ്രൊമോട്ടർ

ഓരോ യൂണിററിനും ഒരോ പ്രൊമോട്ടർ വേണം. സംഘടനാശക്തിയുടെ പിരിമുറുക്കമോ നിയമാവലിയുടെ വരിഞ്ഞു കെട്ടോ സുവിശേഷസാക്ഷ്യത്തിനില്ല. മനസ്സുള്ളവരുടെ പ്രവർത്തനമാണതു്. മനസ്സുള്ളടത്തോളമേ അതു നടക്കൂ. അപ്പസ്തോലസമൂഹമാണ് മാതൃക. ഓരോ സുവിശേഷസാക്ഷ്യയൂണിററിനും ഓരോ പ്രൊമോട്ടർ വേണം. ആദ്യത്തെ സുവിശേഷസംഘത്തിനു ലീഡർ ഉണ്ടായിരുന്നല്ലോ.

കേസറിയാഫിലിപ്പിയിൽവെച്ചു ശിഷ്യവ്യൂഹത്തോടു കർത്താവു ചോദിച്ചു, ജനങ്ങൾ തന്നെപ്പററി എന്താണു പറയുന്നതെന്നു്. ''സ്നാപകയോഹന്നാൻ'', ''ഏലിയാ'', ''ജറമിയാ'' ''പ്രവാചകന്മാരിൽ ഒരുവൻ'' എന്നീ വ്യത്യസ്തങ്ങളായ ഉത്തരങ്ങളാണു കിട്ടിയതു്. അഭിപ്രായ വോട്ടെടുപ്പിനു സുവിശേഷസത്യം വിട്ടുകൊടുത്താലുണ്ടാകുന്ന അപകടമാണിതു്. യോജിപ്പില്ലായ്മയുടെ ആശയബാഹുല്യം! സത്യം ചിതറിക്കപ്പെടുന്ന സ്ഥിതി!

''ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹാ''എന്നതാണു സത്യം. അതു പത്രോസ് പ്രഖ്യാപിക്കയും ചെയ്തു. ''ഭാഗ്യപ്പെട്ടവൻ'' എന്നു വിളിച്ചുകൊണ്ടത്രേ അപ്പോൾ ക്രിസ്തു ആ ശിഷ്യനെ അനുഗ്രഹിച്ചതു്. ''ജഡവും രക്തവുമല്ല, സ്വർഗ്ഗസ്ഥനായ പിതാവത്രേ'' ആ വെളിപ്പെടുത്തലിനു പ്രേരകം. (മത്താ. 16, 17) സുവിശേഷസത്യം ലോകശാസ്ത്രങ്ങളുടേതല്ല; വിദ്യാഭ്യാസകേന്ദ്രങ്ങളുടെതല്ല; ദൈവിക വെളിപാടാണ് അതിനു പിന്നിലുള്ളതു്. അതാണു പത്രോസിലൂടെ വെളിപ്പെട്ടതു്. ആ വെളിപാടു സംരക്ഷണത്തിൻെറ അടിത്തറയായി പത്രോസിനെ ഉറപ്പിക്കയും ചെയ്തു.

''ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹാ'' രക്ഷിക്കപ്പെടുവാൻ ആ ഒരു നാമമേയുള്ളു. ഈ വാർത്ത പ്രഖ്യാപിക്കുവാൻ സുവിശേഷസാക്ഷ്യം കടപ്പെട്ടിരിക്കുന്നു. ഈ ദൗത്യ നിർവ്വഹണത്തിൽ കാടുകയററം പാടില്ല. നേർവഴിത്താര കാട്ടുന്നതിനുള്ള ഉത്തരവാദിത്വമാണ് പ്രൊമോട്ടർക്കുള്ളതു്.

www.malankaralibrary.com



''സുവിശേഷസാക്ഷ്യം'' യൂണിററ് നാഥനില്ലാക്കളരി യാകരുത്. പലരുടെ ഇടയിൽ പാമ്പു ചാകയില്ലല്ലോ. വെളിപാടുരഹസ്യം പൊതുജനാഭിപ്രായത്തിനു വിട്ടുകൊടുക്കന്നേതു പന്തിയല്ല. യോഹന്നാൻ, ഏലിയാ, ജറമിയ തുടങ്ങിയ വ്യത്യസ്തചിന്തകളാണല്ലോ ക്രിസ്തുവിനെക്കുറിച്ചു സാധാരണക്കാർക്കുണ്ടായത്.

ഇന്നത്തെ സ്ഥിതിയും വ്യത്യസ്തമല്ല,
''പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കന്നു''

സുവിശേഷസാക്ഷ്യ യൂണിററിൻെറ ഏകാഗ്രതാസംരക്ഷണം പ്രൊമോട്ടറിലൂടെ സാധിക്കണം.

''ദൈവത്തിന്നുപദേശം തൊ–
ട്ടുവസാനിപ്പിപ്പോൻ ധന്യൻ''

സാമൂഹ്യമോ രാഷ്ട്രീയമോ വിദ്യാഭ്യാസപരമോ ആയ പഠനക്കളരിയോ സംഘടനയോ ആയി സുവിശേഷ സാക്ഷ്യം തരംതാഴരുത്. ജഡരക്തങ്ങൾ വെളിപ്പെടുത്തുന്ന ലൗകികസത്യമല്ല ഇവിടെ വിഷയം; സ്വർഗ്ഗസ്ഥനായ പിതാവ് വെളിപ്പെടുത്തിയിട്ടുള്ള ദൈവികസത്യങ്ങളാണ്. സഭയോടും സുവിശേഷത്തോടും ഇതിന് അഭേദ്യബന്ധമുണ്ടായിരിക്കണം. ഈ ബന്ധത്തിൽനിന്നും വ്യതിചലിക്കാതെ കർമ്മപരിപാടിയെ സംരക്ഷിക്കേണ്ടതു് പ്രൊമോട്ടറുടെ കർത്തവ്യമത്രേ.

ലൗകികപ്രേരണകളൊന്നും സുവിശേഷസാക്ഷ്യത്തിനില്ല. സ്വർഗ്ഗരാജ്യസ്ഥാപനമാണു ലക്ഷ്യം. അതു ഗൗരവബുദ്ധിയോടെ നിർവ്വഹിക്കേണ്ടതാണ്. ആ അനുഗൃഹീത സ്ഥിതി സുവിശേഷസാക്ഷ്യാംഗങ്ങളെ ബോധ്യപ്പെടുത്താൻ ഓരോ യൂണിററിൻെറയും പ്രൊമോട്ടർ ദത്തശ്രദ്ധനായിരിക്കണം.

പ്രൊമോട്ടറുടെ മികവു സുവിശേഷസാക്ഷ്യപ്രവർത്തനം വിജയപ്രദമാക്കും.

www.malankaralibrary.com



*3 വൈദികർ, കന്യാസ്ത്രീകൾ, സൺഡേസ്കൂൾ അധ്യാപകർ, സുവിശേഷത്തെക്കുറിച്ചു സാമാന്യമായ കാര്യവിവരമുള്ള ആൾ എന്നിവർക്കെല്ലാം പ്രൊമോട്ടർ ആകാവുന്നതാണ്.*

"യഥാരാജാ തഥാപ്രജാ:" എന്നുണ്ടല്ലോ. നേതാവിനെ അനുസരിച്ചിരിക്കും അനുയായി. സുവിശേഷസാക്ഷ്യയുണിററിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. പ്രൊമോട്ടറുടെ ഉത്തേജനം അതിനെ നേർപാതയിലൂടെ നയിക്കും; വിജയശ്രീലാളിതമാക്കും.

പററിയ ഉത്തേജകനെ ലഭിക്കുന്നതിലാണ് സുവിശേഷസാക്ഷ്യയൂണിററിന്റെ വിജയം. സുവിശേഷത്തെക്കുറിച്ച് ഉദ്ബോധനം നല്കാൻ വൈദികനേക്കാൾ പററിയ വ്യക്തി ആരാണുള്ളത്? അതിനുള്ള നീണ്ടപരിശീലനവും വിളിയും സന്നദ്ധതയുമാണ് അദ്ദേഹത്തിനുള്ളത്. ഇടവകയിൽ സുവിശേഷവാർത്തയുടെ ഉത്തേജനം നല്കുന്ന ശ്രമത്തിൽ അദ്ദേഹം മുഴുകിയിരിക്കുന്നു. ഇന്നത്തെ ഇടവകയുടെ വലുപ്പംമൂലം എല്ലാ തലങ്ങളിലും സുവിശേഷചൈതന്യം യഥാർഹം ഉണർത്താൻ വൈദികനു കഴിയുന്നില്ല. ഈ കുറവു പരിഹരിക്കുന്നതിനാണ് സുവിശേഷസാക്ഷ്യയൂണിററ് പരിശ്രമിക്കുന്നത്.

ചെറിയ യൂണിററാണു സാക്ഷ്യം ലക്ഷ്യംവെക്കുന്നത്. ഇടവകയിൽ ആവശ്യംപോലെ യൂണിററുകൾ. എല്ലാ യൂണിററിലും ഒന്നുപോലെ എത്തിച്ചേരാൻ വൈദികനു സമയം കിട്ടിയെന്നുവരില്ല. ധ്യാനവും പഠനവുംകൊണ്ട് സുവിശേഷവിജ്ഞാനത്തിൽ മികവുനേടിയിട്ടുള്ളവരാണ് ബ. കന്യാസ്ത്രീകൾ. മിക്ക ഇടവകകളിലും അവരുടെ സാന്നിധ്യമുണ്ട്. സുവിശേഷസാക്ഷ്യയൂണിററുകളെ നയിക്കാൻ അവരുടെ സഹകരണം മതിയാവും.

പള്ളിക്കൂടം, പള്ളി, ഹോസ്ററലുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെല്ലാം സുവിശേഷസാക്ഷ്യപരിപാടിക്ക പ്രസക്തിയുണ്ട്. എട്ടോ പത്തോ അംഗങ്ങളിൽ കൂടുതൽ ഒരു യൂണിററിൽ പാടില്ലതാനും. സുവിശേഷസാക്ഷ്യയൂണിററുകളുടെ

www.malankaralibrary.com



വളർച്ച പ്രൊമോട്ടറുടെ അഭാവംമൂലം തടസ്സപ്പെടരുത്. മതാധ്യാപകൻ സുവിശേഷതല്പരനും വേദവിജ്ഞാനീയത്തിൽ മികവുള്ളവനുമാണല്ലൊ. സന്നദ്ധതയുള്ള മതാധ്യാപകനു സുവിശേഷസാക്ഷ്യ യൂണിററിനു നേതൃത്വം കൊടുക്കാവുന്നതാണ്.

മതാധ്യാപനത്തിൽ ഏർപ്പെടുന്നില്ലെങ്കിലും വേദവിജ്ഞാനപടുക്കളായ ഉത്തമവ്യക്തികളെ ഒരോ സ്ഥലത്തും കണ്ടെത്തിയെന്നിരിക്കും. അവരുടെ ബൈബിൾവിജ്ഞാനവും ആധ്യാത്മികതീവ്രതയും ഉപയോഗപ്പെടുത്താതെ തുരുമ്പു പിടിക്കുന്നുണ്ടാവണം. അത്തരം വ്യക്തി സുവിശേഷസാക്ഷ്യത്തിൻെറ ഉത്തേജകനാകുന്നതു അയാൾക്കും യൂണിററിനും നല്ലതാണ്. സ്വയം വളരാനും മററുള്ളവരെ വളർത്താനും അതു് ഉപകരിക്കും.

വിപുലമായ പ്രവർത്തനസീമയാണ് ഈ കർമ്മപദ്ധതിയുടേതു്. വിശ്വാസികൾ ഉള്ളിടത്തെല്ലാം ഈ കർമ്മപരിപാടിയുടെ സദ്ഫലം പരക്കണം. ആത്മാർത്ഥതയുള്ള ആർക്കും ഉത്തേജകനാകാമെന്നുപറഞ്ഞല്ലൊ. സന്നദ്ധതയുണ്ടെങ്കിൽ ആശങ്കാകുലനാകാതെ ആ ഉത്തരവാദിത്വത്തിൽ തുടരാം. കർമ്മപദ്ധതിയുടെ പ്രചോദനവും വൈദികപടുക്കളുടെ സഹകരണവും അദ്ദേഹത്തിനു ലഭിക്കുന്നതാണ്. സുവിശേഷവത്ക്കരണത്തിനുള്ള ആത്മാർത്ഥതയാണ് സവിശേഷപ്രാധാന്യമർഹിക്കുന്നഘടകം.

www.malankaralibrary.com

# 5

# ഇടവകനവീകരണം

## I

## *ഇടവകയെ ഉണർത്താമോ?*

കരിശ് ഉയർത്തുന്ന ഒരു മന്ദിരം; ഒന്നോ അധികമോ വൈദികരുടെ സാന്നിധ്യം; കർബ്ബാനയും കമ്പസാരവും ആണ്ട ചാത്തവും നീണ്ടചാത്തവും കല്യാണച്ചടങ്ങും ശവസംസ്കാര ക്രമവും നടത്തുന്നതിനു സൗകര്യം; പെരുന്നാൾ കോലാഹല വും കരിമരുന്നുമേളവും പാട്ടുകച്ചേരികളും നാടകോത്സവ ങ്ങളും ആണ്ടുതോറും നിർബ്ബന്ധപൂർവ്വം പൊടിപൊടിക്കുന്നതിനു സാധ്യത; കോൺവെൻറും പള്ളിക്കൂടവും കൂടിയുണ്ടെങ്കിൽ ബഹുമോടി—നാട്ടുമ്പുറത്തെ ഒരു പള്ളിയുടെ ഏകദേശചിത്ര മായി.

ഒരു വികാരിയച്ചൻ അഭിമാനിക്കുന്നു; "മൂന്നു കൊല്ല ങ്ങൾക്കിടയിൽ പള്ളിയുടെ മുഖച്ഛായ മാററി; മുഖവാരം പുതിക്കിപ്പണിതു; റോഡുവക്കത്തു കൂററൻ ഒരു കരിശടിയു യർത്തി; നേഴ്സറിസ്കൂളും ഇംഗ്ലീഷ്മീഡിയം സ്കൂളും തുടങ്ങി; വേളാങ്കണ്ണിയിലേക്കും മലയാററൂരേക്കും തീർത്ഥാ ടനങ്ങൾ സംഘടിപ്പിച്ചു; സെമിനാറുകളും സിമ്പോസിയങ്ങ ളും നടത്തി—ഇനി എന്തു പരിഷ്കാരത്തിനാണ് ഇവിടെ സ്ഥാനമുള്ളത്?

ഇതുകൊണ്ടായോ? ചിലർ മറുചോദ്യമുയർത്തി, സുവി ശേഷചൈതന്യം ഉയർത്താൻ കഴിഞ്ഞില്ലെങ്കിൽ മറെറല്ലാം വ്യർത്ഥമല്ലേ? പള്ളിയുടെ ചുററളവിൽ എത്ര മദ്യഷാപ്പു കളുണ്ട്? കൊലപാതകം, ബലാൽസംഗം, മോഷണം, കൊള്ള കൾ തുടങ്ങിയ തിന്മകൾ കൂടുന്നോ കുറയുന്നോ? മതവിരുദ്ധത യുടെ അട്ടഹാസം ഉയരുന്നില്ലേ? സഭാവിരുദ്ധപ്രവണതകൾ കൊടി പറത്തുന്നില്ലേ? ആധ്യാത്മികതയെ തളർത്തുന്ന സാംക്ര മിക കീടബാധകൾ വിശ്വാസികളെ കാർന്നുതിന്നുന്നില്ലേ?

www.malankaralibrary.com



സുഖപ്രമത്തത മിന്നൽവേഗത്തിലല്ലേ വ്യക്തിയേയും കുടുംബത്തേയും കീഴ്പ്പെടുത്തുന്നത്? മതവിശ്വാസത്തെ ചവിട്ടിമെതിച്ചുകൊണ്ടുള്ള വിവാഹങ്ങൾ എത്രയെത്ര? മതബോധനത്തിനു മനസ്സുള്ളവർ കുറയുകയല്ലേ? എന്തു് അനുമാനമാണ് ഇതിൽനിന്നു വേണ്ടതു്? കുരിശിന്റെ സന്ദേശം നാട്ടിൽ മുഴങ്ങുന്നില്ലെന്നല്ലേ? പള്ളി ഉറക്കംതൂങ്ങുന്നുവെന്നല്ലേ?

ഗാഢസുഷുപ്തി മാററാമോ? രാവണനും രാക്ഷസക്കൂട്ടവും കുംഭകർണ്ണനെ ഉണർത്താൻ എത്ര പാടുപെട്ടു? പെരുമ്പറ മുഴക്കി; ആയുധം പ്രയോഗിച്ചു; കണ്ണുകളിൽ വെള്ളമൊഴിച്ചു—എന്നിട്ടും ഉണർന്നില്ല. ഇരുമ്പുലക്കകൊണ്ടു പ്രഹരിച്ചു; ആനയും കുതിരയും കഴുതയും ഒട്ടകവും ശരീരത്തിലൂടെ ഓടി; മാറിടരോമങ്ങൾ തുമ്പിക്കൈകൊണ്ടു മദയാനകൾ പിഴുതു; രാക്ഷസന്മാർ ഇരുമ്പുലക്ക ഉയർത്തി അടിച്ചു—എന്നിട്ടും ഫലം നാസ്തി. കുംഭകർണ്ണൻ ഉറക്കത്തോടെ ഉറക്കം തന്നെ.

പത്രോസ് ഉറങ്ങി, ഗൗരവമേറിയ മുഹൂർത്തത്തിൽ. ഉണർവ്വുററവനാകുന്നതിനുള്ള നിർദ്ദേശം ഗുരുവിൽ നിന്നുണ്ടായതു് ആ ശിഷ്യനെ അലട്ടിയില്ല. അവൻ നിദ്രാധീനനായിപ്പോയി. ആധ്യാത്മികപ്രതിസന്ധിയുടെ ഘട്ടത്തിലത്രേ പള്ളിയുടെ സുഖസുഷുപ്തി. അലസതയുടെ കൂർക്കംവലിയും ഉറക്കവും!

അത്യാഹിതം അറിഞ്ഞ ശിഷ്യൻ വാളെടുക്കാൻ മറന്നില്ല. ഗുരു അതാഗ്രഹിച്ചിരുന്നില്ലെങ്കിൽക്കൂടി, പള്ളിയും ആവേശംകൊള്ളുന്ന അവസരം വരുമ്പോൾ, പള്ളിക്കൂടം നിലനിർത്തലിനും അവകാശസംരക്ഷണത്തിനും വേണ്ടിയുള്ള വാളെടുക്കൽ. പ്രാർത്ഥന വെടിഞ്ഞും ആവേശപ്രകടനം!

ആന്തരികതയുടെ പ്രാർത്ഥനാജീവൻ കൂടാതെയുള്ള ക്രിസ്തുസ്നേഹം തണുത്തുപോകില്ലേ? അപ്പസ്തോലപ്രമുഖനെ അതു മന്ദോഷ്ണതയിലേക്കാണ് നയിച്ചതു്. ബാഹ്യമോടികളുടെ കോലാഹലങ്ങളിൽ ഭ്രമിക്കുന്ന പ്രാർത്ഥനാമന്ദിരം ആധ്യാത്മികമാന്ദ്യത്തിലേക്കു വീഴാതിരിക്കയില്ല; തികഞ്ഞ നിസ്സംഗതയിൽ താഴാതിരിക്കയില്ല. ജനം പ്രാർത്ഥിക്കയോ പ്രാർത്ഥിക്കാതിരിക്കയോ ചെയ്തുകൊള്ളട്ടെയെന്ന

www.malankaralibrary.com



നിസ്സംഗത. ''ചത്തതിനൊക്കമേ ജീവിച്ചിരിക്കിലും'' എന്ന സ്ഥിതി.

തീ കായേണ്ടിവന്ന പത്രോസിന്റെ തണുപ്പകററാൻ. പൊള്ളുന്ന അഗ്നിക്കു മുമ്പിൽ മരവിച്ചമനസ്സോടെ നിൽക്കൽ! പ്രാർത്ഥന വെടിയുകയും ഗുരുവിൽനിന്നു തിരിയുകയും ചെയ്താൽ ലൗകായതിക സുഖങ്ങളെ പുണരാതെ വഴിയോ. ദൈവരാജ്യനിർമ്മിതിയിൽ തല്പരമല്ലാത്ത വിശ്വാസിക്കൂട്ടം ലോകത്തിന്റെ പട്ടണംപണിയിൽ കെട്ടുപിണയും; ചെകുത്താന്റെ പണിപ്പുര പൊങ്ങും.

ക്രിസ്തുവിനെ തള്ളില്ലെന്ന് ആണയിട്ട ഭക്തൻ ഒരു പെൺപിള്ളയുടെ മുമ്പിൽ ഗുരുവിനെ നിഷേധിച്ചു. അടിതെററിയ വീഴ്ച! പ്രാർത്ഥനാവിരസത, പ്രാർത്ഥനയ്ക്കു പകരം ബാഹ്യമോടി, ആധ്യാത്മിക മന്ദോഷ്ണത, ലൗകായതികസുഖങ്ങളിൽ തൃപ്തികൊള്ളൽ—എല്ലാം ക്രിസ്തീയഘടനയ്ക്കു വരുത്തുന്ന വീഴ്ച വലുതാണ്. ഇതിൽ ഏതെങ്കിലും ഒരു പടിയിലാണ് കേരളത്തിലെ പള്ളിയുടെ നില.

ആലസ്യത്തിൽനിന്ന് ഇടവകയെ ഉണർത്താൻ കാലം വൈകി. ഇടവകനവീകരണത്തിനു ചില പദ്ധതികൾ അവതരിപ്പിക്കുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ അവ കാണുക. ഇടവക ഉണരുമോ എന്നു പരീക്ഷിച്ചുനോക്കാമല്ലോ.

## II

## ഇടവകയും നിസ്സംഗതയും

''പൂച്ചയ്ക്കെന്തോ പൊന്നുരുക്കുന്നിടത്തു കാര്യം''; ഇടവക നടത്താൻ പട്ടക്കാരും സന്ന്യാസികളും പോരേ?; പള്ളിയോടടുക്കുന്നവൻ ദൈവത്തിൽനിന്നു അകലുന്നു (Nearer the Church far away from God) എന്നല്ലേ പറച്ചിൽ?—ഇത്തരം ന്യായവാദക്കാർ അനവധിയാണ്. അവരുടെ സംഖ്യ ദിനംതോറും ഏറുകയും ചെയ്യുന്നു. നിസ്സംഗതയിലേക്കു ഇടവക വഴുതി വീഴുന്നുവെന്നതിനു തെളിവാണിതു്.

ആദർശം നിലനിർത്താൻ ബുദ്ധിമുട്ടുണ്ട്. ചൂട് സാവധാനം തണുത്തുപോകും. ഗാന്ധിജിയുടെ ആവേശം

www.malankaralibrary.com



ഇന്നത്തെ ഗാന്ധിശിഷ്യന്മാർക്കില്ല; ആദിമക്രിസ്ത്യാനികളുടെ തീക്ഷ്ണത ഇന്നുള്ളവരിൽ നോക്കേണ്ടതില്ല; ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യം നിലനിർത്താൻ ഇന്നത്തെ അനുയായികൾ ക്ലേശിക്കതന്നെ വേണം. അതീവ ജാഗരൂകതയില്ലെങ്കിൽ ഇടവകസമൂഹം തളർച്ചയിലേക്കു വഴുതി വീണുപോകും. ഉണർവ്വുററവരായിരിക്കണമെന്ന ഗുരുവിന്റെ ഉദ്ബോധനം ഓർത്തിരിക്കേണ്ടതാണ്.

ആദ്യം മനസ്സു തളരുന്നു, പിന്നാലെ ശരീരം വിവശമാകുന്നു—ഇതാണ് ഇന്നത്തെ തളർച്ചയുടെ ക്രമം. ഇതിനെക്കുറിച്ചു നല്ലൊരു വിശദീകരണം ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ നല്കുന്നുണ്ട്. പ്രമുഖമായ ഉന്നം മനസ്സിനെ ശക്തമാക്കും. ഇല്ലെങ്കിലോ? മനസ്സു ഉൽക്കണ്ഠാകുലതയിൽ മുഴുകും.

സാൻഫ്രാൻസിസ്കോയിൽ ഭൂമികുലുക്കമുണ്ടായല്ലോ. ഒരു അത്ഭുത സംഭവം ഉടനടി നടന്നു. മുപ്പതു കൊല്ലമായി കിടക്കയെ അഭയംപ്രാപിച്ചിരുന്ന മുപ്പതു തളർവാതരോഗികൾ കിടക്കവിട്ടെഴുന്നേററു അതിശീഘ്രമോടി. അടിയന്തരമായി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെന്ന ആശയമാണ് അവരെ നെട്ടോട്ടത്തിനു പ്രേരിപ്പിച്ചതു്. ആന്തരികാവേശം ശാരീരികവൈവശ്യം മററുമല്ലോ.

മനോബലമുണ്ടാകട്ടെ ശരീരികത്തളർച്ച തോന്നുകയില്ല; മാനസികവിവശത ശാരീരികോന്മേഷം കെടുത്തുകയും ചെയ്യും. കല്യാണകർമ്മത്തിനു ഒരു പെൺകുട്ടി ഒരുങ്ങുകയാണ്. അടുത്തദിവസം നടക്കുന്ന മംഗല്യച്ചടങ്ങിന് അതീവശ്രദ്ധയോടെ അണിഞ്ഞൊരുങ്ങണമെന്നത്രേ അവളുടെ ആഗ്രഹം. രാത്രി 11 വരെ വേഷവിധാനങ്ങൾ തിരഞ്ഞെടുത്തിട്ടും തൃപ്തയായില്ല. വെളിപ്പിനു 4 മണിക്കു തന്നെ എഴുന്നേററു. ഉടനെതന്നെ ഒരുക്കം തുടങ്ങി. 10 മണിക്കു നടത്തേണ്ടതാണു കർമ്മം. അരമണിക്കൂർ താമസിച്ചുമാത്രമേ ദൈവാലയത്തിലെത്തിയുള്ളു. എത്ര ഒരുങ്ങിയിട്ടും തൃപ്തിതോന്നാഞ്ഞതാണു കാരണം. രാത്രി 5 മണിക്കൂർ മാത്രമേ ഉറങ്ങിയുള്ളു. എന്നിട്ടും ആ മുഖത്തു ഉറക്കക്ഷീണത്തിന്റെ മ്ലാനത തെല്ലുമുണ്ടായിരുന്നില്ല. വർഷം ഒന്നു കഴിഞ്ഞു: അവളുടെ

www.malankaralibrary.com



ഭർത്താവിനു 7 മണിക്കു ഓഫീസിൽ പോകണം. അതിനു മുമ്പായി ഒരു പാത്രം കാപ്പി കൊടുക്കേണ്ടതുണ്ട്. ഭർത്താവ് അവളുടെ ജീവന്റെ ജീവനാണ്. എങ്കിലും 7 മണിക്ക് ഉറക്കം വിട്ടെഴുന്നേല്ക്കാൻ ഇന്ന് ആ ഭർത്തൃഭക്തയ്ക്കു കഴിയുന്നില്ല. ഒരു കൊല്ലംമുമ്പു കല്യാണദിവസം ഉണ്ടായിരുന്ന ഉന്നം ഇന്നില്ല. തന്മൂലം ഉത്സാഹവുമില്ല. ഉത്സാഹമില്ലാത്ത സ്ഥിതി മനോവൈകല്യം വരുത്തും; അതു ശാരീരിക ക്ഷീണമുളവാക്കും.

ലക്ഷ്യാധിഷ്ഠിതഭാവം നല്കുന്ന ആശയം ആരെയും പ്രവർത്തനത്തിനു പ്രേരിപ്പിക്കും. ക്ലാസ്സുമുറിയിലെ ഒരു വിദ്യാർത്ഥിയുടെ കഥയുണ്ട്. സാമൂഹ്യ പഠനത്തിന്റെ അദ്ധ്യാപകൻ ഔറംഗസീബിന്റെ ഭരണത്തെക്കുറിച്ചുള്ള ക്ലാസ്സ് പൊടിപൊടിക്കുകയാണ്. ഫുട്ബോൾ താരമായ വിദ്യാർത്ഥി അന്നു നടക്കാനിരിക്കുന്ന മത്സരപ്പന്തുകളിയെക്കുറിച്ചു ദിവാസ്വപ്നത്തിൽ മുഴുകിയിരിക്കുകയാണ്. പന്തുമായി മുന്നേറുന്നതും ഗോൾവലയത്തിലേക്കു ആഞ്ഞടിക്കുന്നതുമായ ഭാവനയിലൂടെയുള്ള തേരോട്ടം അവൻ യഥാർത്ഥവത്ക്കരിക്കുകയാണ്. ''ഗോൾ'' എന്ന ഉച്ചശബ്ദം ശ്രവിച്ച് അധ്യാപകനും വിദ്യാർത്ഥികളും അവനെ സമീപിച്ചു. അമ്പരപ്പിക്കുന്ന കാഴ്ച. മുമ്പിലുള്ള ഡസ്കിൽ കാലടിച്ചു മുറിവിൽനിന്നും ചോര വാർന്നൊലിക്കുന്ന ചിത്രം! അവൻ കളിക്കളത്തിലായിരുന്നില്ല, പന്തു മുമ്പിലുണ്ടായിരുന്നില്ല. എങ്കിലും കളിക്കളത്തിലെന്ന ആശയം ഗോൾവലയത്തിലേക്കു പന്തടിക്കാൻ അവനെ പ്രേരിപ്പിച്ചു. ആഞ്ഞുള്ള അടികൊണ്ടതു മുമ്പിലുള്ള ഡസ്കിൽ, അടിയേററു മുറിവുണ്ടായതു സ്വന്തം കാലിൽ. ആശയം പ്രവർത്തനോന്മുഖതയിലേക്കു നയിക്കുമെന്നല്ലേ ഇതു വെളിപ്പെടുത്തുക.

> ''മനസ്സുണ്ടെന്നുവന്നിടിൽ
> മാർഗ്ഗവും മുന്നിൽ വന്നീടും
> എനിക്കശക്യമെന്നുള്ള—
> തൊരിക്കലും നിനയ്ക്കൊലാ''

സമയമില്ലെന്ന പല്ലവി കാട്ടുന്നതു ലക്ഷ്യബോധത്തിന്റെ അഭാവമാണ്. നിഷ്ക്രിയത്വവും അതുകൊണ്ടുതന്നെ.

www.malankaralibrary.com



## III
## ഇടവകജനം മൂന്നുവിധം

മൂന്നുതരം കത്തോലിക്കരുണ്ടെന്നത്രേ ഫാ. വി. സി. ജോർജ്ജ് പറഞ്ഞിട്ടുള്ളത്. വകപ്പുവിഭജനം കഥയിലൂടെയാണ് അദ്ദേഹം കാണിക്കുന്നത്. ഒരു മെത്രാസനമന്ദിരത്തിൻെറ പണി നടന്നുകൊണ്ടിരിക്കുന്നു. അനേകശതം വേലക്കാർ അത്യധ്വാനം ചെയ്തു; അഹോരാത്രം പ്രയത്നിച്ചു. ഓരോ ജോലിക്കും വളരെപ്പേർ സഹകരിച്ചു. സ്ഥലത്തെ മെത്രാൻ വേലക്കാരുടെ ഇടയിൽ വേഷപ്രച്ഛന്നനായി ചെന്നു; അവരുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. കുമ്മായം കൂട്ടുന്ന മൂന്നു പണിക്കാരുമായി സംഭാഷണം നടന്നു. എന്താണു ജോലിയെന്ന ചോദ്യത്തിനു മറുപടിയാണു കിട്ടിയത് "മണലും കുമ്മായവും കൂട്ടിച്ചേർക്കുകയാണ്" എന്നു് ഒരുവൻ; "ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും ഉപജീവനമാർഗ്ഗം തേടുന്നു" രണ്ടാമൻ; "മെത്രാസന ദൈവാലയം പണിയുന്നു" മൂന്നാമൻ. മൂന്നുതരം കത്തോലിക്കരെയാണു നിർദ്ദേശിക്കുന്നതെന്നത്രേ വിശദീകരണം.

"ചിലർ കത്തോലിക്കാമതാവലംബികളായിരിക്കുന്നത് സാഹചര്യങ്ങളുടെ മൂലംമാത്രം. പൂർവ്വികരെ പിഞ്ചെന്നു കത്തോലിക്കരായത്രേ. അല്ലെങ്കിൽ ഇഷ്ടജനംമൂലം പള്ളിയോടടുക്കാൻ ഇടവന്നു. കവിഞ്ഞൊരു പരിഗണനയും കത്തോലിക്കാമതം സംബന്ധിച്ച് അവർക്കില്ല; വിശ്വാസം പ്രചരിക്കുന്നതുകൊണ്ടോ വിജയിക്കുന്നതുകൊണ്ടോ സന്തോഷിക്കുന്നില്ല. അതിൻെറ പരാജയമോ വിനാശമോ സന്താപകാരണമാകുന്നില്ല. സൗകര്യങ്ങളെല്ലാം ഒത്തിണങ്ങിയാൽ ഞായറാഴ്ചയും കടമുള്ള മററുദിവസങ്ങളിലും പള്ളിയിൽ പോയെന്നിരിക്കും; പലപ്പോഴും പ്രതികൂലസാഹചര്യങ്ങളാണ് അനുഭവപ്പെടാറുള്ളതെന്നുമാത്രം. "അനാസ്ഥക്കത്തോലിക്കർ" എന്ന് ഇവരെ നാമകരണം ചെയ്യാം. മണലും കുമ്മായവും കൂട്ടിച്ചേർക്കയെന്ന തൊഴിൽമാത്രം—വീക്ഷണഗതി അതിനപ്പുറമില്ല.

പള്ളിയോഗങ്ങളിലും സർക്കാർസർവ്വീസുകളിലും പ്രവേശനം ലഭിക്കുന്നതിനു സഭാംഗത്വം ഇടനല്കുന്നു. സ്ഥാന

www.malankaralibrary.com



മാനങ്ങൾ സമ്പാദിക്കുവാൻ ഭക്തസംഘടനകൾമൂലം സാധിക്കുന്നു. സമുദായപ്രാതിനിധ്യത്വമനുസരിച്ച് പേരും പെരുമയും ലഭിക്കുന്നു. ഡിന്നറുകളിലും പാർട്ടികളിലും ക്ഷണിക്കപ്പെടുന്നു. ആത്മരക്ഷയുടെ കാര്യത്തിൽ സഭ ഉറപ്പുനല്കുകയും ചെയ്യുന്നു. കൈവരാവുന്ന നന്മകളും ഗുണങ്ങളും ആലോചിച്ചാൽ സഭ ആദരണീയംതന്നെ. സഭയോടുള്ള ബന്ധത്തെപ്പറ്റി ചിന്തിക്കുന്നില്ല; ബാദ്ധ്യതകൾ പരിഗണിക്കുന്നുമില്ല. സഭ ദൈവസ്ഥാപിതമെങ്കിൽ താനേ നിലകൊള്ളുമത്രേ; പുരോഗമിക്കയും ചെയ്യും. മനുഷ്യന്റെ സഹകരണം ആവശ്യമുണ്ടെങ്കിൽ അതിലേക്കു വൈദികലോകമുണ്ട്; മെത്രാന്മാരും പട്ടക്കാരും സന്ന്യാസിസമൂഹങ്ങളുമുണ്ട്. സഭയുടെ കാര്യം അവർ കാത്തുകൊള്ളും. ആവുന്നിടത്തോളം ആനുകൂല്യങ്ങൾ സമ്പാദിക്കുവാനേ നമുക്കു ചുമതലയുള്ളൂ. ഈവിധം യുക്തിവാദം ചെയ്യുന്ന ''സ്വാർത്ഥതല്പരന്മാ''രായ ഭക്തരുടെ ചിത്രമാണ് രണ്ടാമത്തെ കുമ്മായക്കാരൻ പ്രദർശിപ്പിക്കുന്നത്. ''ദീപസ്തംഭം മഹാശ്ചര്യം, നമുക്കും കിട്ടണം പണം'' എന്ന വാക്യം ഇവിടെ അനുസ്മരണീയംതന്നെ.

''മെത്രാസനമന്ദിരം പണിയൽ'' എന്ന മറുപടി കുമ്മായവേലക്കാരനെ അഭിനന്ദനാർഹനാക്കി. പ്രവൃത്തിയുടെ സാരവും ഉദ്ദേശ്യവും അവൻ മനസ്സിലാക്കിക്കഴിഞ്ഞു. മുമ്പിൽ മണലും കുമ്മായവും മാത്രമോ പിന്നിൽ ഭാര്യയേയും കുഞ്ഞുങ്ങളേയും മാത്രമോ അല്ല അവർ കാണുന്നത്; ഉത്തുംഗങ്ങളായ മണിമാളികകളോടും മനോഹരങ്ങളായ ബലിപീഠങ്ങളോടുംകൂടി പരിലസിക്കുന്ന പ്രഭാവത്തായ ഒരു ദൈവാലയം, ലോകത്തിനും നാകത്തിനും മദ്ധ്യേയുള്ള ഒരുജ്ജ്വലസോപാനം മനോദർപ്പണത്തിൽ ദൃശ്യമായി; അതിന്റെ നിർമ്മാണത്തിനുള്ള ഭാഗമാഗിത്വത്തെ സ്മരിച്ചു. നാമമാത്രകത്തോലിക്കനല്ല പിന്നയോ സംസ്ഥാപകനായ ഒരു കത്തോലിക്കനാണെന്ന് അവന് ബോധമുണ്ട്; ശക്ത്യനുസാരം സഭയുടെ വിജയത്തിലും പുരോഗമനത്തിലും സഹകരിക്കേണ്ടതു കർത്തവ്യമാണെന്ന് മനസ്സിലാക്കുന്നു. അതിനുള്ള സന്നദ്ധതാ പ്രഖ്യാപനമായിരുന്നു അവന്റെ മറുപടി.

മനുഷ്യനഗരത്തിനു വിരുദ്ധമായ ഒരു ദൈവനഗരത്തെപ്പറ്റി വി. ആഗസ്തീനോസ് പ്രതിപാദിക്കുന്നുണ്ടല്ലോ.

www.malankaralibrary.com



ഈ ദൈവനഗരസ്ഥാപനം ഓരോ ക്രൈസ്തവന്റെയും കർത്തവ്യവൃത്തത്തിൽപ്പെട്ടതാണ്. ഓരോ ഈശ്വരവിശ്വാസിയുടെ കാര്യപരിപാടിയിലും ഇതു് ഉൾപ്പെട്ടിരിക്കണം. ഈ സൽപ്പരിണാമത്തിലുള്ള നമ്മുടെ ആകാംക്ഷയത്രേ ''നിന്റെ രാജ്യം വരണമേ'' എന്ന പ്രാർത്ഥനയിൽ പ്രകാശിപ്പിക്കപ്പെടുന്നതു്.

അനാസ്ഥകത്തോലിക്കൻ, സ്ഥാപിതതാൽപര്യകത്തോലിക്കൻ, ദൈവരാജ്യസംസ്ഥാപനകത്തോലിക്കൻ എന്നീ മൂന്നുതരക്കാരാണല്ലോ ഇടവകയിലുണ്ടാകാവുന്നതു്. നമ്മുടെ ഇടവകകളുടെ സ്ഥിതി എന്താണ്? ആദ്യത്തെ രണ്ടു വകുപ്പുകാരേയും ചേർത്തു നാമമാത്രകത്തോലിക്കർ എന്നു വിളിക്കാം. ഇവർക്കാണോ ഇടവകയിൽ ഏറിയകൂറും സ്ഥാനം? എങ്കിൽ ഇടവക നിർജ്ജീവമാണ്, നിസ്സംഗമാണ്. മൂന്നാംവിഭാഗത്തിൽപ്പെട്ടവർ ഏറിവരുമെങ്കിൽ ഇടവക ചടുലമാകുന്നുവെന്നു കരുതാം. അതിനു എന്തു വേണം? ഒന്നാംകൂട്ടരേയും രണ്ടാം കൂട്ടരേയും ദൈവരാജ്യസംസ്ഥാപനലക്ഷ്യത്തിലേക്ക് ഉയർത്തുകയെന്നതാണു കരണീയം. അതിനുവേണ്ടിയത്രേ ഇടവകയിൽ സുവിശേഷവത്ക്കരണം. സുവിശേഷവത്ക്കരണദശകത്തിൽ അതു സാധിച്ചേ മതിയാവൂ.

ഇടവകയിലെ ഈ പുനരുജ്ജീവനപരിപാടി എങ്ങനെ ത്വരിതപ്പെടുത്താം. ഇന്നത്തെ ഉറക്കംതൂങ്ങൽ എങ്ങനെ ദൂരീകരിക്കാം. ഇതിനുള്ള എളിയ നിർദ്ദേശങ്ങളത്രേ ഈ പംക്തിയിലൂടെ തുടർന്നു നല്കുന്നതു്.

## IV

## ഇടവക ലക്ഷ്യാധിഷ്ഠിതമാകണമെങ്കിൽ

ഒരു ദേശീയചർച്ചാസമ്മേളനം നാഗപ്പൂരിലെ സെമിനാരിഹില്ലിൽ നടന്നു. 1991 സെപ്തംബർ 20 മുതൽ 22 വരെ തീയതികളിൽ. വൈദികർക്കും കുടുംബങ്ങൾക്കും വേണ്ടിയുള്ള സി. ബി. സി. ഐ. കമ്മീഷൻ ആണതു സംഘടിപ്പിച്ചതു്. ''ഇടവകസമൂഹവളർച്ച'' എന്നതായിരുന്നു വിഷയം. ഉരുത്തിരിഞ്ഞ ചിന്തകൾ പഠനാർഹങ്ങളാണ്.

www.malankaralibrary.com



1. ദൈവവചനാധിഷ്ഠിതമായ ജീവിതശൈലിയിലേക്ക് ഇടവകയെ നയിക്കുന്ന ചെറിയ സുവിശേഷഗ്രൂപ്പുകൾ പ്രവർത്തിക്കണം; കൂദാശാവബോധവും അവ പ്രായോഗികമാക്കുന്നതിനുള്ള ആവേശവും വിശ്വാസികളിൽ രൂഢമൂലമാക്കണം; കൂട്ടായ്മ കെട്ടിപ്പടുക്കുന്നതിൽ വി. കുർബാനയ്ക്കുള്ള പങ്ക് ഏവരെയും ബോധ്യപ്പെടുത്തണം.

2. ''പാരീഷ് കൗൺസിൽ'' ''അജപാലക കൗൺസിൽ'' ആയേ മതിയാവൂ; ഉത്തരവാദിത്വപൂർവ്വം പ്രവർത്തിക്കാൻ കൗൺസിൽ സന്നദ്ധമാകേണ്ടതുണ്ട്.

3. പ്രതിനിധാനംചെയ്യുന്ന കോർഗ്രൂപ്പിന്റെ സഹായത്തോടെ പാരീഷ്കൗൺസിൽ അംഗം ഓരോ കുടുംബവുമായി ദൃഢബന്ധം പുലർത്തണം; സമൂഹത്തെ കെട്ടിപ്പടുക്കുന്ന പ്രക്രിയയിൽ അപ്പോൾ പാരീഷ് കൗൺസിൽ ശ്രദ്ധാവധാനമാകും.

4. പ്രേഷിതദൗത്യം ഇടവകസമൂഹം മറക്കരുത്; ലോകസമൂഹത്തിലേക്കും അക്രൈസ്തവരുടെ മധ്യത്തിലേക്കും രാഷ്ട്രപൗരന്മാരുടെ നിരയിലേക്കും രാഷ്ട്രീയത്തിലേക്കും എല്ലാം ഇറങ്ങിച്ചെന്നു സുവിശേഷം പ്രഘോഷിക്കാൻ സന്നദ്ധമായിരിക്കണം.

5. സാമൂഹ്യനീതിക്കുവേണ്ടി ഇടവക അരയും തലയും മുറുക്കണം.

6. വർഗ്ഗസമരപ്രവണതയുടെ നുഴഞ്ഞുകയററം പിതൃപുത്രബന്ധത്തിലും വിള്ളലുണ്ടാക്കുന്നുണ്ട്; ഇടയനും ആടും ആയിരിക്കേണ്ട വൈദിക–അല്മായ ബന്ധത്തിൽപോലും അതിന്റെ പടലപിണക്കം ഉയരുന്നുണ്ട്.

ബോറിംഗുപ്രസംഗം, അനാകർഷകകർമ്മാനുഷ്ഠാനം, നിർലക്ഷ്യമായ പെരുമാററം, ആർക്കോവേണ്ടി ഇടവകക്കാര്യം, പ്രമത്തമായ അധികാരവിനിയോഗം, മററാർക്കും അവസരം കൊടുക്കാത്ത മേൽക്കോയ്മത്തണ്ട്, ഭിന്നിപ്പിച്ചു ഭരിക്കൽ– എല്ലാം അച്ചന്മാരെക്കുറിച്ചുള്ള പരാതികളാണ്. ആധ്യാത്മിക

www.malankaralibrary.com



അനാസ്ഥ, പള്ളിക്കാര്യനിസ്സംഗത, ലൗകായതിക വ്യാമോഹം എന്നിവ അല്മായരെക്കുറിച്ചും പറയുന്നു.

വൈദിക—അല്മായ മത്സരവും ധ്രുവീകരണവും ആരോഗ്യം നശിപ്പിക്കും; ഇരുകൂട്ടരുടേയും പുറംതിരിഞ്ഞുനില്പ്പ് ഉളവാക്കുന്ന ശ്വാസകോശാർബുദം സുവിശേഷസാക്ഷ്യത്തിനു കനത്ത പ്രതിബന്ധം സൃഷ്ടിക്കും. അല്മായരെ പ്രശ്നകാരികളായി കാണൽ ഒരുവശത്തു്, ഇടവകക്കുടുംബത്തിന്റെ കാരണവർക്ക് ഇടയന്റെ സ്ഥാനം കൊടുക്കാതിരിക്കൽ മറുവശത്തു്—രണ്ടും ഒന്നുപോലെ വർജ്ജിക്കേണ്ടതാണ്. ദൈവത്തിന്റെ ദാനമെന്നും കർമ്മനിരതനായ പ്രേഷിതനെന്നുമുള്ള അവബോധം ഓരോ വ്യക്തിയെക്കുറിച്ചും ഉണ്ടായെങ്കിലേ ഇടവകയിലെ സുവിശേഷസാക്ഷ്യം ശക്തിയാർജ്ജിക്കൂ.

സമൂഹത്തിന്റെ പ്രവർത്തനക്ഷമത വ്യക്തിയെ ആശ്രയിച്ചാണ്; അപ്പോഴേ മാത്രമേ വ്യക്തിക്കു സമൂഹത്തോട് ആത്മബന്ധമുണ്ടാകൂ. ആദർശത്തിലേക്കുയരാൻ ഇടവകയ്ക്കു് ഉത്തരവാദിത്വബോധമുള്ള അംഗങ്ങൾ വേണം. ഇത്തരത്തിലുള്ള സമൂഹങ്ങൾ ഇന്ന് ഇടവകകളിൽ കുറയുന്നു. ക്രിസ്തീയതയുടെ മുഖച്ഛായതന്നെ നഷ്ടപ്പെടാൻ ഇന്നത്തെ ഇടവകകൾ കാരണമാകുന്നു. സ്നേഹസമൂഹമായി മാറേണ്ടിടം വിദ്വേഷത്തിന്റെ മതിലുകൾകെട്ടി വിള്ളലുകൾ വളർത്തുന്ന സ്ഥിതി എത്ര ശോചനീയം!

സ്വയം വിമർശനം, ആത്മശോധന, തെറ്റുതിരുത്തൽ ഇവയെല്ലാന്നിനും വിധേയമാകാതെ വൃഥാ വിമർശനത്തിന് ഒരുങ്ങുന്നവർ ഉത്തരവാദിത്വത്തിൽനിന്നു വഴുതുകയാണ്. പ്രവാചകദൗത്യമത്രേ നിർവ്വഹിക്കുവാനുള്ളതു്. ദൈവവചനത്തിന്റെ അത്ഥവും ദൈവാരൂപിയുടെ പ്രവർത്തനരീതിയും അറിഞ്ഞെങ്കിലേ ഇതുസാധിക്കൂ. തിരുവചനപഠനത്തിൽ ഉത്സുകതയും ആരാധനാനിർവ്വഹണത്തിൽ സജീവതയും ഇടവക പുലർത്തട്ടെ.

www.malankaralibrary.com



## V

## ഇടവക ആത്മശോധന നടത്തുമെങ്കിൽ

## I

സഭയുടെ ശ്വസിക്കുന്ന സെല്ലത്രേ ഇടവക. സെല്ലുകൾ മന്ദിച്ചാൽ ശരീരം തളരും; ഉണർന്നാൽ ഉന്മേഷംകൊള്ളും. "പ്രാദേശികസഭകൾ", "ദേശീയസമൂഹങ്ങൾ", "സഭകൾ" എന്നിങ്ങനെയത്രേ ഇടവകകൾ പരാമർശിതമായിരിക്കുന്നത്. "റെദംതോരിസ് മിസിയോ" (രക്ഷകന്റെ മിഷൻ) എന്ന ചാക്രികലേഖനത്തിൽ ഇത്തരം പരാമർശനം ആദ്യന്തമുണ്ട്. പോപ്പ് ജോൺപോൾ ദ്വിതീയന്റെ പ്രസ്തുത പ്രമാണരേഖയിൽനിന്നുള്ള ഉദ്ധരണികളാണ് ഇവിടെ ചേർക്കുന്നത്. തുടർന്ന് ആത്മശോധനയുടെ ചില ചോദ്യങ്ങളും കാണാം. ഇടവകയുടെ പ്രേഷിതപ്രതിബദ്ധതയെപ്പററിയുള്ള ബോധ്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ വരുത്താൻ ഈ അവലോകനം പ്രേരകമാകട്ടെ.

### ഇടവകയും പ്രേഷിത പ്രതിബദ്ധതയും

*മാർപ്പാപ്പാ പറയുന്നു:*

"മിഷനറിപ്രവർത്തനം എല്ലാ ക്രൈസ്തവരേയും ഇടവകകളേയും സഭാസ്ഥാപനങ്ങളേയും സംഘടനകളേയും സംബന്ധിക്കുന്ന കാര്യമാണ്" (RM 2);

"സ്വാഭാവികമായിത്തന്നെ മിഷനറിസ്വഭാവം സഭയ്ക്കുണ്ട്. അതു സുവിശേഷവത്ക്കരിക്കപ്പെട്ടതും സുവിശേഷവത്ക്കരിക്കുന്നതുമാണ്" (RM49);

"ഇടവകകളിലെ ദൈനംദിന അജപാലനപരിപാടികളിലും സംഘടനകളിലും ഗ്രൂപ്പുകളിലും പ്രത്യേകിച്ചു യുവജനസംഘടനകളിലും മിഷൻ സഹായ പദ്ധതികൾ സുപ്രധാന വിഷയമായി കൈകാര്യം ചെയ്യാൻ പ്രാദേശികസഭകൾ മുന്നോട്ടുവരണം. ഈ ലക്ഷ്യം ലാക്കാക്കിക്കൊണ്ടായിരിക്കണം മിഷനറിപ്രസിദ്ധീകരണങ്ങളും ദൃശ്യശ്രാവ്യമാധ്യമങ്ങളും അവസരോചിതമായ മാർഗ്ഗനിർദ്ദേശം നല്കുക........സഭയുടെ സാർവ്വത്രികമിഷനിൽ പങ്കുചേരാൻ ദൈവജനത്തെ ഒരുക്കുക,

www.malankaralibrary.com



അവരെ ബോധവത്ക്കരിക്കുക, ജനതകൾക്കായുള്ള മിഷനു വേണ്ടി ദൈവവിളി പ്രോത്സാഹിപ്പിക്കുക, സുവിശേഷ വത്ക്കരണപ്രവർത്തനങ്ങളിൽ സഹകരിക്കാൻ പ്രചോദനം നല്കുക മുതലായവ പ്രധാനമാണ്'' (RM 83);

''ജനങ്ങൾക്കായുള്ള മിഷൻെറ താല്പര്യങ്ങളുമായി ഇഴുകിച്ചേർന്നതാകണം പ്രേഷിതോത്സുകത. തൻെറ ആടു കൾക്കുവേണ്ടി പ്രതിജ്ഞാബദ്ധനായ യേശുക്രിസ്തുവെന്ന നല്ലയിടയൻെറ അഭിലാഷം ഓരോ സഭയും അപ്പോൾ സ്വ ന്തമാക്കും. അതേസമയം ''ഈ തൊഴുത്തിൽപെടാത്ത മററ് ആടുകളും എനിക്കുണ്ട്'' (യോഹ. 10:16) എന്ന കാര്യവും അനുസ്മരിക്കപ്പെടണം'' (RM 49).

ഇടവക ഹൃദയപൂർവ്വം ആത്മശോധന നടത്തട്ടെ എത്തിച്ചേരേണ്ടിടത്തേക്കു അടുക്കുന്നുണ്ടോ എന്ന്.

**ചോദ്യം**

1 പ്രേഷിതസ്പന്ദനം (എൻെറ) ഇടവകയ്ക്കുണ്ടോ?

2 സുവിശേഷവത്ക്കരണത്തിൻെറ ഹൃദയമിടിപ്പിനു സഹാ യകമാണോ ഇടവകയിലെ ആരാധനയും വേദോപദേശവും വചനപ്രഘോഷണവും?

3 പെരുന്നാളുകളും ആഘോഷപരിപാടികളും ദൈവരാജ്യ സ്ഥാപനത്തിനു മുഖാന്തരമാകുന്നുണ്ടോ?

4 ഭക്തസംഘടനകളും പള്ളിക്കൂടം, ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളും പ്രേഷിതാഭിമുഖ്യം പുലർത്തുന്നുണ്ടോ?

5 ലൗകായതികതയിൽനിന്നും പാപപ്രവണതകളിൽനിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻ ഇടവകയ്ക്കു കഴിവുണ്ടോ? അതോ ''പറയിൻകീഴിലെ ദീപ''മായി ആ ആധ്യാത്മിക ജ്യോതിസ് ഒളിക്കപ്പെട്ടിരിക്കുകയാണോ?

6 മദ്യഷാപ്പുകളുടെ എണ്ണം ഇടവകാതിർത്തിയിൽ കൂടുന്നോ കുറയുന്നോ? മദ്യപാനഭ്രാന്തുമൂലം തകരുന്ന കുടുംബങ്ങളെത്ര? ഇക്കാര്യത്തിൽ പള്ളി നിസ്സംഗസ്ഥിതിയിലാണോ?

www.malankaralibrary.com



7 അഴിമതി, കവർച്ച, ആക്രമം, ബലാൽസംഗം, കൊല പാതകം, സ്വാസകതി തുടങ്ങിയ തിന്മകളുടെ പെരുപ്പത്തിൽ ഇടവകയുടെ പ്രതികരണമെന്ത്? യേശു ജെറുസലേമിനെ നോക്കി കരഞ്ഞതുപോലെ പുഴക്കുത്തുപിടിച്ച ഇന്നത്തെ നാഗരികതയെ ഓർത്ത് ഇടവക പരിഹാരബലി അർപ്പിക്കുന്നുണ്ടോ.

8 സുവിശേഷപഠനത്തിനും സഭാബോധനത്തിനും പര്യാപ്തമായ പുസ്തകശാല ഇടവകയ്ക്കുണ്ടോ? ഒന്നു രൂപപ്പെടുത്തുന്നതിൽ എന്താണു ബുദ്ധിമുട്ട്?

9 ദൈവവിളി ഉത്തേജനത്തിൽ ഇടവയ്ക്കു താല്പര്യമുണ്ടോ? അതിന് ആസൂത്രിത പദ്ധതികളുണ്ടോ?

10 പ്രേഷിതലക്ഷ്യത്തിലെത്താൻ ഇടവക ഇനി ചെയ്യേണ്ടതെന്ത്?

11 പള്ളിപുതുക്കലും മുഖവാരമുയർത്തലും കുരിശടികിളുത്തലും കേവലം ആർഭാടമായി മാറിയിട്ടുണ്ടോ?

12 "ഉള്ളങ്കാൽ മുതൽ ഉച്ചിവരെ ക്ഷതമേല്ക്കാത്ത ഒരിടവുമില്ല. ചതവുകളും വ്രണങ്ങളും രക്തമൊലിക്കുന്ന മുറിവുകളും മാത്രം! അവയെ കഴുകിവൃത്തിയാക്കുകയോ വെച്ചുകെട്ടുകയോ ആശ്വാസത്തിനു തൈലംപുരട്ടുകയോ ചെയ്തിട്ടില്ല" എന്ന ഏശയ്യാപ്രവാചകന്റെ വിലാപം ഇന്നത്തെ പള്ളിയെക്കുറിച്ചു പറയാമോ?

## ഇടവക ആത്മശോധന നടത്തുമെങ്കിൽ (തുടർച്ച)

## II

### ഇടവക വൈകൃത്തിന്റെ ഉറവിടം മുറിവുണക്കുന്ന തീർത്ഥം

ഇടവകയുടെ വളർച്ച എങ്ങനെ അറിയാം? ഏതു മാനദണ്ഡമാണ് അതു തിട്ടപ്പെടുത്തുന്നതിനുള്ളത്? അപ്പസ്തോലികപ്രവർത്തനങ്ങളുടെ ഫലദായകത്വം ഇടവകയിൽ മുളയിട്ടുന്നതെങ്ങനെ? പ്രേഷിതോത്സുകതയെന്നാണുത്തരം. അതിന്റെ അഭാവംമൂലമത്രേ ആഭ്യന്തരവിഘടനകളും സംഘർഷങ്ങളും വിശ്വാസികളുടെ കൂട്ടത്തിൽ തലയുയർത്തുക.

മാർപ്പാപ്പാ പറയുന്നു: "സഭയിലെ വിവിധ സംഘടനകളുടേയും അപ്പസ്തോലികപ്രവർത്തനങ്ങളുടേയും ഫലദാ

www.malankaralibrary.com



യകശക്തിയുടെ അളവുകോൽ ഈ മിഷനറിഉത്സുകതയിലാണ് നാം കാണുക. മിഷനറി സ്വഭാവം വർദ്ധിക്കുന്നതോടെ ക്രൈസ്തവസമൂഹങ്ങൾക്ക തങ്ങളുടെ ആഭ്യന്തരവിഘടനകളും സംഘർഷങ്ങളും മറികടക്കാനും തങ്ങളുടെ ഇടയിൽ ഐക്യവും വിശ്വാസസ്ഥിരതയും പുനഃസ്ഥാപിക്കാനും സാധിക്കുന്നു'' [R.M. 49].

ഐക്യത്തിന്റെ ബലിവേദിയായി, മുറിവുണക്കുന്ന ജീവൗഷധിയായി ഇടവക പ്രവർത്തിക്കുന്നില്ലെങ്കിൽ പ്രേഷിതലക്ഷ്യത്തിൽനിന്നുള്ള അകൽച്ചയാണ കാണിക്കുന്നത്. ലക്ഷ്യാധിഷ്ഠിതനീക്കമൊണോ ഓരോ ഇടവകയുടേതുമെന്നു ബന്ധപ്പെട്ടവർ ആത്മശോധന നടത്തട്ടെ!

**ചോദ്യം**

1 വിശ്വസിച്ചവരായ ജനക്കൂട്ടത്തിന് ഏകമനസ്സും ഏകാഭിപ്രായവുമായിരുന്നു''. ഈ അരൂപി ഇടവകയിലുണ്ടോ?

2 കിടമത്സരത്തിന്റെ മുറുമുറുപ്പ് ഇടവകയിൽ അപസ്വരം ഉയർത്തുന്നുണ്ടോ?

3 വികാരിയും ജനങ്ങളും സ്വരച്ചേർച്ചയില്ലാതെ കഴിയുന്നുണ്ടോ? വികാരിയോടുള്ള മറുതലിപ്പുമൂലം കൂദാശാനുഷ്ഠാനങ്ങളിൽ വിമുഖരാകുന്ന വ്യക്തികളും അരിശംമൂലം ന്യായമായ ആധ്യാത്മികാവശ്യങ്ങൾ വിശ്വാസിക്ക നിഷേധിക്കുന്നവികാരിയും ഇടവകയിലുണ്ടോ?

4 കിടമത്സരക്കാരുടെ ശണ്ഠക്കൂടലിനു പെരുന്നാളാഘോഷങ്ങൾ വഴിതെളിക്കുന്നുണ്ടോ?

5 വ്യത്യസ്തരാഷ്ട്രീയപ്പാർട്ടികളുടെ പ്രവർത്തനം ഇടവകയുടെ ലക്ഷ്യം തകരാറിൽ ആഴ്ത്താൻ ഇടവരുത്തുന്നുണ്ടോ?

6 അധസ്ഥിതരും തരംതാഴ്ത്തപ്പെട്ടവരുമായി ആരെങ്കിലും ഇടവകകയിലുണ്ടോ?

7 കുടുംബങ്ങളിൽ അനുരഞ്ജനം നടമാടാൻ ഇടവക പ്രേരകമാകുന്നുണ്ടോ?

www.malankaralibrary.com



8 ബുദ്ധിക്കുറ്റുകക്കാരുടെ അഭിപ്രായസംഘർഷം സമൂഹത്തിൽ പിളർപ്പിനു കാരണമാകുന്നുണ്ടോ?

9 സമീപഇടവകകളുമായി സ്നേഹപൂർവ്വമായ സഹകരണമുണ്ടോ?

10 മററു റീത്തുകളിൽപ്പെട്ടവരെ ആദരിക്കുന്നുണ്ടോ? അതോ, ഇടവകയിൽ ലയിപ്പിക്കാൻ മററു റീത്തുകാരെ പ്രലോഭിപ്പിക്കുന്നുണ്ടോ?

11 ഇടവകാതിർത്തിയിലുള്ള അകത്തോലിക്കരും അക്രൈസ്തവരും ആയവരുടെ നേരെ ക്രിസ്തീയസ്നേഹത്തോടെ പെരുമാറുന്നുണ്ടോ?

12 പുത്തൻകൂറുകാരും പഴയകൂറുകാരും നിങ്ങളുടെ ഇടവകാതിർത്തിയിൽ കാണുകില്ലേ? ''സഹോദരൻെറ കാവൽക്കാരൻ ഞാനോ?'' എന്ന കായേൻെറ മനോഭാവം വിഭജിതസഹോദരങ്ങളെക്കുറിച്ചുണ്ടോ?

## ഇടവക ആത്മശോധന നടത്തുമെങ്കിൽ (തുടച്ച്)

### III

### പ്രേഷിതാരൂപിയുടെ ഉരകല്ല്, വിശ്വാസവളർച്ച

ഉത്തമവൃക്ഷത്തിൽനിന്നേ നല്ല ഫലം ലഭിക്കൂ. വിശ്വാസം പരിപാകമായിടത്തുനിന്നല്ലാതെ പ്രേഷിതനാമ്പുകൾ മുളയെടുക്കുകയില്ല. വ്യക്തിയെ സംബന്ധിച്ചും സമൂഹത്തെ സംബന്ധിച്ചും ഇതു ശരിയാണ്. ഒച്ചപ്പാടിൻെറ കൈകൊട്ടലും വാഗ്ധാടിയും കൊണ്ടുമാത്രം മിഷൻപ്രവർത്തനം ജീവത്താകുകയില്ല. വിശ്വാസദാർഢ്യം നമ്മുടെ പ്രേഷിതവളർച്ചയുടെ ഉരകല്ലാണ്.

മാർപ്പാപ്പാ പറയുന്നു: ''ക്രിസ്തീയസമൂഹങ്ങൾ സ്വന്തസ്ഥലത്തും മററു പ്രദേശങ്ങളിലും സാർവ്വത്രികസഭയുടെ ഭാഗമെന്നനിലയിൽ നിർവ്വഹിക്കുന്ന വേലയുടെ സ്വഭാവത്തെ ആശ്രയിച്ചാണ് അതു പരിപാകമായ വിശ്വാസവളർച്ചയുടെ അടയാളമായിത്തീരുക. ഒരു നല്ല മിഷനറിയാകാൻ

www.malankaralibrary.com



ചിന്തയിൽ സ്ഥായിയായ മാററങ്ങളുണ്ടാകണം. അതൊരു വ്യക്തിയെ സംബന്ധിച്ചും സമൂഹത്തെ സംബന്ധിച്ചും ശരിയാണ്. നാം നമ്മിൽനിന്നും പുറത്തുവരാൻ എപ്പോഴും നാഥൻ വിളിക്കുന്നു. നമ്മുടെ കൈവശമുള്ളവയെ മുഴുവനും അവയിൽ ഏററം വിലപ്പെട്ട വിശ്വാസസത്യമുൾപ്പെടെ മററുള്ളവരുമായി പങ്കുവെക്കുവാൻ അവിടുന്ന് ആവശ്യപ്പെടുന്നു'' [RM. 49].

വിശ്വാസത്തിലുള്ള വളർച്ചയെ അടിസ്ഥാനമാക്കി ഇടവകയുടെ ചെയ്തികളെ പരിശോധിച്ചു നോക്കുക. പ്രേഷിതചൈതന്യത്തിൻെറ സ്ഥായിയായ മാററം ഇടവകയിൽ ഉണ്ടാകുന്നുണ്ടോ?

**ചോദ്യം**

1 വിശ്വാസവളർച്ചയുടെ അടയാളം ഇടവക വെളിപ്പെടുത്തുന്നുണ്ടോ?

2 ഒരു നല്ല മിഷനറിയാകാൻ വ്യക്തിക്കും ഇടവകയ്ക്കും അവിടെ സാധിക്കുന്നുണ്ടോ?

3 വിശ്വാസം പങ്കുവെക്കാനുള്ള വിളിയുണ്ടെന്ന അവബോധം വ്യക്തിയിൽ വളരുന്നുണ്ടോ?

4 വിശ്വാസവളർച്ചയിൽ വ്യക്തിയെ ഉറപ്പിക്കാനുള്ള ലക്ഷ്യം ഇടവകയ്ക്കുണ്ടോ?

5 വേദന വളരുമ്പോഠം വിശ്വാസത്തളർച്ച ഉണ്ടാകാറുണ്ടോ? അതോ, ''ദൈവം തന്നു; ദൈവമെടുത്തു'' എന്ന ധീരതയുടെ ഉദീരണത്തിനു വിശ്വാസിക്കു സന്നദ്ധതയുണ്ടോ?

6 ലൗകികകാര്യസാധ്യത്തിനായുള്ള നീണ്ട പട്ടികയുടെ നിരത്തലായി പ്രാർത്ഥനയും ഭക്തകൃത്യങ്ങളും നിർവ്വഹിക്കുന്നവരുടെ സംഖ്യ കൂടുന്നോ കുറയുന്നോ?

7 അത്ഭുതരോഗശാന്തികളും സിദ്ധികളും ലക്ഷ്യംവെച്ചുള്ള ചടങ്ങുകഠംക്കാണോ മുൻഗണന?

8 പള്ളിസ്ഥാപനങ്ങളിൽ ജോലി ലഭിക്കാതെപോയാൽ മുറുമുറുക്കുന്നവർ വർദ്ധിക്കയാണോ?

www.malankaralibrary.com



9 ''ദീപസ്തംഭം മഹാശ്ചര്യം; നമുക്കും കിട്ടണം പണം'' എന്ന നിലയിൽ സ്ഥാനമാനങ്ങൾക്കുവേണ്ടി പരക്കം പായുന്നവരും കലഹിക്കുന്നവരും ഏറെയുണ്ടോ?

10 മതബോധനക്ലാസ്സുകളും ഭക്തസംഘടനകളും നടത്താൻ ഇടവകയിലുള്ളവർ ഉത്സുകരാണോ?

11 കുരിശെടുത്തുകൊണ്ടു കർത്താവിനെ പിഞ്ചെല്ലാനുള്ള മനോഭാവം വിശ്വാസിയിൽ വളരുന്നുണ്ടോ? അതോ, ''കുരിശിൽനിന്നു ഇറങ്ങി''വരുന്ന ക്രിസ്തുവിനെ സ്വീകരിക്കാനാണോ അവർ ഒരുങ്ങുന്നത്?

12 ''എങ്കിലും പിതാവേ, എന്റെ ഇഷ്ടമല്ല അങ്ങയുടെ ഹിതം നിറവേറട്ടെ'' എന്ന മനോഭാവം ഇടവകജനങ്ങളിൽ ശക്തിപ്പെടുന്നുണ്ടോ?

www.malankaralibrary.com

# 6

# ഇടവകയും സാംസ്കാരിക തലവും

## I

## പാരീഷ് ലൈബ്രറി

ഇന്നത്തെ ആശയപ്രചാരണരംഗം തീർത്തും സജീവമാണ്. ആ വേദി കൈയടക്കാൻ വ്യത്യസ്തശക്തികൾ കയറിക്കയറി നിലകൊള്ളുന്നു. പുസ്തകങ്ങളും പത്രങ്ങളും ബോധനമാധ്യമങ്ങളും അതിസമർത്ഥമായി പ്രയോഗിക്കുന്നതിലാണ് ഓരോരുത്തനും മിടുക്കു കാട്ടുന്നത്. ദൈവദത്തമായ ഉത്തരവാദിത്വത്തോടെ സനാതനസന്ദേശം പകർന്നുകൊണ്ടു പള്ളി നിലകൊള്ളുന്നു. വാർത്താവിനിമയോപാധികളുടെ അത്യാധുനികതന്ത്രങ്ങളിൽപ്പെട്ടു പള്ളിയുടെ ബോധനനീക്കം പിന്തള്ളപ്പെട്ടു പോകുന്നു. തന്മൂലം, മതമൂല്യങ്ങൾ കാററത്തു പറത്തപ്പെടുകയും ദുർബലങ്ങളാകുകയും ചെയ്യുകയാണ്.

ദൈവാലയത്തിലെ വേദോപദേശക്ലാസ്സും പള്ളിക്കൂടങ്ങളിലെ മതപഠനപദ്ധതിയുമാണ് പള്ളിയുടെ രണ്ടു പ്രധാന ബോധനവേദികൾ. ഇവയുടെ പതിഞ്ഞ നീക്കങ്ങളേക്കാൾ വേഗത്തിലും ആഴത്തിലുമുള്ള കുതിച്ചുകയററമാണ് ആധുനിക ആശയപ്രചാരണരംഗത്തിനുള്ളത്. അഭിനവപ്രസ്ഥാനങ്ങളെല്ലാം ജനസ്വാധീനം നേടിയിട്ടുള്ളതു് ആശയങ്ങളുടെ ഈ കുത്തൊഴുക്കിന്റെ പരിണതഫലമായത്രേ. മതസ്വാധീനം കുറഞ്ഞുപോകുന്നതിന്റെ കാരണം മററെങ്ങും തിരയേണ്ടതില്ല.

വളരുന്ന തലമുറയുടെ മാനസികദാഹം പല വഴിയിലേക്കു തിരിഞ്ഞിട്ടുള്ളതാണ്. താത്വികം, ദാർശനികം വേദാന്തപരം, ആധ്യാത്മികം, ശാസ്ത്ര ചിന്താത്മകം, കലാപരം തുടങ്ങിയ വിവിധ രീതിയിലുള്ള ആവശ്യങ്ങൾ നിറവേറേണ്ടതുണ്ട്. പുസ്തകസഞ്ചയത്തിന്റെ സഹായംകൊണ്ടേ ഇടവകയ്ക്കിതു സാധിക്കൂ. ഗ്രന്ഥശാലയ്ക്കു പാരിഷ്

www.malankaralibrary.com



മുൻകൈയെടുക്കുന്നില്ലെങ്കിൽ ജനം സ്വന്തം വഴികൾ തിരിയും; മററു ലൈബ്രറികളെ അഭയം തേടും. അതാണിന്നു നടക്കുന്നത്. അധമകൃതികളുടെ വിഷമയങ്ങളായ ആശയങ്ങളാൽ വിശ്വാസികൾ നീതരാകുന്നു; ബിസിനസ് പ്രസിദ്ധീകരണങ്ങൾ വിതച്ചുവളർത്തുന്ന മൂല്യച്യുതിയിലേക്ക് അവൻ വഴുതി വീഴുന്നു.

മനസ്സുണ്ടാകട്ടെ. എങ്കിൽ, ഇടവകലൈബ്രറി ബുദ്ധിമുട്ടുള്ള കാര്യമല്ല. ഇതിനുവേണ്ടി പണിപ്പെടാൻ പള്ളിക്കു ഭാരം വരികയില്ല. ഏതാനും ഭക്തസംഘടനകളുടെ സഹകരണവും അവർക്ക് സമ്മേളിക്കത്തക്ക ഒരു മുറിയും കുറെ അലമാരികളും പുസ്തകങ്ങളും സാമഗ്രികളുമുണ്ടായാൽ മതി. കാര്യം നിസ്സാരം. ഇതു വരുത്തുന്ന ഉണർവ്വോ? വളരെയേറെ. സഭാവിജ്ഞാനഭണ്ഡാഗാരത്തിൽനിന്നും ഓരോ വ്യക്തിയും ആവശ്യാനുസാരം കോരിയെടുക്കും. ചിലർ കത്തോലിക്കാദർശനത്തിൽ സന്തുഷ്ടരാകും.; മററു ചിലർ ഭക്തിമാർഗ്ഗത്തിൽ മുഴുകും; വിശുദ്ധന്മാരുടെ ജീവിതകഥകളായിരിക്കും ഇനിയും ചിലരെ കോരിത്തരിപ്പിക്കുന്നത്; ബൈബിൾചിന്തകളുടെ ബന്ധുരത തലകുലുക്കി സമ്മതിക്കുവാൻ വേറെ ചിലരുണ്ടാകും; മതമൂല്യങ്ങൾ ആവിഷ്കരിക്കുന്ന കലാരചനകളുമായി ഇനിയും ചിലർ മുന്നേറും; ചരിത്രഗവേഷണങ്ങളിലായിരിക്കും മററു ചിലരുടെ മുങ്ങിത്തപ്പൽ— ബഹുധാ ഉണർവ്വുവരുത്തുന്ന ഒരു സംരംഭത്തിന് എന്തിന് അലസത കാട്ടണം?

2500—ൽ ഏറെയുണ്ട് കേരളത്തിൽ കത്തോലിക്കാ ഇടവകകൾ: ആശ്രമങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സംഖ്യ 1000—ത്തിലധികവും. 2000 ഇടവക ലൈബ്രറികൾ എങ്കിലും സ്ഥാപിതമായാൽ കേരളത്തിനുണ്ടാകുന്ന ആധ്യാത്മികനവോത്ഥാനം എത്രയധികമായിരിക്കും? സുവിശേഷവത്ക്കരണദശകം വിജയിപ്പിക്കാൻ നമുക്കു ചെയ്യാവുന്ന പ്രഥമവും പ്രധാനവുമായ കാര്യം ഇടവക ലൈബ്രറി പ്രസ്ഥാനം തന്നെ.

നമ്മുടെ എഴുത്തുകാർക്ക് അവാർഡു നല്കിത്തുടങ്ങിയല്ലോ. നല്ലകാര്യം. അവാർഡുദാനത്തിലൂടെയെന്നതിനേ

www.malankaralibrary.com



ക്കാം നമ്മുടെ എഴുത്തുകാരനെ ഉണർത്താനും വളർത്താനും ഇടവക വായനശാലയ്ക്കു സാധിക്കും. പ്രസാധനത്തെയും പത്രപ്രവർത്തനത്തെയും ഇതു ശക്തിപ്പെടുത്തും. സാംസ്കാരികരംഗത്ത് അടികൊള്ളിച്ചേണ്ടയായി കഴിയുകയെന്ന ദുർഭഗതയിൽ നിന്നു കേരളകത്തോലിക്കാസമൂഹത്തെ ഉദ്ധരിക്കാൻ പാരീഷ്ലൈബ്രറി പ്രസ്ഥാനം ഒരു ഊന്നുവടിയായിരിക്കും. ഈ തേൻകനിമരം എന്തിനു വേണ്ടെന്നു വയ്ക്കണം?

മററു വായനശാലകളെപ്പോലെയാകരുത് ഇടവക ലൈബ്രറി. പുസ്തകം തിരഞ്ഞെടുക്കുന്നതിൽ അവിടെ ജാഗരൂകത കാട്ടേണ്ടതുണ്ട്. നമ്മുടെ കുട്ടികളുടെയും യുവതീയുവാക്കന്മാരുടെയും പ്രായമായവരുടെയും ആധ്യാത്മിക വളർച്ചയ്ക്കുതകുന്ന ഗ്രന്ഥങ്ങളാണ് വേണ്ടത്. ബിബ്ളിയോതെറാഫി ബുദ്ധിമുട്ടുള്ള കാര്യമാണ്. കേരളത്തിലെ ഇടവക വായനശാലയ്ക്ക് ആവശ്യപ്പെട്ട ഉത്തമഗ്രന്ഥങ്ങൾ ഉത്തരവാദിത്വപൂർവ്വം തിരഞ്ഞെടുത്തു നല്കുന്നതിന് രൂപതാ സംവിധാനം ഉണ്ടാകണം. ഇടവക ഗ്രന്ഥശാലാ പ്രവർത്തനത്തെ നമുക്കു വിജയിപ്പിക്കാം.

## II

## *പാരീഷ് റീഡിംഗുറും*

''വേദോപദേശം വേണ്ടത്ര നടക്കുന്നില്ല, ടി. വി കാണുന്നതിനും ഡാൻസ്ക്ലാസ്സിനുംവേണ്ടി ആ സമയം ചെലവഴിക്കാനാണ് പലർക്കും തിടുക്കം''; ''യുവജനങ്ങളധികവും ഡി. വൈ. എഫ്. ഐ യിലാണ് മേച്ചിൽപ്പുറം തേടുന്നതു'' 'ഭക്തസംഘടനകൾക്കു മുമ്പത്തെപ്പോലെ മൂർച്ചയില്ല'', ''യഹോവാസാക്ഷികളുടെയും പെന്തിക്കൊസ്തുകാരുടെയും നുഴഞ്ഞുകയററം വിശ്വാസികളെ ചിന്താക്കുഴപ്പത്തിലാഴ്ത്തുന്നു''; ''വൈദികാധ്യക്ഷന്മാരുടെ ഉൽബോധനം ജനമധ്യത്തിലേക്കു ആഴ്ന്നിറങ്ങുന്നില്ല''; ''വത്തിക്കാൻ കൗൺസിലിൻെറ ചലനങ്ങളും സഭാപ്രമാണങ്ങളും സാധാരണക്കാരനെ സ്പർശിക്കുന്നില്ല''—ഇടവകകളെ സംബന്ധിച്ച ദുഃഖസത്യങ്ങൾ ഒന്നും രണ്ടുമല്ല.

www.malankaralibrary.com



നിഷ്ക്രിയത്വമാണ് പലേടത്തും പടന്നുപടിച്ചിട്ടുള്ളത്. ഏട്ടിലൊരുതരം, പയററിൽ മറെറാരുവിധം—എന്നതാണ് ദുസ്ഥിതി. എന്താണൊരു പ്രതിവിധി? നമ്മുടെ പ്രസിദ്ധീകരണങ്ങൾക്കു കുറെ വല്ലതും സാധിക്കയില്ലേ? സാധിക്കേണ്ടതാണ്. കുറെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ കേരളത്തിലുണ്ടല്ലൊ. പക്ഷേ, അവയുടെ പ്രയോജനം പലർക്കും വേണ്ടാ (There is Operation, but no Cooperation ) കരണമുണ്ട്, എന്നാൽ സഹകരണമില്ല എന്നതാണ് ദുർഭഗത.

സഭയുടെ ചലനങ്ങൾ സാമാന്യജനങ്ങളിലെത്തിക്കുവാൻ ആനുകാലികങ്ങൾക്കുള്ള കഴിവു എത്ര വലുതാണ്. ആനുകാലികങ്ങളുടെ രംഗത്തു കേരളസഭ പിന്നിലല്ല. അവയുടെ പ്രയോജനം കിട്ടാൻ മെനക്കെടുന്നില്ലെന്നുമാത്രം. പ്രസിദ്ധീകരണങ്ങൾ പലതുണ്ടല്ലൊ. എല്ലാം വരുത്താൻ പലർക്കും സാധിച്ചെന്നു വരില്ല. സഭാ പ്രസിദ്ധീകരണങ്ങളിൽ ഒന്നെങ്കിലും ഓരോ ഭവനത്തിലും വരുത്തരുതോ? എല്ലാ പ്രസിദ്ധീകരണങ്ങളും ഇടവക റീഡിംഗുറൂമിൽ ലഭ്യമാക്കയും ചെയ്യട്ടെ. അങ്ങനെ എല്ലാ പ്രസിദ്ധീകരണങ്ങളുടെയും പ്രയോജനം ഇടവകജനങ്ങൾക്കു മുഴുവൻ കിട്ടുന്നതാണ്. അതു മൂലമുള്ളുണർവ്വ് എത്ര വലുതായിരിക്കും!.

www.malankaralibrary.com

# 7

# സുവിശേഷവൽക്കരണത്തിൽ മാധ്യമങ്ങൾക്കുള്ള പങ്ക്

## I

## *പ്രേഷിതമനസ്ഥിതിയും മാധ്യമങ്ങളും* *

സക്കേവൂസ് മരക്കൊമ്പത്തുകയറി യേശുവിന്റെ വിളി ശ്രവിച്ചു; ആതൻസുകാർ പൗലൂസിനെ സാകൂതംകേട്ടു; മദർ തെരേസായുടെ ശുശ്രൂഷകളിൽ കൽക്കട്ടായിലെ മരണാസന്നൻ സാന്ത്വനം കൊള്ളുന്നു; തടവറയിൽ കിടക്കുന്ന കുറ്റവിലങ്ങുകാരൻ വൈദികന്റെ സന്ദർശനം സ്വാഗതം ചെയ്യുന്നു; താരാട്ടു പാടി കുഞ്ഞിനെ താലോലിക്കുന്ന ഭക്തയായ അമ്മ വിശ്വാസത്തിന്റെ ബാലപാഠങ്ങൾ കുട്ടിക്കു നല്കുന്നു — എല്ലായിടത്തും ദൈവസ്നേഹമാണ് പ്രഘോഷിക്കപ്പെടുന്നത്. ദൈവസ്നേഹം അറിയിക്കുകയും അതിനുസാക്ഷ്യം വഹിക്കുകയും ചെയ്യുമ്പോഴൊക്കെ നിഗൂഢമായ സുവിശേഷപ്രഘോഷണം നടക്കുകയാണ്. ഇതിനുള്ള വിളിയാണ് ക്രിസ്ത്യാനിയുടേത്. സന്യാസത്തിലേക്കും വൈദികതയിലേക്കുമുള്ള ആഹ്വാനമെന്നേ ദൈവവിളിയെന്നു കേട്ടാൽ പ്രഥമത: തോന്നുകയുള്ളു. സുവിശേഷ ദൗത്യത്താൽ പ്രചോദിതമാകാത്ത വൈദികവിളി മായംചേരാത്തതായിരിക്കയില്ല.

---

* സുവിശേഷവൽക്കരണ ദശകം പ്രഖ്യാപിക്കുന്നതിനു നാലുകൊല്ലം മുമ്പാണു ഈ ലേഖനം എഴുതിയത്. തൃശൂർ നിന്നുള്ള ടെമ്പസ്റ്റു മാസികയുടെ ദശവത്സരപ്പതിപ്പു ഒരുക്കിയതു സഹജീവികളെ സഹകരിപ്പിച്ചുകൊണ്ടത്രേ. പ്രേഷിതകേരളം പത്രാധിപർ എന്നനിലയിൽ എനിക്കും അതിൽ പങ്കെടുക്കേണ്ടിവന്നു. വിഷയം അവർ നിർദ്ദേശിച്ചതു തന്നെ. 1986 ഡിസംബറിൽ പ്രസിദ്ധീകരിച്ച ടെമ്പസ്റ്റു പത്താം വാർഷിക സ്മരണികയ്ക്കുവേണ്ടി തയ്യാറാക്കിയതത്രേ ''പ്രേഷിത മനസ്ഥിതിയും മാധ്യമങ്ങളും'' എന്ന ലേഖനം.

www.malankaralibrary.com



''........ദൈവത്തിന്റെ വചനം അധികാരപൂർവ്വം അറിയിക്കുക; ചിന്നിച്ചിതറിയ ദൈവജനത്തെ ഒന്നിച്ചുകൂട്ടുക; കൂദാശകളാകുന്ന ദൈവികദാനങ്ങൾ കൊണ്ടു അവരെ നിറയ്ക്കുക; രക്ഷയുടെ പാതയിലൂടെ ഈ ജനതയെ നയിക്കുക; നമ്മൾ സജീവോപകരണങ്ങളായിരിക്കുന്ന കൂട്ടായ്മയിൽ അവരെ നിലനിർത്തുക; വിളിക്കുചേർന്ന വിശ്വസ്തതയോടെ ക്രിസ്തുവിനു ചുററും കൂട്ടപ്പെട്ടിട്ടുള്ള ഈ സമൂഹത്തെ നിരന്തരം സൂക്ഷിക്കുക''—എല്ലാം നിർവ്വഹിക്കുന്നതിനുവേണ്ടിയത്രേ പ്രേഷിതൻ. (Evangelii Nuntiandi, Pope Paul VI, 68.) ഈ ലക്ഷ്യം നേടുന്നതിന് നമുക്കുള്ള മാദ്ധ്യമങ്ങൾ ഏതാനും പ്രസിദ്ധീകരണങ്ങൾമാത്രമാണ്. ബലമുള്ള വടികളായി ഈ പ്രസിദ്ധീകരണങ്ങളെ കാണുകവയ്യാ.

പ്രതികരണശേഷി നഷ്ടപ്പെട്ടവയാണ് നമ്മുടെ ഇന്നത്തെ പ്രസിദ്ധീകരണങ്ങൾ. ബ്ലൂഫിലിമുകളുടെ അമിതപ്രചാരം, മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും സർവ്വവ്യാപകത്വം, ലൈംഗികഅരാജകത്വം, കലകളുടെ ദുർവിനിയോഗം, മൂല്യച്യുതിയുടെ തേർവാഴ്ച തുടങ്ങിയ ഇരുട്ടിന്റെ നഗ്നതാണ്ഡവങ്ങൾ ഈ പ്രസിദ്ധീകരണങ്ങളിൽ പ്രതികരണം ഉണ്ടാക്കുന്നില്ല. പാഴ്നിലം കൃഷിചെയ്യുന്നതുപോലെയോ പൊട്ടനോടു സംസാരിക്കുന്നതുപോലെയോ പോത്തിനോടുവേദമോതുന്നതുപോലെയോ ഫലശൂന്യമാണ് സുവിശേഷപ്രവർത്തനമെന്നു ഈ ജിഹ്വകൾ അധൈര്യപ്പെടുന്നതുപോലെതോന്നുന്നു.

സാക്ഷ്യംവഹിക്കലാണ് പ്രേഷിതത്വം. അനുഭവവേദ്യമായ ദൈവാനുഗ്രഹത്തിന് സാക്ഷ്യംവഹിക്കൽ! ജീവിതം കൊണ്ടും വാക്കുകൊണ്ടും സാക്ഷ്യം പ്രകടിതമാക്കയും ചെയ്യുന്നു.മാനുഷിക നവീകരണത്തിന് ഹേതുവാണീസാക്ഷ്യം. ആഗുസ്തീനോസിന്റെ ''ഏററു പറച്ചിൽ'' (Confessions) നല്കുന്ന സാക്ഷ്യം എത്ര മനസ്സുകളിലാണ് മാററം മറിച്ചിൽ ഉളവാക്കിയിട്ടുള്ളതു്. അവിലായിലെ ത്രേസ്യായുടെ "ആഭ്യന്തരഹർമ്യം'' (Interior Castle) എത്രപേരെയാണ് അടിമുടികലുക്കിയിട്ടുള്ളതു്. ഏശായായുടെ പ്രവചനങ്ങൾ ആരി

www.malankaralibrary.com



ലെല്ലാം പരിവർത്തനം ഉളവാക്കിയിട്ടില്ല. ക്രിസ്തുവിശ്വാസികൾ ചേർന്ന വർത്തനവ്യതിയാനങ്ങൾ അനേകരിലുളവാക്കുവാൻ നമ്മുടെ പ്രസിദ്ധീകരണങ്ങൾക്കു കഴിയേണ്ടതാണ്.

ദൈവശാസ്ത്രസിദ്ധാന്തങ്ങളുടെ അദ്ധ്യവസാനത്തിനു മാത്രമാണ് നിലനില്പെന്നു കരുതുന്ന വാർത്താമാധ്യമങ്ങളുണ്ട്. വരപ്രസാദം, പാപബോധം, സഭാരഹസ്യം, ആരാധനാസംവിധാനം, സഭാധികാരം തുടങ്ങിയ ദൈവശാസ്ത്രപ്രകരണങ്ങൾ പ്രധാനപ്പെട്ടവതന്നെ. വിശ്വാസവികസനത്തോടൊപ്പം സൂക്ഷ്മമായ ദൈവശാസ്ത്ര ശിക്ഷണവും ആവശ്യമാണ്. എന്നാൽ, കുളിപ്പിച്ചുകുളിപ്പിച്ചു കുട്ടിനഷ്ടപ്പെടാനിടയുണ്ട്. ദൈവശാസ്ത്ര വ്യുൽപത്തിയുടെ അതിപ്രസരണത്തിനിടയിൽ സുവിശേഷവേലയുടെ കാതൽ ചോന്നുപോയെന്നിരിക്കും; ഈശോയെ കണ്ടില്ലെന്നുവരും; ഈശോയുടെ രാജ്യം വിസ്മൃതമായെന്നിരിക്കും. പിതാവിനെയും പരിശുദ്ധാത്മാവിനെയും വെളിപ്പെടുത്തുന്ന യേശുക്രിസ്തുവിൻെറ രഹസ്യത്തിലാണ് സുവിശേഷം കേന്ദ്രീകൃതമായിരിക്കുന്നതു്. ''ദൈവത്തിൻെറ പുത്രനായ നസറേത്തിലെ യേശുവിൻെറ പേരും പഠിപ്പിക്കലും ജീവിതവും വാഗ്ദാനങ്ങളും രാജ്യവും രഹസ്യവും അറിയിക്കുന്നില്ലെങ്കിൽ അതു യഥാർത്ഥ സുവിശേഷമായിരിക്കയില്ല'' (Evangelii Nuntiandi, 22)

സമൂഹത്തെ ഒന്നടങ്കം സ്വാധീനിക്കുവാൻ കേരളത്തിലെ ഒരു കത്തോലിക്കാ പ്രസിദ്ധീകരണത്തിനും സാധിക്കുന്നില്ല. രൂപതയുടെയോ സന്യാസസമൂഹങ്ങളുടെയോ സങ്കുചിതലക്ഷ്യം വെച്ചു നടത്തുന്ന മാധ്യമങ്ങൾക്കു 42 ലക്ഷം കത്തോലിക്കരുടെ താല്പര്യം സംരക്ഷിക്കാൻ കഴിയാതെപോകുന്നു. പ്രേഷിതപ്രസിദ്ധീകരണത്തിൻെറ ആവശ്യകത മനസ്സിലാക്കാത്തവരുമുണ്ട്. വേണ്ടത്ര ദൈവവിളികൾ കേരളത്തിനുണ്ടെന്നത്രേ അവരുടെ ന്യായം. അതിനു പ്രസിദ്ധീകരണങ്ങളുടെ സഹായം ആവശ്യമില്ലത്രേ. എന്നാൽ അവിഹിതരെ അകററാനും ഉത്തമദൈവവിളി ഉണർത്താനും ഇന്നും പ്രേഷിതപ്രസിദ്ധീകരണങ്ങൾ ഉപകരിക്കും.

www.malankaralibrary.com



ആസന്നഭാവികരേക്കൂടി പ്രശ്നമുയർത്തുന്നതാണ്. സന്തുഷ്ടകുടുംബത്തിലെ രണ്ടോമൂന്നോ കുട്ടികരം; അമിതസുഖത്തിലും ത്യാഗലേശം കൂടാതെയും കഴിയുന്ന വ്യക്തികരം— അവിടെ ദൈവവിളി മുളയ്ക്കമോ? ഇന്നത്തേതുപോലെയുള്ള ദൈവവിളികരം കുറഞ്ഞെന്നിരിക്കും. എന്നാൽ, പ്രതിസന്ധിയുടെ അററവേനലിലും ഉത്തമദൈവവിളി ജന്മം കൊള്ളാതിരിക്കയില്ല. അതിനെ പാലൂട്ടി വളർത്തണം. അതിനുള്ള സാഹചര്യം പ്രേഷിതപ്രസിദ്ധീകരണം സംജാതമാക്കും.

കത്തോലിക്കാ ജിഹ്വകരംക്ക സ്റ്റാൻഡാർഡു പോരെന്നാണു പരാതി. സ്ററാൻഡാർഡു വരുത്താൻ പോരും വിധം സമൂഹത്തിൻെറ താങ്ങ ലഭിക്കുന്നില്ലെന്നത്രേ ജിഹ്വകളുടെ ആവലാതി. സമൂഹവും പത്രവും പരസ്പരം പഴിചാരുന്നതിനേ ശ്രമിക്കുന്നുള്ളു; കൊള്ളാനും കൊടുക്കാനും മുതിരുന്നില്ല. തന്മൂലം, ഇരുകൂട്ടരും ശോഷിക്കുകയാണ്. സമൂഹത്തിൻെറ സഹകരണം കൂടാതെ പത്രമോ പത്രത്തിൻെറ സഹകരണം കൂടാതെ സമൂഹമോ മുന്നേറുകയില്ല.

കൊള്ളക്കാരൻെറ കഴുകദൃഷ്ടി ഒരു വശത്ത്; തിരിഞ്ഞ കണ്ണുകൊണ്ട നോക്കാത്ത രക്ഷാകർത്താക്കളുടെ അക്ഷന്തവ്യമായ അനാസ്ഥ മറുവശത്ത് — രണ്ടിനു മിടയ്ക്കാണു കത്തോലിക്കാ പ്രേഷിതപ്രസിദ്ധീകരണത്തിൻെറ ദുസ്ഥിതി. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നിത്യചൈതന്യയതി നമ്മുടെ ഒരു പ്രസിദ്ധീകരണത്തെ പരാമർശിക്കുന്നതു കാണുക: ''കേരളത്തിൽനിന്നു പരസ്യപ്പെടുത്തുന്ന ഒരു മാസികയിലെ ചില പരസ്യങ്ങളിലേക്ക രാഷ്ട്രീയ സ്വയം സേവാസംഘത്തിൻെറ ശ്രദ്ധ ആകർഷിക്കട്ടെ. ഭാരതത്തിൻെറ സ്വയം സേവകരായി ജീവിക്കുന്നവർ വൃഥാഭാഷണത്തിൽ മുഴുകി സുഖനിദ്രയിൽ ലയിച്ച കിടക്കുമ്പോരം കന്യാകുമാരി മുതൽ കാശ്മീർ വരെയും നാഗാലാൻഡുവരെയും സേവനത്തിനായി പോകുവാൻ കൊച്ചനുജന്മാരെയും കൊച്ചനുജത്തിമാരെയും ക്രിസ്തുവിൻെറ പേരിൽ അവർ വിളിക്കുന്നു. വീട്ട നരകമായിത്തീന്ന ഒട്ടേറെ പേക്ക അവർ വിളിക്കുന്നിടത്തു പോകുവാൻ സമ്മ

www.malankaralibrary.com



തമാക്കുകയും ചെയ്യുന്നു. ഇതിന്റെ പിന്നിൽ ദൈവസ്നേഹത്തിന്റെ ആഹ്വാനമുണ്ട്. മനുഷ്യസേവനപരമായ തരയുണ്ട്. രാഷ്ട്രീയമായ കണക്കുകൂട്ടലുകളുണ്ട്. ഇപ്പോൾ ഭദ്രമെന്നു കരുതപ്പെടുന്നതിനെയൊക്കെ തകിടം മറിക്കുന്നതിനുള്ള സാദ്ധ്യതയും ഇതിനുണ്ട്.

എന്തൊക്കെയായാലും ഈ വിളികൾ ആരുടെയൊക്കെയോ ഹൃദയത്തെ തൊടുന്നുണ്ട്. അവർക്ക് ലക്ഷ്യബോധവും മുന്നിലുണ്ട്. അടിവേരുകളെ സ്പർശിച്ചു പോകുന്ന ആ ഒഴുക്കിനു പകരം വെറും മൂന്നാംതരം മാധ്യമങ്ങൾ ശോഭയാത്രകളായും ഗംഗാജലവിതരണങ്ങളായും ഒക്കെ നടത്തുന്നവർക്ക് മത്സരത്തിന്റെ ഭാഷയല്ലാതെ ഒരു രാജ്യത്തിലെ പൗരസൃഷ്ടിയെപറ്റി ചിന്തിക്കുവാൻ പദ്ധതിയുണ്ടോ? "(പുസ്തകം 64, ലക്കം 33, പുറം 12) വടിയും വാളും കുന്തവും പന്തവുമായി ഒരുക്കൂട്ടർ ഉറക്കമൊഴിയുന്നു; ക്രിസ്തുശിഷ്യർ തികഞ്ഞ ഉറക്കത്തിൽ മുഴുകുന്നു.

അഞ്ചു ലക്ഷം കോപ്പികളെങ്കിലുമുള്ള ഒരു പ്രസിദ്ധീകരണം നടത്താൻ 42 ലക്ഷം കത്തോലിക്കർക്ക് എന്താണു പ്രയാസം? സമൂഹത്തിന്റെ പ്രേഷിതനീക്കത്തെ അതു എത്രമാത്രം സഹായിക്കും? ഇവിടത്തെ 3555 പള്ളികളും 4322 വൈദികരും അപ്പോൾ എത്രയധികം ഉന്മിഷത്താകും? 28748 സന്യാസികളെയും 1843 വൈദികവിദ്യാർത്ഥികളെയും ലക്ഷ്യബോധത്തിലേക്ക് അതു എമ്മാത്രം അടുപ്പിക്കും? നിർഭാഗ്യമേ, സ്വാധീനം ചെലുത്താൻ പോരുന്ന അത്തരമൊരു ജിഹ്വ നമുക്കില്ല.

ഇടവകപ്പള്ളിയുടെ തകർച്ച കുടുംബങ്ങളുടെ തലതിരിക്കും. അവിടെ പ്രേഷിതാരൂപി കാണുകയില്ല; മാതാപിതാക്കൾ സുഖപ്രമത്തതയിൽ മുഴുകും; കുട്ടികൾ നിയന്ത്രണവിഹീനരാകും; പൈങ്കിളിപ്രസിദ്ധീകരണങ്ങൾക്ക പകരം നിൽക്കാൻ പ്രേഷിതജിഹ്വകളെ സമ്മതിക്കയില്ല; മദ്യവും മയക്കമരുന്നും സൈ്വരവിഹാരം നടത്തും; സഭയുടെ ഈററില്ലമായ കുടുംബത്തിന്റെ ദുസ്ഥിതി ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങളുണ്ടാക്കും. എന്തൊരു വീഴ്ച!

www.malankaralibrary.com



രൂപതാബുള്ളററിനകം തുടർന്നുകൊള്ളട്ടെ. എന്നാൽ, നറുങ്ങുപത്രികകളുടെ സ്ഥിതിയോ? നറുങ്ങുകളായിതന്നെ അവ കഴിയണോ? അവയെ സംയോജിപ്പിച്ചാലെന്താണ്?

''വേറെ വേറെയിരുന്നാലുള്ളതി–
ലേറെക്കൂട്ടം ഗുണമൊന്നിച്ചാൽ'' എന്ന ചൊല്ല് എത്ര വാസ്തവം! സംയുക്തപത്രികയ്ക്കു പൂർവ്വാധികം കെട്ടുറപ്പുണ്ടായിരിക്കുമല്ലൊ. അപ്പോൾ ജനപിന്തുണയും സ്വാധീനശക്തിയും വർദ്ധിക്കാതിരിക്കയില്ല. പത്രപ്രവർത്തനത്തിനുള്ള മികച്ച കഴിവു ഈ സമൂഹത്തിലാർക്കും ഇല്ലെന്നുണ്ടോ? അതോ, അവസരം ലഭിക്കാതെയും കഴിവു വിനിയോഗിക്കാതെയും ഇരിക്കയാണോ? എന്തേ, നമുക്കു നേതാക്കന്മാരില്ലേ? പ്രേഷിതാരൂപിക്കാരനായ ഒരുവനെ മററു മാധ്യമങ്ങൾ വളർത്തുമോ? എത്ര അഗാധമായ ഗർത്തമാണ് മാധ്യമങ്ങളുടെ അഭാവം വരുത്തുന്നത്.

പരസ്യം മാത്രംമതി ദൈവവിളി ലഭിക്കുവാൻ എന്നായിരിക്കും ഭാവം. വളരുന്ന തലമുറയെ ദൈവവിളിക്കു ഒരുക്കുന്ന ബോധനപ്രക്രിയയെക്കുറിച്ചു ഓർക്കാറില്ല. കോളജും യൂണിവേഴ്സിററിയും റേഡിയോനിലയവും ആവശ്യമാണത്രേ. അതിനു പണച്ചെലവിന്റെ പ്രശ്നമില്ല. ദൈവവിളിയുടെയും പ്രേഷിതാരൂപിയുടെയും ബോധനകാര്യം വരുമ്പോൾ ഭാവം മാറും. നമ്മുടെ സമൂഹത്തിന്റെ ഉദാസീനതയ്ക്കു മറെറന്താണു ഹേതു? ബുദ്ധിമാന്മാരുടെ കൂട്ടത്തിനു പ്രേഷിതബോധനകാര്യത്തിൽ മാത്രം ബുദ്ധിഹീനതയോ?

മഹാന്മാക്കളെ മറക്കുന്നവർ എന്ന പഴി കേരളകത്തോലിക്കർക്കുണ്ട്. പ്രസിദ്ധീകരണങ്ങളെ തഴയുന്നതുകൊണ്ടുള്ള മറെറാരു വിന! സമുദായസേവനം ചെയ്തവരെ അനുസ്മരിക്കാൻ നമ്മൾ ഒന്നും ചെയ്യുന്നില്ല. അവാർഡുകളും എൻഡോവുമെൻറുകളും ഏർപ്പെടുത്തി വിശിഷ്ട വ്യക്തികളുടെ സ്മരണ മററുള്ളവർ നിലനിർത്തുന്നു. കത്തോലിക്കർക്കും അങ്ങനെ ആകരുതോ? മരിച്ചവരെ ഓർക്കാനും ജീവിച്ചിരിക്കുന്നവരെ ഉണർത്താനും അതു സഹായകമാകുമല്ലൊ. ബുദ്ധിജീവികളിൽ

www.malankaralibrary.com



അതുളവാക്കുന്ന പ്രേഷിതത്വര എത്ര വലുതായിരിക്കും. സമ്പത്തു മുഴുവൻ സിമൻറിനും കമ്പിക്കുമായി മാത്രം വിനിയോഗിച്ചാൽ പ്രേഷിതാരൂപിയുടെ ഹൃദയവിപ്ലവം സംജാതമാകുമോ?

പ്രേഷിതമനോഭാവങ്ങളും മാധ്യമങ്ങളും വേണമെന്നു വെയ്ക്കട്ടെ. മാർഗ്ഗം ഉണ്ടായിക്കൊള്ളും.

## II

## പ്രേഷിതത്വം അകമേയും പുറമേയും *

ആയിരക്കണക്കിനു കേരളമിഷനറിമാർ പ്രേഷിതക്കളത്തിലിറങ്ങിയിട്ടുണ്ട്. ഇവിടത്തെ അപ്പസ്തോലികസഭയ്ക്കു ബാഹ്യകേരളമിഷൻകേന്ദ്രങ്ങളുമുണ്ട്. ഈ പ്രേഷിതരേയും അവരുടെ പ്രവർത്തനരംഗങ്ങളേയും കുറിച്ചറിയാൻ ഇവിടെയുള്ളവർക്കു താല്പര്യമില്ലാതെ വരില്ല. അതു നിറവേററുന്നതിനുള്ള ശ്രമം പ്രേഷിതകേരളം ചെയ്തുകൊണ്ടിരിക്കുന്നു. ലീലാമണി, സി. ഇൻഫൻറ മേരി, പോൾ പാറേക്കാട്ടിൽ തുടങ്ങി അനേകരുടെ ലേഖനങ്ങൾ ഈ രംഗത്തു വിലപ്പെട്ട സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു ലേഖനമെങ്കിലും ഈ ജിഹ്വയുടെ ഓരോ ലക്കത്തിലും ഉണ്ടാവാതിരിക്കയില്ല.

ദൈവവിളിവളർച്ചയിൽ ഈ പ്രസിദ്ധീകരണത്തിനു കണ്ണുണ്ട്. കണ്ണുള്ളപ്പോൾ കൃഷ്ണമണിയുടെ വില അറിയാറില്ല. കുമ്പടയാതെയും മുരടിപ്പുകൂടാതെയും ദൈവവിളി ഇവിടെ നിലനില്ക്കുന്നതിൽ ഈ മാസിക വഹിച്ചിട്ടുള്ള പങ്കു ചെറുതല്ല. കേരളമൊഴികെ ഇന്ത്യയിലുള്ള 62 രൂപതകളിൽ 60—ലും മലയാളിമിഷനറിമാരുണ്ട്. സേലത്തുതന്നെ കേരള

---

* ഉത്തരേന്ത്യൻ മിഷൻ പ്രവത്തനവിവരണം മാത്രം പോരേ? സുവിശേഷവൽക്കരണം, ഇടവകനവോത്ഥാവം എന്നിവയ്ക്കു സ്ഥാനം നല്കണോ എന്നു സംശയിക്കുന്നവരുണ്ട്. ഇതിനെക്കുറിച്ചാണ് 1991 സെപ്ററംബർ ലക്കം പ്രേഷിതകേരളത്തിലെ പത്രാധിപക്കുറിപ്പ്.

www.malankaralibrary.com



മിഷനറിമാർ 680 പേരാണ്. ഇന്ത്യയ്ക്കു പുറത്തുള്ള മിഷൻ കേന്ദ്രങ്ങളിലും നമ്മുടെ പ്രേഷിതരെ കാണാം. ഒരു പേപ്പൽ നൺസിയോയെ പ്രദാനംചെയ്യത്തക്കവിധം കേരളമിഷൻ വളർന്നിരിക്കുന്നു. ദൈവവിളി ഉണർത്താനും വളർത്താനുംവേണ്ടിയുള്ള പ്രേഷിതകേരളത്തിന്റെ 44 കൊല്ലത്തെ പാരമ്പര്യം ആരും അംഗീകരിക്കാതിരിക്കയില്ല.

ദൗത്യവാഹകത്വം എന്ന ഉത്തരവാദിത്വം ക്രിസ്ത്യാനിയെ ബോധ്യപ്പെടുത്താൻ ലക്ഷ്യാധിഷ്ഠിതമായ ഈ കൊച്ചുപ്രസിദ്ധീകരണം ശ്രദ്ധിച്ചു. പ്രേഷിതാവബോധം അതിലൂടെ കേരളത്തിൽ ഉത്തേജിതമായി. സുവിശേഷവത്ക്കരണത്തിന്റെ പ്രകാശനാളങ്ങൾ ഉയർത്തുന്നതിനും അതിടയാക്കി. ഈ മാസികയിൽ സമാരബ്ധമായിരിക്കുന്ന ''സുവിശേഷസാക്ഷ്യകർമ്മപരിപാടി'' അഭിവന്ദ്യ തിരുമേനിമാരുടെ മുക്തകണ്ഠപ്രശംസ നേടിയിട്ടുണ്ട്. ഇടവകനവോത്ഥാനം സാധിതമാക്കാൻ ഈ കർമ്മപരിപാടി സഹായകമാകുമെന്നത്രേ വിശ്വാസികളുടെ പ്രത്യാശ.

ചില നിർദ്ദേശങ്ങളും ഞങ്ങൾക്കു കിട്ടാതിരിക്കുന്നില്ല. ''ഉത്തരേന്ത്യൻ മിഷൻപ്രവർത്തനവിവരണം മാത്രം പോരേ മാസികയിൽ? സുവിശേഷവത്ക്കരണം, ഇടവകനവോത്ഥാനം, ദൈവവിളിവളർച്ച എന്നിവ എന്തിനു മിഷൻ മാസികയുടെ താളുകളിൽ നിറയ്ക്കണം? കഥയും കവിതയും നോവലും നാടകവും കുട്ടികളുടെ പംക്തിയും ഒഴിവാക്കരുതോ? ''അധികസ്യ അധികം ഫലം'' എന്നില്ലേ? മുഴുവൻ പുറങ്ങളും പ്രേഷിതപ്രവർത്തനചിത്രീകരണത്തിനു വിനിയോഗിച്ചാൽ മിഷൻതീക്ഷ്ണതയുടെ വർദ്ധനവ് എത്രയധികമാവും?''

നാലു ഷീററുകളുള്ള ഒരു കൊച്ചു ദ്വൈമാസികയ്ക്കാണ് ഫാ.സക്കറിയാസ് തുടക്കമിട്ടത്. Home Field(കുടുംബതലം) എന്നായിരുന്നു പേര്. മിഷനറിമാരുടെ പ്രവർത്തനവിവരണം മാത്രമായിരുന്നില്ല, പിന്നെയോ ഭാരതമിഷൻ വിജയിപ്പിക്കത്തക്കവിധം കേരളത്തെ ഉത്തേജിതമാക്കണമെന്നതായിരുന്നു ലക്ഷ്യം. ''കത്തോലിക്കാകുടുംബ''വുമായി പുന:സംയോജിപ്പിച്ചിട്ടുള്ളതാണ് ഇന്നത്തെ പ്രേഷിതകേരളം. രണ്ടു മാസികകളുടെയും ആത്യന്തികലക്ഷ്യം ഒന്നുതന്നെയായി

www.malankaralibrary.com



രുന്നു. ഒന്നിച്ചുചേർക്കലിന്റെ ഒത്തുതീർപ്പു വ്യവസ്ഥകൾ പാലിച്ചേ പററൂ. കുടുംബത്തിന്റെയും തദ്വാര ഇടവകയുടെയും പ്രേഷിതനവോത്ഥാനമാണ് ''കുടുംബം'' പുലർത്തിയിരുന്നത്. കുടുംബത്തിന്റെയും ഇടവകയുടെയും ഉണർവ്വിലൂടെ കേരളത്തിന്റെ പ്രേഷിതപ്രബുദ്ധത ശ്രദ്ധിക്കാൻ പ്രേഷിതകേരളം നിർബന്ധിതമായി.

ചെറിയ ചക്രവാളമല്ല പ്രേഷിതത്വത്തിന്റേത്. സുവിശേഷത്തിന്റെ വിശാലതയോളം, സഭാസാർവ്വത്രികതയുടെ അതിരുകളോളം പരപ്പും ആഴവും അതിനുണ്ട്. ആഭ്യന്തര ബാഹ്യങ്ങൾ എന്ന് അതിനെ പിളർക്കരുത്; ഉത്തരദക്ഷിണങ്ങൾ എന്ന് അതിനെ മുറിക്കരുത്. ''തടവുപുള്ളികൾക്ക അഭയകേന്ദ്രം'', ''സഭാവിരുദ്ധചിന്താധാരകൾ'' എന്ന രണ്ടു ലേഖനങ്ങൾ ഈ ലക്കത്തിലുണ്ട്. കെ. സി. ബി. സി. നേതൃത്വം നല്കുന്ന ഒന്നാണ് ആദ്യത്തേത്, കേരള സഭയുടെ സത്വരശ്രദ്ധ പതിയേണ്ട വിഷയമാണ് ബിഷപ്പ് ഗീവറുഗീസ് മാർ തിമോത്തെയോസ് അവതരിപ്പിക്കുന്നത്. പ്രേഷിതത്വത്തിന്റെ പരിധിയിൽ ഇവ പെടുകയില്ലെന്ന് എങ്ങനെ പറയും? വിവിധ തലങ്ങളിലുള്ള സഭാ സന്താനങ്ങളുടെ ആദ്ധ്യാത്മികാഭിമുഖ്യം വളർത്തണം; വേർപിരിഞ്ഞു നില്ക്കുന്ന ക്രിസ്തീയസഹോദരങ്ങളുടെ കൂട്ടായ്മ ഉറപ്പിക്കണം; അനാഗതരുടെ സുവിശേഷാശ്ളേഷണം സാധ്യമാക്കണം— എല്ലാം ക്രിസ്തുവിന്റെ മുന്തിരിത്തോപ്പിലെ വേലയാണ്. ഒന്നും ധിക്കരിക്കാവതല്ല. പ്രേഷിത ചക്രവാളത്തിന്റെ വിശാലത ഇടുക്കമനസ്ഥിതിയിൽ ഒതുങ്ങുകയില്ല.

വളർച്ച മുരടിക്കുന്നോ എന്ന സംശയം ഭാരത ക്രിസ്ത്യാനികളെക്കുറിച്ചുണ്ട്. ഇങ്ങനെ തോന്നത്തക്ക വിധമാണ് 1991—ലെ ഒരു സ്ഥിതി വിവരക്കണക്ക്. പ്രസ്തുത കണക്കനുസരിച്ച് കഴിഞ്ഞ പത്തു വർഷത്തെ ഇന്ത്യയുടെ വിവിധ മതങ്ങളുടെ വളർച്ച നിരക്കിൽ ഏററവും താഴത്തെ നിരയത്രേ ക്രൈസ്തവരുടേത് (16.73%). മാനസാന്തരങ്ങൾ നന്നേ കുറയുന്നുവെന്നല്ലേ ഇത് കാട്ടുക? എത്ര ശ്രമിച്ചിട്ടും, മിഷനറിമാരുമായി കൂടെക്കൂടെ സമ്പർക്കം പുലർ

www.malankaralibrary.com



ത്തിയിട്ടും മാനസാന്തര ചിത്രീകരണങ്ങൾ കിട്ടുന്നില്ല. വെള്ളമില്ലാതെ എങ്ങനെ മുങ്ങും? ചുവരില്ലാതെ എങ്ങനെ ചിത്രമെഴുതും? നിർജ്ജീവചിത്രീകരണങ്ങൾ മതിയോ? വേഷം കാട്ടൽലേഖനങ്ങൾ വായിക്കാൻ ആരു സമയംകളയും?

സുവിശേഷവത്ക്കരണപുനർപ്രവർത്തനം ക്രിസ്തീയ കേന്ദ്രങ്ങളിൽ ആവശ്യമെന്നല്ലേ ഇന്നത്തെ ഉദ്ബോധനം? കേരളത്തെ ഇതിൽനിന്നു മാററിനിർത്തണമോ? ഇവിടത്തെ ആധ്യാത്മികമാന്ദ്യത്തിനു പ്രതിവിധി വേണ്ടേ? സഭാവിരുദ്ധ കീടബാധകളെ ചെറുക്കേണ്ടേ? ഇടവകസമൂഹത്തിൻെറ അകർമ്മണ്യത അകററേണ്ടേ? പ്രേഷിതാരൂപി ഇവിടെ ത്രസിക്കേണ്ടേ? ഇതൊന്നുമില്ലെങ്കിൽ ഭാരതമാനസാന്തരത്തിനു യത്നിക്കുവാൻ കേരളതനയക്ക് എങ്ങനെ കഴിയും? ദൈവവിളി എങ്ങനെ വളരും? പ്രേഷിതാരൂപി ഇല്ലാത്തവർ പ്രേഷിത വിവരണം വായിക്കാൻ മെനക്കെടുമോ?

വി. ഫ്രാൻസിസ് സേവ്യറിൻെറ മിഷൻ പ്രവർത്തനവും വി. കൊച്ചുത്രേസ്യായുടെ മിഷൻ അരൂപിയും ഒന്നുപോലെ ആവശ്യമാണ്. രണ്ടും പരസ്പര ഭിന്നമല്ല. ആന്തരികതയില്ലാതെ ബാഹ്യപ്രകടനം വിജയിക്കുകയില്ല. ആന്തകാരൂപിയാണ് കൊച്ചു ത്രേസ്യായെ മിഷൻ മധ്യസ്ഥയാക്കിയതു്. മിഷൻ അരൂപിയെ വളർത്തുന്ന ഘടകങ്ങളൊന്നും പ്രേഷിതപ്രവർത്തനത്തിൽനിന്നു മാററിനിർത്തരുതു്.

www.malankaralibrary.com

## അനുബന്ധം

# സഭയും സുവിശേഷവൽക്കരണവും വത്തിക്കാൻ ഡിക്രികളിൽ നിന്നുള്ള ഉദ്ധരണികൾ

### 1. സുവിശേഷം അറിയിക്കണം

"........സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ആവശ്യകതയും (1 കോരി. 9:16) അതേസമയം അതിനുള്ള പരിശുദ്ധമായ അവകാശവും സഭയ്ക്കുണ്ട്. തന്മൂലം എക്കാലത്തും എന്നതുപോലെ ഇന്നും മിഷൻ പ്രവർത്തനത്തിന്റെ ശക്തിയും ആവശ്യകതയും അഭംഗുരമായി നിലകൊള്ളുന്നു" (പ്രേഷിത പ്രവർത്തനം 7) (എബ്രാ. 11:6; 1 കോരി. 9: 16)

### 2. സർവ്വജനങ്ങൾക്കും സുവിശേഷം

"സഭയെ ജനപദങ്ങളിലേക്കു ദൈവം അയച്ചു, രക്ഷയുടെ സാർവ്വത്രികകൂദാശ ആയിരിക്കുന്നതിന്. സഭയ്ക്കു സ്വാതസ്സിദ്ധമയേ സാർവ്വത്രികതയിൽ നിന്നുൽഭൂതമാകുന്ന ആന്തരികപ്രവണതകൾക്കും സഭാ സ്ഥാപകന്റെ കല്പനയ്ക്കും അനുസൃതമായി (മർക്കോ, 16:16) സുവിശേഷ ചൈതന്യം എല്ലാമനുഷ്യർക്കും പകർന്നുകൊടുക്കുന്നതിൽ തിരുസ്സഭ ദത്തശ്രദ്ധയാണ്" (പ്രേഷിതപ്രവർത്തനം 1)

"ആകയാൽ നിങ്ങൾപോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും." (മത്താ. 28:19—20)

### 3. മിഷന്റെ ആരംഭവും ലക്ഷ്യവും

"തീർത്ഥാടകസഭ സ്വഭാവത്താലെ തന്നെ പ്രേഷിതയാണ്. കാരണം പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാരൂപിയുടെയും പ്രേഷിതത്വത്തിൽ നിന്നാണ് അവളുടെ ഉത്ഭവം" (പ്രേഷിത പ്രവ

www.malankaralibrary.com



ത്തനം 2) പിതാവും പുത്രനും അവരുടെ സ്നേഹാരൂപിയും തമ്മിലുള്ളബന്ധം എല്ലാവരിലും ഉളവാക്കുകയെന്നതത്രേ മിഷന്റെ പരമലക്ഷ്യം''.

## 4. പ്രേഷിതപ്രവർത്തനങ്ങളുടെ ചാലകശക്തി

ക്രിസ്തുവിന്റെ സ്നേഹമാണ് പ്രേഷിത പ്രവർത്തനത്തിനു് ഉത്തേജനം നല്കുന്നത്. (2 കോരി. 5:14)

''എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമാണ് അവിടുന്നു ആഗ്രഹിക്കുന്നത്. (1 തിമോ.2:4) സഭയിലാണ് ഈ സത്യം നിക്ഷിപ്തമായിരിക്കുന്നത്. സഭ സത്യം അറിയിക്കണം, അതുകൊണ്ടത്രേ സഭ മിഷനറിയായിരിക്കണമെന്നു പറയുന്നത്,

## 5. ക്രിസ്തുവിന്റെ പാതയിലൂടെ സഭയും

സഭയിലെ പ്രേഷിതപ്രവർത്തനങ്ങളുടെ മുഖ്യചാലകശക്തി പരിശുദ്ധാരൂപിയാണ്. അവിടുന്നാണ് പ്രേഷിതസരണിയിലൂടെ സഭയെ നയിക്കുന്നത്. ''ഈ പ്രേഷിതത്വം ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാൻ അയയ്ക്കപ്പെട്ട ക്രിസ്തുവിന്റെ തന്നെ പ്രേഷിതദൗത്യം തുടരുകയും ചരിത്രഗതിയിലൂടെ വിശദാമാക്കുകയും ചെയ്യുന്നതുകൊണ്ടു ക്രിസ്തുവിന്റെ അരൂപിയാൽ നയിക്കപ്പെടുന്ന സഭയും ക്രിസ്തു സഞ്ചരിച്ച പാതയിലൂടെ തന്നെ സഞ്ചരിക്കണം. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗ്ഗമാണതു്. മരണത്തിൽ നിന്നാണ് ക്രിസ്തു ഉത്ഥാനം വഴി വിജയശ്രീലാളിതനായത്. ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കുവേണ്ടി അവിടുന്നു സഹിച്ചവയിലുള്ള കുറവിനെ പലവിധഞെരുക്കങ്ങളാലും പീഡനത്താലും നികത്തിയ ശ്ലീഹന്മാർ (കൊളോ. 1:24) പ്രതീക്ഷാപൂർവ്വം സ്വീകരിച്ചമാർഗ്ഗവും ഇതുതന്നെയായിരുന്നു. പലപ്പോഴും ക്രൈസ്തവരക്തം സഭാബീജമായി പരിണമിച്ചിട്ടുണ്ട്.'' [പ്രേഷിത പ്രവർത്തനം 5, (2)]

www.malankaralibrary.com



### 6. ദൗത്യവാഹകന്റെ ബലഹീനത

"സഭ നല്കുന്ന സന്ദേശവും സുവിശേഷപ്രചാരണം ഭരമേററിരിക്കുന്നവരുടെ മാനുഷികമായ ബലഹീനതകളും തമ്മിലുള്ള അന്തരം വലുതാണ്......................പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുന്ന സഭാമാതാവു സ്വതനയരെ നിരന്തരം പ്രോത്സാഹിപ്പിക്കുകയാണ്, സ്വയം വിശുദ്ധീകരിക്കാനും നവീകരിക്കാനും ക്രിസ്തുവിന്റെ അടയാളം സഭയുടെ മുഖത്തു കൂടുതൽ പ്രകാശിതമാകാനും" [സഭ ആധുനികയുഗത്തിൽ 43, (6).]

### 7. കുരിശിന്റെ ഇടുങ്ങിയപാത

"...........കുരിശിന്റെ ഇടുങ്ങിയപാതയിലൂടെ സഞ്ചരിച്ച് ദൈവജനം യുഗങ്ങളുടെ നാഥനും വിധാതാവുമായ [പ്രഭാ 36:19] ക്രിസ്തുവിന്റെ രാജ്യം ലോകംമുഴുവൻ പരത്തുകയും അവിടത്തെ ആഗമനത്തിനായി ലോകത്തെ ഒരുക്കുകയും ചെയ്യട്ടെ" [പ്രേഷിതപ്രവർത്തനം 1 (3).]

### 8. ശുശ്രൂഷകരണം ക്രിസ്തുവിനെപ്പോലെ

".......ഇങ്ങനെതന്നെ സഭ മാനുഷികമായ ബലഹീനതകൾ മൂലംഞെരുക്കം അനുഭവിക്കുന്നവരെ സസ്നേഹം ആശ്ലേഷിക്കുന്നു. പാവപ്പെട്ടവനിലും പീഡിതനിലും ദരിദ്രനും പീഡിതനുമായ ദിവ്യസ്ഥാപകന്റെ പ്രതിഛായദർശിക്കുന്നു. അവരുടെ അവശതകൾ പരിഹരിക്കാൻ പരമാവധി പരിശ്രമിക്കയും ചെയ്യുന്നു. അവരിലൂടെ അവൾ ക്രിസ്തു നാഥനെ ശുശ്രൂഷിക്കുകയാണ്...........പശ്ചാത്താപത്തിന്റെയും നവീകരണത്തിന്റെയും മാർഗ്ഗം അവൾ നിരന്തരം പിന്തുടരുന്നു!! [തിരുസ്സഭ. 8 (3)].

www.malankaralibrary.com

# "ഓർമ്മയുടെ ചിത്രശാല"

(ഒന്നാം പുസ്തകം)

*ഗ്രന്ഥകർത്താവ്*

## *വി. കിളിച്ചിമല*

*പരക്കെ അംഗീകരിക്കപ്പെടുന്നു.*

### *1 വെരി. റവ. ഫാ. ഫിലിപ്പ് സി. പന്തോളിൽ*

(റിട്ട. പ്രിൻസിപ്പൽ)

''ഓർമ്മയുടെ ചിത്രശാല'' ഒരു വലിയ ആവശ്യം നിറവേററുകയാണ്; മലങ്കരകത്തോലിക്കാരംഗത്തെ ഒരു വിടവു നികത്തുകയാണ്; നമ്മെ അറിയുവാനും വിലയിരുത്തുവാനും ഒരു അവസരം ഒരുക്കിയിരിക്കുകയാണ്......... പുനരൈക്യ പ്രണേതാക്കളെക്കുറിച്ചു ഇന്നത്തെ യുവതലമുറയ്ക്കുള്ള അറിവു തുലോം തുച്ഛം. ആ പോരായ്മ നികത്താൻ ചെയ്തിട്ടുള്ള ശ്രമത്തിലൂടെ ഗ്രന്ഥകർത്താവു അഭിനന്ദനീയനായിരിക്കുന്നു; നന്ദി അർഹിക്കുന്നു.... ....... ഇത്തരത്തിലുള്ള ചരിത്രഗവേഷണം വളരെ ക്ലേശകരമാണെന്നകാര്യം അനുഭവസ്ഥർക്കേ അറിവുള്ളു. പ്രശംസനീയമായ ഈ സംരഭത്തിൽ എല്ലാ ഒത്താശകളും ചെയ്തു കൊടുക്കുന്നതു മഹത്തായ ഒരു സഭാ സേവനംതന്നെയത്രേ. മലങ്കരകത്തോലിക്കാ കോൺഗ്രസിന്റെ അടിയന്തരശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്............ എല്ലാവരും പുസ്തകം കരസ്ഥമാക്കട്ടെ.

### *2 വെരി റവ. ഫാ. യോവാക്കീം നാഗഞ്ചേരിൽ*

''ഓർമ്മയുടെ ചിത്രശാല'' ഇത്ര മനോഹരമായി ഒരുക്കിയ ചിത്രകാരനെ എത്ര ശ്ലാഘിച്ചാലും മതിയാകയില്ല. അതിന്റെ പിന്നിലുള്ള ബുദ്ധികൂർമ്മതയും ബുദ്ധിമുട്ടുകളും അതിരററവ തന്നെ. ഈ ചിത്രശാലയിൽ വ്യാപരിക്കുന്നതുവഴി അത്യുന്മേഷവും അത്യുൽക്കർഷവും ആർക്കും ആർജ്ജിക്കാം. തുടർന്നുള്ള ഭാഗങ്ങളും കൂടിയാവുമ്പോൾ മലങ്കരകത്തോലിക്കാസഭയ്ക്കു അഭിമാനവിജ്യംഭിതയാകാം............ ഇതു വായിക്കാതിരിക്കുക തികഞ്ഞ നഷ്ടമാണ്.

www.malankaralibrary.com



### 3. എം. എ. ഫിലിപ്പോസ് (Rtd. D T O), നാലാഞ്ചിറ

"........ ഇന്നിന്റെ അനിവാര്യമായ ഒരാവശ്യമാണ് "ഓർമ്മയുടെ ചിത്രശാല". മൺമറഞ്ഞ ത്യാഗമതികളെ അനു സ്മരിക്കേണ്ടതു ധർമ്മം മാത്രമാണ്. മുൻഗാമികളെ മറക്കുന്ന ഉന്നതന്മാരുണ്ട്. ഈ നന്ദികേട്ട മററുള്ളവരുടെ മുമ്പിൽ അവരെ വിമാന്യരാക്കുന്നു. ഈ നല്ല സംരംഭത്തിനു എല്ലാ വിജയങ്ങളും നേരുന്നു".

### 4. സി. ററി. ശെമൺ, ബാംഗളൂർ

"........ ഇതിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ വ്യക്തിയെക്കുറിച്ചും സമഗ്രമായ വിവരങ്ങൾ ശേഖരിക്കാൻ നേരിട്ട ബുദ്ധിമുട്ടും ബദ്ധപ്പാടുകളും സാധാരണക്കാരുടെ കഴിവിനും അപ്പുറമുള്ളതാണ്. You have undertaken a really stupendous task for the benefit of posterity........ എനിക്കറിയാവുന്നതിൽ ഏറെ കാര്യങ്ങൾ എന്റെ പിതാവിനെ (എസ്. തോമസ് അയിരൂർ) കുറിച്ചു ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളത് അത്ഭുതാവഹമായി തോന്നുന്നു........ പുസ്തകം വളരെ നന്നായിട്ടുണ്ട്. എത്ര അനുമോദിച്ചാലും കൂടുതലല്ല"

### 5. എം. ഒ. വർഗീസ്, മേല്ലാമ്പറമ്പിൽ

"........... ഭാവി തലമുറ അറിഞ്ഞിരിക്കേണ്ട ഈ അമൂല്യനിധിക്കു സർവ്വമംഗളങ്ങളും നേരുന്നു"

വില 30 രൂ.പ

**ആവശ്യപ്പെടുക:**

ശാന്തിനിലയം,

തിരുവല്ല—689101

www.malankaralibrary.com

# "വിഹഗ വീക്ഷണം"

(ഒന്നാം ഭാഗം)

**വി. കിളിച്ചിമല**

*സാഹിത്യസുന്ദരങ്ങളായ പതിനെട്ടു അവലോകനങ്ങളുടെ സമാഹാരം.*

## ഉള്ളടക്കം


1 "വ്യാധന്റെ വലയിലേക്കോടുന്ന മൃഗം"
2 "ദ് ഹൗണ്ട ഓഫ് ഹെവ"നും "കളിയച്ഛ"നും
3 കുട്ടിക്കാലകാവ്യകേളി
4 ജൂബിലി
5 സ്ത്രീ പൗരോഹിത്യം
6 പള്ളിമണിയുടെ മധുരനാദം
7 വിടപറഞ്ഞ പിറാവ്
8 അനന്യതയുടെ ആസ്വാദനീയത
9 അന്തരംഗം ഒരുങ്ങണമോ?
10 "ശവപ്പെട്ടിയാണിന്നാദായം"
11 വിനിയോഗിക്കാത്ത മുതല്യകരം
12 "ദൂരേ നിന്നാൽ നേരറിയാമോ?"
13 കടിഞ്ഞാണിടേണ്ട ഭ്രമങ്ങരം
14 കേരള പരിമളം
15 വീണ്ടും ഹരിദ്മം
16 രോഗാർത്തതയുടെ ഊർദ്ധശ്വാസം
17 വിനാശത്തിന്റെ അവിഹിതവേഴ്ച
18 കാളിമകാളുന്ന കാലം


വില 20 രൂപ

*ആവശ്യപ്പെടുക:*

ശാന്തിനിലയം,

തിരുവല്ല—689101

www.malankaralibrary.com

# മൂന്നാം സഹസ്രാബ്ദി സ്വീകരണ കർമ്മ പദ്ധതി

## വി. കിളിച്ചിമല



പുതിയ സഹസ്രാബ്ദിയുടെ ഉദയം ആസന്നമായി. സുവിശേഷവൽക്കരണ ദശകമത്രേ ആസൂത്രിത സ്വീകരണ പദ്ധതി. സന്ദർഭത്തിനൊത്തു രൂപം പൂണ്ട അംഗീകൃത സുവിശേഷ സാക്ഷ്യം ഇവിടെ പരാമർശിതമായിരിക്കുന്നു. കർമ്മ പരിപാടിയുടെ ലക്ഷ്യം, അടിസ്ഥാനതത്ത്വം, പ്രായോഗിക പ്രവർത്തനം, യൂണിറ്റുകൾ കരുപ്പിടിപ്പിക്കുന്ന വിധം, ഇടവക നവീകരണം, മാധ്യമങ്ങൾക്കുള്ള പങ്ക് എല്ലാം വിശദീകരിച്ചിട്ടുണ്ട്. ഇടവകയെ ഉണർത്താമോ? ഇടവകയും നിസ്സംഗതയും, ഇടവകജനം മൂന്നുവിധം, ഇടവകലക്ഷ്യാധിഷ്ഠിതമാകണമെങ്കിൽ, ഇടവക ആത്മശോധന നടത്തുമോ? പ്രേഷിതപരിസ്ഥിതിയും മാധ്യമങ്ങളും -തുടങ്ങിയവ എല്ലാവരുടെയും അടിയന്തിരശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കേണ്ടതാണ്. മൂന്നാം സഹസ്രാബ്ദിയെ സ്വീകരിക്കാൻ ഒരുങ്ങുന്നവർ ആവശ്യം വായിച്ചിരിക്കേണ്ട പുസ്തകം

വിതരണം

ശാന്തിനിലയം, തിരുവല്ലാ - 689 101

വില. Rs. 20/-